published on 30-11-2015

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 378

# 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 378

# 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ

1117/2015.

# 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ

ശാസ്ത്രീയമായ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനും, അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും താമസക്കാർക്ക് മെച്ചപ്പെട്ട ശുചിത്വ നിലവാരങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ശാസ്ത്രീയമായ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനും, അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും താമസക്കാർക്ക് മെച്ചപ്പെട്ട ശുചിത്വ നിലവാരങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 സെപ്റ്റംബർ 23-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്കോമഡേഷൻ റിസർവേഷൻ" എന്നാൽ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയ ഏതെങ്കിലും പ്ലാൻ പ്രകാരം പൊതുസൗകര്യങ്ങൾക്കായി ആവശ്യമുള്ള

ഭൂമിയുടെ ഉടമസ്ഥന്, അതതു സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ വില്ലേജ് പഞ്ചായത്തിനോ, കൈമാറ്റം ചെയ്യേണ്ട അങ്ങനെയുള്ള സൗകര്യത്തിന്റെ ഭൂമിയുടെയും നിർമ്മിത സ്ഥലത്തിന്റെയും വിലയ്ക്കു പകരമായി, സൗകര്യങ്ങൾക്ക് ആവശ്യമായ സ്ഥലത്തിനു പുറമെ തറവിസ്തീർണ്ണാനുപാത പ്രകാരമുള്ള നിർമ്മിതസ്ഥലത്തിന്റെ രൂപത്തിൽ ഒരു പ്ലോട്ടിന്റെ ഉപയോഗസാധ്യതകൂടി ഉപയോഗിക്കുന്നതിനുള്ള ഒരു അനുമതി എന്നർത്ഥമാകുന്നു;

(ബി) ''സൗകര്യങ്ങൾ'' എന്നതിൽ റോഡുകൾ, തുറസ്സായ സ്ഥലങ്ങൾ, പാർക്കുകൾ, വിനോദത്തിനായുള്ള സ്ഥലങ്ങൾ, കളിസ്ഥലങ്ങൾ, ജലം, ഗ്യാസ്, വൈദ്യുതി വിതരണം, തെരുവ് വിളക്ക് കത്തിക്കൽ, അഴുക്ക് ചാൽ, ഡ്രെയിനേജ്, പൊതു സൗകര്യങ്ങൾ, മറ്റ് ഉപയോഗ്യതകൾ, സേവനങ്ങൾ, സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്;

(സി) "കെട്ടിടം" എന്നാൽ ഏതൊരു ആവശ്യത്തിലേക്കുള്ളതും ഏതൊരു വസ്തുകൊണ്ട് നിർമ്മിച്ചിട്ടുള്ളതും ആയാലും, മനുഷ്യവാസത്തിനുവേണ്ടി ഉപയോഗിച്ചാലും ഇല്ലെങ്കിലും, ഏതൊരു എടുപ്പും അതിന്റെ ഓരോ ഭാഗവും എന്നർത്ഥമാകുന്നതും അതിൽ, അടിത്തറകൾ, സ്തംഭപാദം, ഭിത്തികൾ, തറകൾ, മേൽക്കൂരകൾ, പുകക്കുഴലുകൾ, പ്ലംബിംഗ്-കെട്ടിട സേവനങ്ങൾ, വരാന്ത, ബാൽക്കണി, ചിത്രവരികൾ അല്ലെങ്കിൽ തള്ളി നിൽക്കുന്ന നിർമ്മാണങ്ങൾ, കെട്ടിടത്തിന്റെ ഭാഗം അല്ലെങ്കിൽ അതിൽ ഉറപ്പിച്ചിട്ടുള്ള ഏതൊരു വസ്തുവും അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയോ സ്ഥലമോ അടച്ചു കെട്ടുന്നതോ അടച്ചു കെട്ടുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതോ ആയ ഏതെങ്കിലും ഭിത്തി, അടയാളങ്ങൾ, പുറത്തുള്ള പ്രദർശന എടുപ്പുകൾ എന്നർത്ഥമാകുന്നു;

(ഡി) "കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ" എന്നതിൽ,—

(i) ഒരു കെട്ടിടത്തിന്റെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ നിർമ്മാണമോ പുനർനിർമ്മാണമോ;

(ii) ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ തുറസ്സായ സ്ഥലത്തിന്റെയോ മേൽക്കൂര നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ;

(iii) ഏതെങ്കിലും കെട്ടിടത്തിന് കാതലായ ഏതെങ്കിലും മാറ്റംവരുത്തലോ വലുതാക്കലോ;

(iv) ഒരു കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുവാനിടയുള്ള അങ്ങനെയുള്ള ഏതെങ്കിലും മാറ്റം വരുത്തൽ അല്ലെങ്കിൽ അതിന്റെ ഡ്രെയിനേജിനോ ശുചീകരണ ക്രമീകരണങ്ങൾക്കോ ഉള്ള മാറ്റം വരുത്തൽ,

എന്നിവ ഉൾപ്പെടുന്നതാകുന്നു;

(ഇ) ''ചീഫ് ടൗൺ പ്ലാനർ'' എന്നാൽ നഗര-ഗ്രാമാസൂത്രണ വകുപ്പിൽ, നഗര-ഗ്രാമാസൂത്രണത്തിൽ നിർണ്ണയിക്കപ്പെട്ട യോഗ്യതയുള്ള സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "നിർബന്ധിത ഏറ്റെടുക്കൽ" എന്നാൽ ഈ ആക്റ്റിൻ കീഴിലുള്ള പ്ലാനുകളിൽ നിർബന്ധിത ഏറ്റെടുക്കലിനായി മാറ്റിവയ്ക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ എന്നർത്ഥമാകുന്നു;

(ജി) "വിശദ നഗരാസൂത്രണ പദ്ധതി" എന്നാൽ ഭൂമിയുടെ ഉപയോഗവും അതിലെ വികസനവും ഏതു രീതിയിൽ നടത്തണമെന്ന് സൂചിപ്പിക്കുന്ന, ഒരു പ്രത്യേക പ്രദേശത്തിന്റെ സ്ഥലപരമായ വികസനത്തിന് വേണ്ടിയുള്ള വിശദമായ നിർദ്ദേശങ്ങൾ നൽകുന്ന, തദ്ദേശാസൂത്രണ പ്രദേശത്തിനുവേണ്ടി, മാസ്റ്റർ പ്ലാൻ ഏതെങ്കിലുമുണ്ടെങ്കിൽ അതിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, തദ്ദേശാസൂത്രണ പ്രദേശത്തിനകത്തുള്ള അങ്ങനെയുള്ള പ്രത്യേക പ്രദേശത്തിനുവേണ്ടി ആവിഷ്കരിച്ച ഒരു സമഗ്രമായ പ്ലാൻ എന്നർത്ഥമാകുന്നു;

(എച്ച്) "വികസനം" എന്നാൽ ഭൂമിയിലോ അതിൻമേലോ അതിനു മുകളിലോ അതിൻകീഴിലോ നടത്തുന്ന നിർമ്മാണം, എഞ്ചിനീയറിംഗ്, ഖനനം അല്ലെങ്കിൽ മറ്റ് പ്രവർത്തനങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും കെട്ടിടത്തിലോ ഭൂമിയിലോ ഏതെങ്കിലും ഭൂമിയുടെയോ കെട്ടിടത്തിന്റെയോ ഉപയോഗത്തിലോ വരുത്തുന്ന കാതലായ ഏതെങ്കിലും മാറ്റം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും ഭൂമിയുടെ പുനർവിഭജനം ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "ജില്ലാ ആസൂത്രണ കമ്മിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 53-ാം വകുപ്പിൻ കീഴിൽ ഒരു ജില്ലയ്ക്ക് മുഴുവനുമായി ഒരു കരട് വികസന പ്ലാൻ തയ്യാറാക്കുന്നതിനും സർക്കാർ അതിന് ഏൽപ്പിച്ചുകൊടുക്കുന്ന പ്രകാരമുള്ള അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ഒരു ജില്ലയ്ക്കുവേണ്ടി സർക്കാർ രൂപീകരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(ജെ) "എക്സിക്യൂഷൻ പ്ലാൻ" എന്നാൽ, അതതു സംഗതിപോലെ, ജില്ലയ്ക്കോ മെട്രോപൊളിറ്റൻ പ്രദേശത്തിനോ തദ്ദേശാസൂത്രണ പ്രദേശത്തിനോവേണ്ടി അഞ്ചുവർഷക്കാലയളവിലേക്കുള്ള സ്ഥലസംബന്ധമായ വികസനത്തിനുവേണ്ടിയുള്ള ലക്ഷ്യങ്ങളും നയങ്ങളും തന്ത്രങ്ങളും മുൻഗണനകളും വ്യവസ്ഥ ചെയ്തുകൊണ്ട് പ്രസ്തുത കാലയളവിലേക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഒരു പ്ലാൻ എന്നർത്ഥമാകുന്നു;

(കെ) "തറ വിസ്തീർണ്ണാനുപാതം" എന്നാൽ എല്ലാ നിലകളിലെയും ആകെ തറ വിസ്തീർണ്ണത്തെ പ്ലോട്ടിന്റെ വിസ്തീർണ്ണം കൊണ്ട് വിഭജിക്കുമ്പോൾ കിട്ടുന്ന ഹരണഫലം എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "വ്യവസായം" എന്നാൽ 1947-ലെ വ്യവസായ തർക്കങ്ങൾ ആക്റ്റിൽ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു വ്യവസായം എന്നർത്ഥമാകുന്നു;

(എൻ) "ജോയിന്റ് ആസൂത്രണ പ്രദേശം" എന്നാൽ ഈ ആക്റ്റിലെ 40-ാം വകുപ്പ് പ്രകാരം ജോയിന്റ് ആസൂത്രണ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട ഒരു പ്രദേശം എന്നർത്ഥമാകുന്നു;

(ഒ) "ലാന്റ് പൂളിംഗ്" എന്നാൽ ആസൂത്രിതമായ ഒരു രീതിയിൽ അടിസ്ഥാന സൗകര്യം നൽകി ചെറിയ ഭൂവിഭാഗങ്ങളെ കൂട്ടിച്ചേർത്ത് ഒരു വലിയ ഭൂവിഭാഗമാക്കി കൂട്ടിച്ചേർക്കുന്നതും അടിസ്ഥാനസൗകര്യങ്ങളും പൊതുസ്ഥലങ്ങളും ഏർപ്പെടുത്തിയതിന്റെ ചെലവ്, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഏതാനും ഭൂമിയുടെ വിൽപ്പനയിലൂടെയോ മറ്റുവിധത്തിലോ കുറവ് ചെയ്തതിനുശേഷം, പുനർക്രമീകരിച്ച ഭൂമി, ഉടമകൾക്ക് തിരിച്ചു കൊടുക്കുന്നതും എന്നർത്ഥമാകുന്നു;

(പി) "തദ്ദേശാസൂത്രണ പ്രദേശം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയോ ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ ഒരു ടൗൺ പഞ്ചായത്തിന്റെയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്തിന്റെയോ അധികാരപരിധിക്കു കീഴിലുള്ള പ്രദേശം എന്നർത്ഥമാകുന്നു;

(ക്യു) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം എന്നർത്ഥമാകുന്നു;

(ആർ) ''മാസ്റ്റർ പ്ലാൻ'' എന്നാൽ, അതതു സംഗതിപോലെ, ഒരു തദ്ദേശാസൂത്രണ പ്രദേശത്തിന് അതിന്റെ മുഴുവൻ പ്രദേശമോ അല്ലെങ്കിൽ അതിന്റെ ഭാഗമോ ഉൾപ്പെടുത്തിക്കൊണ്ട് അല്ലെങ്കിൽ ഒരു ജോയിന്റ് ആസൂത്രണ പ്രദേശത്തിന് വേണ്ടി, അങ്ങനെയുള്ള പ്രദേശത്തിന്റെ സ്ഥലപര വികസനത്തിനുവേണ്ടി ഭൂമിയുടെ ഉപയോഗവും അതിന്റെ വികസനവും ഏതു രീതിയിൽ നടപ്പിലാക്കണമെന്ന് സൂചിപ്പിച്ചു കൊണ്ട് ദീർഘകാല നയങ്ങളും പരിപാടികളും വിശദമായ നിർദ്ദേശങ്ങളും നൽകുന്നതും, പെർസ്പെക്റ്റീവ് പ്ലാൻ ഏതെങ്കിലും ഉണ്ടെങ്കിൽ ആയതിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് വിഭാവനം ചെയ്തിട്ടുള്ളതുമായ ഒരു സമഗ്ര പ്ലാൻ എന്നർത്ഥമാകുന്നു;

(എസ്) "മെട്രോപോളിറ്റൻ പ്രദേശം" എന്നാൽ ഭാരതത്തിന്റെ ഭരണഘടനയിലെ 243 പി അനുച്ഛേദം (സി) ഖണ്ഡപ്രകാരം ഒരു മെട്രോപോളിറ്റൻ പ്രദേശമായി ഗവർണ്ണർ വിജ്ഞാപനം ചെയ്ത ഒരു പ്രദേശം എന്നർത്ഥമാകുന്നു;

(റ്റി) "മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി" എന്നാൽ ഒരു മെട്രോപോളിറ്റൻ പ്രദേശത്തിന് മുഴുവനും വേണ്ടി ഒരു കരട് വികസന പ്ലാൻ തയ്യാറാക്കുന്നതിനും സർക്കാർ അതിന് ഏൽപ്പിച്ചു കൊടുത്തിട്ടുള്ള അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 54-ാം വകുപ്പ് പ്രകാരം ഒരു മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടി സർക്കാർ രൂപീകരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(യു) "പ്രകൃതിദുരന്ത സാധ്യതാപ്രദേശം" എന്നാൽ ഭൂകമ്പങ്ങളോ ചുഴലിക്കാറ്റോ രൂക്ഷമായ വെള്ളപ്പൊക്കമോ ജലപ്രളയമോ മണ്ണിടിച്ചിലിനുള്ള സാധ്യതയോ പ്രവണതയോ കടലെടുപ്പോ കാട്ടുതീയോ സമാനമായ ഒന്നോ അതിലധികമോ ദുരന്തങ്ങളോ, മിതമായോ വളരെ ഉയർന്ന അപകട സാധ്യതയോടുകൂടിയോ ഉണ്ടാകുവാനിടയുള്ള ഒരു പ്രദേശം എന്നർത്ഥമാകുന്നു;

(വി) "കൈവശക്കാരൻ" എന്നതിൽ,—

(i) ഭൂമിയുടെയോ കെട്ടിടത്തിന്റെയോ വാടക അല്ലെങ്കിൽ വാടകയുടെ ഒരു ഭാഗം ഉടമസ്ഥന് തത്സമയം കൊടുക്കുകയോ കൊടുക്കുവാൻ ബാധ്യസ്ഥനായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ;

(ii) തന്റെ ഭൂമിയോ കെട്ടിടമോ കൈവശം വയ്ക്കുന്നതോ മറ്റുവിധത്തിൽ ഉപയോഗപ്പെടുത്തുന്നതോ ആയ ഏതെങ്കിലും ഉടമസ്ഥൻ;

(iii) ഏതെങ്കിലും ഭൂമിയുടെയോ കെട്ടിടത്തിന്റെയോ വാടക കൊടുക്കാത്ത കുടിയാൻ;

(iv) ഏതെങ്കിലും ഭൂമിയോ കെട്ടിടമോ കൈവശം വയ്ക്കുന്ന ലൈസൻസുകാരൻ; കൂടാതെ

(v) ഏതെങ്കിലും ഭൂമിയോ കെട്ടിടമോ ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നതിന്, ഉടമസ്ഥന് ചാർജ്ജുകൾ കൊടുക്കുവാൻ ബാധ്യസ്ഥനായ ഏതെങ്കിലും ആൾ,

എന്നിവർ ഉൾപ്പെടുന്നതാകുന്നു;

(ഡബ്ള്യൂ) "പ്രവർത്തനപരമായ നിർമ്മാണം" എന്നാൽ താഴെ പറയുന്ന ഏതെങ്കിലും സേവനങ്ങളുടെ പ്രവർത്തനത്തിനോ പരിപാലനത്തിനോ വികസനത്തിനോ നടത്തിപ്പിനോ ആവശ്യമായതും താൽക്കാലികമോ സ്ഥിരമോ ആയതുമായ നിർമ്മാണം എന്നർത്ഥമാകുന്നു, അതായത്:—

(i) റെയിൽവേകൾ;

(ii) ദേശീയ ഹൈവേകൾ;

(iii) ദേശീയ ജലപാതകൾ;

(iv) പ്രമുഖ തുറമുഖങ്ങൾ;

(v) വിമാനത്താവളങ്ങളും വിമാന സങ്കേതങ്ങളും;

(vi) തപാലുകൾ, ടെലിഫോൺ, വയർലെസ്സ്, പ്രക്ഷേപണം സമാനമായ മറ്റു രൂപങ്ങളിലുള്ള വിനിമയ മാർഗ്ഗങ്ങൾ എന്നിവ;

(vii) പ്രാദേശിക വൈദ്യുതവിതരണ ശൃംഖല; കൂടാതെ

(viii) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ റോഡുകളും പാലങ്ങളും തെരുവ് ഫർണിച്ചറുകളും;

(ix) ഏതെങ്കിലും സേവനത്തിന്റെ പ്രവർത്തനമോ പരിപാലനമോ വികസനമോ നടത്തിപ്പോ സാമൂഹ്യജീവിതത്തിന് അനിവാര്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനംവഴി, സേവനമായി സർക്കാർ പ്രഖ്യാപിക്കുന്ന മറ്റേതെങ്കിലും സേവനം, എന്നാൽ അതിൽ, അതതു സംഗതിപോലെ, താമസം, വാണിജ്യം, പബ്ലിക്-സെമി പബ്ലിക്, വ്യാവസായികം, പണ്ടകശാല എന്നീ ആവശ്യങ്ങൾക്കുവേണ്ടി, ഉപയോഗിക്കുന്ന ഒരു കെട്ടിടത്തിന്റെയോ എടുപ്പിന്റെയോ പ്രതിഷ്ഠയുടെയോ അതിന്റെ ഏതെങ്കിലും കൂട്ടിച്ചേർക്കലിന്റെയോ നിർമ്മാണം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(എക്സ്) "ഉടമസ്ഥൻ" എന്നതിൽ, തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾ നിമിത്തമോ മറ്റേതെങ്കിലും ആൾക്ക് വേണ്ടിയോ മറ്റേതെങ്കിലും ആളുടെ ഗുണത്തിനു വേണ്ടിയോ മറ്റേതെങ്കിലും ആളുടെയോ ഏതെങ്കിലും മതപരമോ ധർമ്മപരമോ ആയ സ്ഥാപനങ്ങളുടെയോ, ഏജന്റായോ ട്രസ്റ്റിയായോ രക്ഷിതാവായോ, ഏതെങ്കിലും ഭൂമിയുടെ വാടകയോ പ്രീമിയമോ തത്സമയം വാങ്ങുന്നതോ വാങ്ങുവാൻ അവകാശമുള്ളതോ വാങ്ങിയിട്ടുള്ളതോ ആയ ഒരാളും അല്ലെങ്കിൽ ഭൂമി ഒരു കുടിയാന് പാട്ടത്തിനു കൊടുത്തിരുന്നുവെങ്കിൽ പാട്ടമോ പ്രീമിയമോ വാങ്ങുമായിരുന്നതോ വാങ്ങുവാൻ അവകാശമുണ്ടായിരുന്നതോ ആയ ആളും ഉൾപ്പെടുന്നതുമാകുന്നു;

(വൈ) "പെർസ്പെക്റ്റീവ് പ്ലാൻ" എന്നാൽ, അതതു സംഗതിപോലെ, സംസ്ഥാനത്തിന്റെയോ ജില്ലയുടെയോ ഒരു മെട്രോപോളിറ്റൻ പ്രദേശത്തിന്റെയോ സ്ഥലസംബന്ധമായ വികസനത്തിനു വേണ്ടിയുള്ള ലക്ഷ്യങ്ങൾ, നയങ്ങൾ, തന്ത്രങ്ങൾ, പൊതുപരിപാടികൾ എന്നിവ വ്യവസ്ഥ ചെയ്യുന്ന ഏകദേശം ഇരുപതു വർഷക്കാലയളവിലേക്കുള്ള ഒരു ദീർഘകാല പ്ലാൻ എന്നർത്ഥമാകുന്നു;

(ഇസഡ്) "പ്ലാൻ" എന്നാൽ ഒരു പ്രത്യേക പ്രദേശത്തിന്റെ സ്ഥലപര വികസനത്തിനുവേണ്ടി, അതിലെ ഭൂമിയുടെ ഉപയോഗവും അതിലുള്ള വികസനവും ഏതു രീതിയിൽ നടത്തണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ദീർഘകാലനയങ്ങളും പരിപാടികളും വിശദമായ നിർദ്ദേശങ്ങളും വ്യവസ്ഥചെയ്യുന്ന ഒരു സമഗ്രരേഖ എന്നർത്ഥമാകുന്നതും, അതിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, അതിനെ പിൻതാങ്ങുന്ന ഭൂപടങ്ങളും റിപ്പോർട്ടുകളും കൂടി അടങ്ങിയിരിക്കേണ്ടതും, ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അതിൽ ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയിട്ടുള്ള സംസ്ഥാനത്തിനുവേണ്ടിയുള്ള ഒരു പെർസ്പെക്റ്റീവ് പ്ലാനും ഒരു ജില്ലയ്ക്ക് വേണ്ടിയുള്ള ഒരു പെർസ്പെക്റ്റീവ് പ്ലാനും ഒരു മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള ഒരു പെർസ്പെക്റ്റീവ് പ്ലാനും ഒരു തദ്ദേശ ആസൂത്രണപ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള മാസ്റ്റർ പ്ലാനും, ഒരു ജോയിന്റ് ആസൂത്രണപ്രദേശത്തിനുവേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാനും, ഒരു തദ്ദേശ ആസൂത്രണപ്രദേശത്തിനുള്ളിലെ ഏതെങ്കിലും പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള ഒരു വിശദ നഗരാസൂത്രണപദ്ധതിയും ഉൾപ്പെടുന്നതുമാകുന്നു;

(എഎ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എബി) "വാസഗൃഹം" എന്നാൽ മനുഷ്യവാസത്തിനുള്ള ഏതെങ്കിലും കെട്ടിടമോ അനുബന്ധഭൂമിയോ അതിന്റെ ഭാഗമോ എന്നർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള കെട്ടിടത്തിന് അനുബന്ധമായ പൂന്തോട്ടങ്ങളും മൈതാനങ്ങളും ഗ്യാരേജുകളും ലായങ്ങളും കൂട്ടുപുരകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയും ഉൾപ്പെടുന്നതുമാകുന്നു;

(എസി) "സ്ഥലപര ആസൂത്രണം" എന്നാൽ സമൂഹത്തിന്റെ വികസനപരവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവും ആവാസവ്യവസ്ഥയെ സംബന്ധിച്ചുമുള്ള നയങ്ങൾക്ക് ഭൂമിശാസ്ത്രപരമായ ആവിഷ്കാരം നൽകുന്ന, നഗര-ഗ്രാമപ്രദേശങ്ങളുടെ സുസ്ഥിരവും സർവ്വതോമുഖവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള, ഒരു സമഗ്രനയത്തിന് അനുസൃതമായി സ്ഥലത്തിന്റെ ഭൗതികഘടനയ്ക്ക് രൂപം നൽകുന്നതിനുവേണ്ടി സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണത്തിനായി സ്വീകരിക്കപ്പെട്ട സമഗ്രസമീപനത്തോടെയുള്ള ഒരു ശാസ്ത്രവിഷയം എന്നർത്ഥമാകുന്നു;

(എഡി) "കൈമാറ്റം ചെയ്യപ്പെടാവുന്ന വികസന അവകാശം" എന്നാൽ അതതു സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലിനോ, ടൗൺ പഞ്ചായത്തിനോ, ഗ്രാമപഞ്ചായത്തിനോ, എല്ലാവിധ ബാധ്യതകളിൽ നിന്നും വിമുക്തമാക്കി, ബന്ധപ്പെട്ട പ്ലോട്ട് വിട്ടുകൊടുത്തതിനുള്ള നഷ്ടപരിഹാരത്തിനു പകരമായി, നിലവിലെ സ്ഥാനത്തു നിന്നും, പ്ലാനിലെ നിശ്ചിത സ്ഥലത്തേക്ക്, ഉടമയ്ക്ക് സ്വന്തമായോ, അല്ലെങ്കിൽ അയാളാൽ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നതു വഴിയോ, അനുവദനീയമായ പരിധിക്കുപരിയായുള്ള നിർമ്മിത സ്ഥലമായി വിനിയോഗിക്കുന്നതിനുവേണ്ടി, ആ പ്ലോട്ടിന് അനുവദിക്കപ്പെടാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള ആകെ അനുവദനീയമായ നിർമ്മിതസ്ഥലം എന്ന രീതിയിൽ പ്രകടിപ്പിക്കാവുന്ന, ഈ ആക്റ്റിൻ കീഴിലുള്ള ഒരു പ്ലാനിൽ, പൊതു ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ള പ്രസ്തുത പ്ലോട്ടിന്റെ ഉപയോഗസാദ്ധ്യത കൈമാറ്റം ചെയ്യുന്നതിനുള്ള വികസനാവകാശം എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡും സംസ്ഥാനത്തിനു വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനും

3. സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ രൂപീകരണം.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്രവേഗം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡ് (ഇതിനുശേഷം ബോർഡ് എന്ന് പരാമർശിക്കപ്പെടുന്നതാണ്), ഈ ആക്റ്റിൻ കീഴിൽ അതിന് നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, രൂപീകരിക്കുകയും നിയമിക്കുകയും ചെയ്യാവുന്നതാണ്.

(2) ബോർഡ്, ഒരു ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ വൈസ് ചെയർപേഴ്സൺമാർ. (4)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം മറ്റ് ഇരുപത്തി ഒൻപത് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്.

(3) സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി, ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും സംസ്ഥാനത്തിന്റെ നഗര-ഗ്രാമാസൂത്രണത്തിന്റെയോ മുനിസിപ്പാലിറ്റികളുടെയോ പഞ്ചായത്തുകളുടെയോ ഗ്രാമവികസനത്തിന്റെയും ആസൂത്രണത്തിന്റെയുമോ ചുമതലയുള്ള മന്ത്രിയോ മന്ത്രിമാരോ വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ വൈസ് ചെയർപേഴ്സൺമാർ ആയിരിക്കേണ്ടതുമാണ്.

(4) ബോർഡിലെ മറ്റ് അംഗങ്ങൾ താഴെ പറയുന്നവർ ആയിരിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സൺ;

(ബി) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(സി) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്ത പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ധനകാര്യ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

(ഇ) ചീഫ് ടൗൺ പ്ലാനർ;

(എഫ്) ലാന്റ് റവന്യൂ കമ്മീഷണർ;

(ജി) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്;

(എച്ച്) ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്;

(ഐ) കേരള വനം-വന്യജീവി വകുപ്പിന്റെ തലവൻ;

(ജെ) കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ചെയർപേഴ്സൺ;

(കെ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർപേഴ്സൺ;

(എൽ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ;

(എം) സർക്കാർ നാമനിർദ്ദേശം ചെയ്ത പ്രകാരമുള്ള രണ്ട് പാർലമെന്റ് അംഗങ്ങൾ;

(എൻ) സർക്കാർ നാമനിർദ്ദേശം ചെയ്തപ്രകാരമുള്ള സംസ്ഥാന നിയമസഭയിലെ രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ സംസ്ഥാന നിയമസഭയുടെ പ്രതിപക്ഷനേതാവ് ആയിരിക്കേണ്ടതാണ്;

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്തപ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റികളുടെയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളുടെയും/ജില്ലാ ആസൂത്രണ കമ്മിറ്റികളുടെയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളുടെയോ രണ്ട് ചെയർപേഴ്സൺമാർ;

(പി) മുനിസിപ്പൽ കോർപ്പറേഷനുകളുടെ ചേംബർ ഓഫ് മേയേഴ്സിന്റെ ചെയർപേഴ്സൺ;

(ക്യു) മുനിസിപ്പൽ കൗൺസിലുകളുടെ ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസിന്റെ ചെയർപേഴ്സൺ;

(ആർ) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ്; കൂടാതെ

(എസ്) സർക്കാർ നാമനിർദ്ദേശം ചെയ്തപ്രകാരമുള്ള മൂന്ന് അനൗദ്യോഗിക അംഗങ്ങൾ. അവരിൽ ഒരാൾ നഗര-ഗ്രാമാസൂത്രണത്തിൽ വൈദഗ്ദ്ധ്യവും യോഗ്യതയും ഉള്ളയാളും. രണ്ടാളുകൾ, സർക്കാരിന്റെ അഭിപ്രായത്തിൽ, ഗതാഗതം, കൃഷി അല്ലെങ്കിൽ സാമ്പത്തികശാസ്ത്രം സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവരും ആയിരിക്കേണ്ടതാണ്;

(5) സംസ്ഥാനത്തിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ബോർഡിന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറിയും ചീഫ് ടൗൺ പ്ലാനർ ജോയിന്റ് സെക്രട്ടറിയും ആയിരിക്കേണ്ടതാണ്;

(6) ബോർഡിന്റെ യോഗങ്ങളിൽ താഴെ പറയുന്ന ആളുകളെ, പ്രത്യേക ക്ഷണിതാക്കളായി, ആ യോഗങ്ങളിൽ അവരുടെ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോഴൊക്കെ, ക്ഷണിക്കാവുന്നതാണ്, അതായത്:—

(എ) റെയിൽവേ, സിവിൽ ഏവിയേഷൻ, ഷിപ്പിംഗ്, പ്രതിരോധം, ഗതാഗതവും വാർത്താവിനിമയവും, പരിസ്ഥിതി, നഗരവികസനം, ഗ്രാമവികസനം മുതലായവയുടെ ചുമതലയുള്ള കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളുടെ പ്രതിനിധികൾ;

(ബി) (4)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചവയൊഴികെയുള്ള സർക്കാർ വകുപ്പുകളുടെ സെക്രട്ടറിമാർ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ്, ഇന്ത്യ, കേരള റീജിയണൽ ചാപ്റ്ററിന്റെ ചെയർപേഴ്സൺ; കൂടാതെ

(ഡി) ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയും വികസന അതോറിറ്റിയുടെയും ചെയർപേഴ്സൺമാർ.

4. <u>ബോർഡിന്റെ അധികാരങ്ങളും ചുമതലകളും</u>.—ബോർഡ്,—

(എ) സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥലപരആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കേണ്ടതും;

(ബി) ജില്ലാ ആസൂത്രണ കമ്മിറ്റികൾക്കും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്കും അവരുടെ ബന്ധപ്പെട്ട പ്രദേശങ്ങളുടെ സ്ഥലപരാസൂത്രണവും വികസനവും സംബന്ധിച്ച കാര്യങ്ങളിന്മേൽ മാർഗ്ഗനിർദ്ദേശം നൽകുകയും ഉപദേശം നൽകുകയും ചെയ്യേണ്ടതും;

(സി) ഈ ആക്റ്റ് പ്രകാരമുള്ള, സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനുമായും മറ്റു പ്ലാനുകളുമായും ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലപരാസൂത്രണവും വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക;

(ഡി) ഈ ആക്റ്റിൻ കീഴിൽ സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക;

(ഇ) സംസ്ഥാനത്തിനുള്ളിലെ ഒന്നിൽ കൂടുതൽ ജില്ലകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൻമേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്തിനുവേണ്ടി പ്ലാനുകൾ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക;

(എഫ്) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളും വികസന അതോറിറ്റികളും അയച്ചുകൊടുത്തിട്ടുള്ള സംയോജിത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പ്ലാനുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ- ഭൗതികനേട്ടങ്ങൾ വിലയിരുത്തുകയും പുനരവലോകനം ചെയ്യുകയും അതിൻമേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(ജി) സർക്കാരിന്,—

(i) ജില്ലകൾക്കിടയിലെ സ്ഥലപരആസൂത്രണവും വികസനം, വിഭവവിനിയോഗം, അടിസ്ഥാനസൗകര്യവികസനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ പരിഹരിക്കുന്നതിനും;

(ii) സംസ്ഥാനത്തിന്റെ വികസനരംഗത്ത് കാര്യമായ സ്വാധീനം ഉണ്ടാക്കുവാനിടയുള്ള പ്രധാന നിക്ഷേപസ്രോതസ്സുകളുടെ സാദ്ധ്യമായ സ്ഥാനം കണ്ടെത്തുന്നതിനും,

ഉപദേശം നൽകേണ്ടതും;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും,

ആണ്.

5. ബോർഡ് രൂപീകരിക്കേണ്ട കമ്മിറ്റികൾ.—(1) ബോർഡിന്, അതിന്റെ ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ അത് പ്രത്യേകം പറയാവുന്ന അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിലോ സഹായിക്കുന്ന ആവശ്യത്തിലേക്കായി, ഒന്നോ അതിലധികമോ കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഏതെങ്കിലും കമ്മിറ്റി, ബോർഡ് പ്രത്യേകം പറയാവുന്ന അങ്ങനെയുള്ള അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കേണ്ടതും അതിൽ ചീഫ് ടൗൺ പ്ലാനറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കേണ്ടതുമാണ്.

(3) ബോർഡിന്, അതിലെ അംഗമല്ലാത്തതും അത് ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ളതുമായ ഏതെങ്കിലും ആളെ, (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന ഏതെങ്കിലും കമ്മിറ്റിയിലെ ഒരു അംഗമായി ഉൾപ്പെടുത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

6. ബോർഡിന്റെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവനം സംബന്ധിച്ച നിബന്ധനകളും.—(1) ബോർഡിന്റെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവനം സംബന്ധിച്ച നിബന്ധനകളും നൽകേണ്ടതായ ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന ബോർഡിലെ ഒരു അനൗദ്യോഗിക അംഗത്തിന്, സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട് ബോർഡിലെ അംഗത്വം രാജിവയ്ക്കാവുന്നതും സർക്കാർ അങ്ങനെയുള്ള രാജി സ്വീകരിക്കുന്നതിൻമേൽ അയാൾ ബോർഡിലെ അംഗമല്ലാതായിത്തീരുന്നതുമാണ്. സർക്കാരിന്, 95-ാം വകുപ്പിൽ പ്രതിപാദിക്കുന്ന നടപടിക്രമം അനുവർത്തിച്ചുകൊണ്ട്, ഒരു അനൗദ്യോഗിക അംഗത്തെ ഔദ്യോഗികസ്ഥാനത്ത് നിന്നും നീക്കം ചെയ്യാവുന്നതാണ്.

7. ബോർഡിന്റെ യോഗങ്ങൾ.—(1) ബോർഡ്, ഒരു കലണ്ടർ വർഷത്തിൽ, രണ്ട് പ്രാവശ്യത്തിൽ കുറയാതെ, അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും യോഗത്തിന്റെ ക്വാറം ഉൾപ്പെടെ അങ്ങനെയുള്ള യോഗങ്ങളിലെ അതിന്റെ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

(2) ചെയർപേഴ്സണോ ചെയർപേഴ്സന്റെ അഭാവത്തിൽ വൈസ് ചെയർപേഴ്സൺമാരിൽ ഒരാളോ അവരുടെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏതെങ്കിലും അംഗമോ ബോർഡിന്റെ യോഗത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്.

8. സംസ്ഥാനത്തിന് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾ.—സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ ഏകദേശം ഇരുപത് വർഷക്കാലയളവിലേക്കുള്ള സ്ഥലസംബന്ധമായ വികസനത്തിനായുള്ള ദീർഘകാല നയങ്ങളും തന്ത്രങ്ങളും അടങ്ങിയതായിരിക്കേണ്ടതും അത്,

മറ്റുള്ളവയ്ക്കൊപ്പം, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുമാണ്, അതായത്:—

(എ) ഭൗതികവും പ്രകൃതിദത്തവുമായ വിഭവ ഉപയോഗസാദ്ധ്യതകളും അവയുടെ വിനിയോഗവും;

(ബി) നഗരവത്കരണം, ജനസാഖ്യാ അപഗ്രഥനം, നഗര-ഗ്രാമപ്രദേശങ്ങളിലെ അധിവാസ കേന്ദ്രങ്ങളുടെ, അവയുടെ ക്രമനിഷ്ഠയോടും പ്രവർത്തന സ്വഭാവത്തോടും കൂടിയ ഘടന;

(സി) ദേശീയ-സംസ്ഥാന തലത്തിലുള്ള ഗതാഗത ശൃംഖല;

(ഡി) അടിസ്ഥാന സൗകര്യ വികസനം;

(ഇ) സാമാന്യ ഭൂവിനിയോഗം;

(എഫ്) പ്രകൃതിദുരന്ത സാധ്യതാ പ്രദേശങ്ങൾ;

(ജി) പാരിസ്ഥിതികമായും ആവാസവ്യവസ്ഥാപരമായും ദുർബ്ബലമായ പ്രദേശങ്ങളുടെ സംരക്ഷണം;

(എച്ച്) ദേശീയ-സംസ്ഥാന തലത്തിലുള്ള പൈതൃകസമ്പത്ത് പ്രദേശങ്ങളുടെ സംരക്ഷണം;

(ഐ) താഴെ പറയുന്ന മേഖലകളുടെ സ്ഥലപരമായ പരിണാമങ്ങൾ അതായത്:—

(i) വ്യാപാര, വാണിജ്യ, വ്യവസായ വികസനം;

(ii) കൃഷിയും ഗ്രാമവികസനവും;

(iii) ഔപചാരികവും അനൗപചാരികവുമായ മേഖലകളിൽ ദാരിദ്ര്യ നിർമ്മാർജ്ജനവും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതും;

(ജെ) പ്ലാൻ നടപ്പാക്കലിനായുള്ള ധനവിഭവ സംഭരണം.

(കെ) സംസ്ഥാനത്തിന്റെ ആസൂത്രിത വികസനം ഉറപ്പാക്കുന്നതിന് ആവശ്യമെന്നു കരുതാവുന്നതും സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ളതുമായ മറ്റേതെങ്കിലും വിവരങ്ങളും വിശദാംശങ്ങളും;

(എൽ) സംസ്ഥാനത്തിനുവേണ്ടിയുള്ള വികസന വീക്ഷണം; കൂടാതെ

(എം) വികസന തന്ത്രങ്ങളും നയങ്ങളും.

9. സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.—(1) ബോർഡ്, ചീഫ് ടൗൺ പ്ലാനറുടെ ഉപദേശത്തോടുകൂടിയും ജില്ലാ ആസൂത്രണ കമ്മിറ്റികളുമായും, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയുമായും

ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ ഏജൻസികൾ എന്നിവയുമായും കൂടിയാലോചിച്ചും ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയ പ്ലാനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ പരിഗണിച്ചും ബോർഡ് രൂപീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷത്തിനകം സംസ്ഥാനത്തിന് വേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(2) സന്തുലിതമായ സ്ഥലപരമായ വികസനം കൈവരിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന് വേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കേണ്ടതും കഴിയുന്നതും സംസ്ഥാന പഞ്ചവത്സരപദ്ധതികളുമായി ചേർന്നുപോകത്തക്കവിധം അഞ്ചുവർഷക്കാലയളവുകളിൽ പ്ലാൻ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങൾ വ്യക്തമാക്കേണ്ടതുമാണ്.

(3) സംസ്ഥാനത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ ബോർഡിന്റെ സാങ്കേതിക സെക്രട്ടറിയേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും സംസ്ഥാനത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാനിന്റെ പകർപ്പ് പരിശോധിക്കാവുന്ന സ്ഥലമോ സ്ഥലങ്ങളോ പ്രത്യേകം പറഞ്ഞുകൊണ്ടും ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ നൂറ്റിഎൺപത് ദിവസക്കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതായ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഔദ്യോഗിക ഗസറ്റിലും സംസ്ഥാനത്ത് വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശികഭാഷയിലുള്ളതായിരിക്കേണ്ടതാണ്) വിജ്ഞാപനം ചെയ്യേണ്ടതുമാണ്. ബോർഡ്, സംസ്ഥാനത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാനിന്റെ ഒരു പകർപ്പ് ജില്ലാ ആസൂത്രണ കമ്മിറ്റികൾക്കും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്കും അയച്ചു കൊടുക്കേണ്ടതും അവർ അതിന്റെ പ്രസക്തഭാഗങ്ങൾ അവരുടെ അധികാരപരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതുമാണ്.

(4) ബോർഡ് അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും ആവശ്യമെങ്കിൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി മുതൽ അറുപത് ദിവസത്തിനുള്ളിൽ സംസ്ഥാനത്തിന് വേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ പരിഷ്കരിക്കേണ്ടതും ബോർഡ് അംഗീകരിച്ച പ്രകാരമുള്ള സംസ്ഥാനത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ സർക്കാരിന് അനുമതിക്കായി അയച്ചു കൊടുക്കേണ്ടതുമാണ്.

(5) സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന്റെ കരട് സർക്കാർ പരിഗണിക്കേണ്ടതും അത് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ അതിന് അനുമതി നൽകേണ്ടതും സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത, അതിന്റെ പകർപ്പ് പരിശോധനയ്ക്കും വിൽപ്പനയ്ക്കും ലഭ്യമാകുന്ന

സ്ഥലമോ സ്ഥലങ്ങളോ വ്യക്തമാക്കിക്കൊണ്ട് ബോർഡിന്റെ സാങ്കേതിക സെക്രട്ടറിയേറ്റിലെ നോട്ടീസ് ബോർഡിലും ഔദ്യോഗിക ഗസറ്റിലും സംസ്ഥാനത്ത് വിപുല പ്രചാരമുള്ള കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(6) മുകളിലെ (3), (4), (5) എന്നീ ഉപവകുപ്പുകളിൽ നിർണ്ണയിച്ചിട്ടുള്ള സമയപരിധി ആറുമാസത്തിൽ കവിയാതെയുള്ള കാലയളവ് വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

10. നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ഉദ്യോഗസ്ഥരും സ്റ്റാഫും.—(1) നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുന്നതിനായി ചീഫ് ടൗൺ പ്ലാനർ വകുപ്പ് മേധാവിയായി നഗര-ഗ്രാമാസൂത്രണ വകുപ്പ് എന്നൊരു വകുപ്പ് ഉണ്ടായിരിക്കുന്നതാണ്.

(2) സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സേവന നിബന്ധനകളോടും ഉപാധികളോടും കൂടി അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും സ്റ്റാഫിനെയും നഗര-ഗ്രാമാസൂത്രണ വകുപ്പിൽ നിയമിക്കേണ്ടതും ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ് ബോർഡിന്റെ സാങ്കേതിക സെക്രട്ടേറിയറ്റ് ആയി പ്രവർത്തിക്കേണ്ടതുമാണ്.

11. ചീഫ് ടൗൺ പ്ലാനറുടെ ചുമതലകൾ.—ചീഫ് ടൗൺ പ്ലാനറുടെ കർത്തവ്യങ്ങളിലും ചുമതലകളിലും താഴെ പറയുന്നവ ഉൾപ്പെടുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളിലെ സ്ഥലപരമായ വികസനം സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നതിൽ സർക്കാരിനെ ഉപദേശിക്കുകയും സാങ്കേതിക സഹായം നൽകുകയും;

(ബി) 4-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം ബോർഡിനെ ഏൽപ്പിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിന് ബോർഡിന് ഉപദേശം നൽകുകയും സാങ്കേതികസഹായം നൽകുകയും ചെയ്യുക;

(സി) ജില്ലാ ആസൂത്രണ കമ്മിറ്റികൾക്കും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾക്കും വികസന അതോറിറ്റികൾക്കും ജോയിന്റ് ആസൂത്രണ കമ്മിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും ടൗൺ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഈ ആക്റ്റ് പ്രകാരം അവർക്ക് നൽകപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉപദേശവും സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുക;

(ഡി) ഈ ആക്റ്റ് പ്രകാരം തയ്യാറാക്കപ്പെട്ട വിവിധ പ്ലാനുകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനായി സർക്കാരിന് ഉപദേശവും സാങ്കേതിക സഹായവും നൽകുക;

(ഇ) ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, അതത് സംഗതിപോലെ, വീഴ്ച വരുത്തുന്ന സന്ദർഭത്തിൽ സർക്കാർ അപ്രകാരം നിർദ്ദേശം നൽകുകയാണെങ്കിൽ മാസ്റ്റർ പ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക:

എന്നാൽ ബന്ധപ്പെട്ട ജോയിന്റ് ആസൂത്രണ കമ്മിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അപ്രകാരം തയ്യാറാക്കിയ പ്ലാൻ പ്രസിദ്ധീകരിക്കേണ്ടതും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമത്തിനനുസരിച്ച് ആയത് അംഗീകരിപ്പിക്കേണ്ടതും അങ്ങനെയുള്ള പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ അവർ വഹിക്കേണ്ടതുമാണ്;

(എഫ്) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളുടെ സ്ഥലപരആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട്, ഇൻ-ഹൗസ് സൗകര്യവും ഔട്ട്സോഴ്സിംഗും വഴി അല്ലെങ്കിൽ ഇൻ-ഹൗസ് സൗകര്യമോ ഔട്ട്സോഴ്സിംഗോ വഴി, നയങ്ങളും തന്ത്രങ്ങളും മാനദണ്ഡങ്ങളും നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും റെഗുലേഷനുകളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കുന്നതിനായി ആവശ്യമായ ഗവേഷണവിവരങ്ങളും മറ്റ് പഠനങ്ങളും ഏർപ്പെടുത്തുകയോ സംഘടിപ്പിക്കുകയോ ചെയ്യുക;

(ജി) സ്ഥലപരാസൂത്രണവുമായി ബന്ധപ്പെട്ട് മാനവവിഭവശേഷി പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(എച്ച്) ആക്റ്റിന്റെ XII-ാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കേരള അർബൻ ആർട്ട് കമ്മീഷന്റെ സാങ്കേതിക സെക്രട്ടറിയേറ്റായുള്ള ചുമതലകൾ നിർവ്വഹിക്കുക; കൂടാതെ

(ഐ) സ്ഥലപരാസൂത്രണവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്നതും സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കാവുന്നതുമായ മറ്റേതെങ്കിലും ചുമതല നിർവ്വഹിക്കുക.

## അദ്ധ്യായം III

## ജില്ലാ ആസൂത്രണ കമ്മിറ്റിയും ജില്ലയ്ക്കുവേണ്ടിയുള്ള പ്ലാനുകളും

12. ജില്ലാ ആസൂത്രണ പ്രദേശം.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സംസ്ഥാനത്തിലെ ഒരു ജില്ലയുടെ പ്രദേശത്തെ ജില്ലാ ആസൂത്രണ പ്രദേശമായി കരുതപ്പെടേണ്ടതാണ്.

13. ജില്ലാ ആസൂത്രണ കമ്മിറ്റികളും ജില്ലയ്ക്കുവേണ്ടിയുള്ള പ്ലാനുകളും.—(1) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 53-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച ജില്ലാ ആസൂത്രണകമ്മിറ്റി, അതിന്റെ (10)-ാം ഉപവകുപ്പ് പ്രകാരം ഒരു ദീർഘകാല പെർസ്പെക്റ്റീവ് പ്ലാനും അഞ്ചുവർഷ എക്സിക്യൂഷൻ പ്ലാനുകളും

അടങ്ങിയ, ജില്ലയ്ക്ക് മുഴുവനും വേണ്ടിയുള്ള, വികസന പ്ലാൻ തയ്യാറാക്കേണ്ടതും ഈ ആക്റ്റ് പ്രകാരം അതിന് നൽകപ്പെട്ടിട്ടുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(2) സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ആഫീസ്, ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ സ്ഥലപര ആസൂത്രണവിഭാഗമായി പ്രവർത്തിക്കേണ്ടതുമാണ്.

14. <u>ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും</u>.--(1) ജില്ലാ ആസൂത്രണ കമ്മിറ്റി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ജില്ലയിലെ നഗര-ഗ്രാമ ഭൂമിയുടെ ആസൂത്രണവും വികസനവും ഉപയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വികസനലക്ഷ്യങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും നയങ്ങളും മുൻഗണനകളും ആവിഷ്ക്കരിക്കേണ്ടതും, സർക്കാരും ഭാരത സർക്കാരും രൂപപ്പെടുത്തിയിട്ടുള്ള സർവ്വതോന്മുഖ ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും, ബന്ധപ്പെട്ട ജില്ലയ്ക്ക് പ്രസക്തമായിട്ടുള്ള, ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള, എല്ലാ പ്ലാനുകൾക്കും, ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ പൊതുതാല്പര്യമുള്ള കാര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്ര വികസനം, പരിസ്ഥിതിസംരക്ഷണം, സ്ഥലപര വികസനം എന്നിവയ്ക്കും യഥാവിധി പരിഗണന നൽകേണ്ടതുമാണ്.

(2) ജില്ലാ ആസൂത്രണ കമ്മിറ്റി,—

(എ) ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനും ജില്ലയിലെ മറ്റ് സർക്കാർ വകുപ്പുകളും ഏജൻസികളുമായി കൂടിയാലോചിച്ച്,

(i) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള പ്ലാനുകൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും ആ ജില്ലയ്ക്ക് പ്രസക്തമായ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും പ്ലാനുകളും കണക്കിലെടുത്തുകൊണ്ട് ജില്ലയ്ക്കുവേണ്ടി ഒരു പെർസ്പെക്റ്റീവ് പ്ലാനും;

(ii) (i)-ാം ഉപഖണ്ഡപ്രകാരം തയ്യാറാക്കപ്പെട്ട പെർസ്പെക്റ്റീവ് പ്ലാനും ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും പ്ലാനുകളും കണക്കിലെടുത്തു കൊണ്ട് എക്സിക്യൂഷൻ പ്ലാനുകളും,

തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതാണ്.

(ബി) ആവശ്യമെന്ന് കരുതുന്നുവെങ്കിൽ ജില്ലയ്ക്ക് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിൽ സർക്കാരിതരസ്ഥാപനങ്ങളുമായും സംഘടനകളുമായും പ്രൊഫഷണൽ നികായങ്ങളുമായും കൂടിയാലോചിക്കേണ്ടതാണ്;

(സി) ഈ ആക്റ്റ് പ്രകാരം, തയ്യാറാക്കപ്പെട്ട പ്ലാനുകളുമായി ബന്ധപ്പെട്ട് ജില്ലയ്ക്കുള്ളിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അർദ്ധസർക്കാർ ഏജൻസികളും നടത്തിയ നിക്ഷേപങ്ങളുടെ ഭൗതികനേട്ടങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും ബോർഡിന് ഒരു സംയോജിത റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്;

(ഡി) ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകളുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകൾക്കും അർദ്ധസർക്കാർ ഏജൻസികൾക്കുമിടയിൽ ജില്ലയ്ക്കുള്ളിലും മറ്റുവിധത്തിലും ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടതാണ്;

(ഇ) ജില്ലാതല അടിസ്ഥാനസൗകര്യത്തിന്റെ സമഗ്ര വികസനത്തിനുള്ള നയങ്ങൾ രൂപീകരിക്കുകയും പദ്ധതികൾ കണ്ടെത്തുകയും പൊതു-സ്വകാര്യ അല്ലെങ്കിൽ സംയുക്ത മേഖലാ പങ്കാളിത്തം വഴിയും മറ്റു വിധത്തിലും അല്ലെങ്കിൽ പൊതു-സ്വകാര്യ അല്ലെങ്കിൽ സംയുക്ത മേഖലാ പങ്കാളിത്തം വഴിയോ മറ്റു വിധത്തിലോ അവ നടപ്പിലാക്കുന്നത് സുഗമമാക്കുകയും ചെയ്യുക;

(എഫ്) ജില്ലയുടെയോ സംസ്ഥാനത്തിന്റെയോ വികസന രംഗത്ത് കാര്യമായ സ്വാധീനമുണ്ടാക്കുവാനിടയുള്ള പ്രധാന മുതൽമുടക്കുകൾ നടത്തുന്നതിന് സാധ്യമായ സ്ഥാനങ്ങൾ കണ്ടെത്തുന്നതിൻമേൽ സർക്കാരിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉപദേശിക്കേണ്ടതാണ്;

(ജി) താഴെ പറയുന്നവയിൻമേൽ തർക്കങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ പരിഹരിക്കുക, അതായത്:—

(i) നഗരകേന്ദ്രങ്ങളുടെ പ്രാന്തപ്രദേശങ്ങളുടെ വികസനം സംബന്ധിച്ച പ്രശ്നങ്ങൾ;

(ii) ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിലെ ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങൾ പങ്കിടുന്നത്;

(iii) മലിനജലവും ഖരമാലിന്യവും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ;

(iv) ആസൂത്രണത്തിലും വികസനത്തിലും ഉൾപ്പെട്ടിട്ടുള്ള വിവിധ ഏജൻസികളുടെ പൊരുത്തപ്പെടാത്ത പ്രവർത്തനങ്ങൾ; കൂടാതെ

(v) ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ പ്രവർത്തനപരിധിയിൽ വരുന്ന മറ്റേതെങ്കിലും പ്രശ്നം;

(എച്ച്) ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിറവേറ്റുന്നതിന്റെ ആവശ്യങ്ങൾക്കായി ഉപയുക്തവും ആനുഷംഗികവും അല്ലെങ്കിൽ അനുബന്ധവുമായതും ആവശ്യമായേക്കാവുന്നതും അനന്തരഫലമായുള്ളതുമായ മറ്റേതെങ്കിലും ചുമതല നിർവ്വഹിക്കുക.

(3) ജില്ലാ ആസൂത്രണ കമ്മിറ്റിയെ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതും അതിന്റെ അങ്ങനെയുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും സഹായിക്കുന്നതിനായി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ഒന്നോ അതിലധികമോ പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്:

എന്നാൽ, ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും തയ്യാറാക്കുന്നതിൽ പ്രത്യേക കമ്മിറ്റികൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനായി വിവിധ മേഖലകൾക്കുവേണ്ടി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

15. <u>ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനും പെർസ്പെക്റ്റീവ് പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളും.</u>- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 53-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള ജില്ലാ ആസൂത്രണ കമ്മിറ്റി, ജില്ലയ്ക്ക് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കേണ്ടതും ആയത് ഏകദേശം ഇരുപത് വർഷത്തെ പ്ലാൻ കാലയളവിലേക്കുള്ള സ്ഥലസംബന്ധമായ വികസനത്തിനുള്ള ദീർഘകാല നയങ്ങളും തന്ത്രങ്ങളും അടങ്ങിയതായിരിക്കേണ്ടതും അത്, മറ്റുള്ളവയ്ക്കൊപ്പം, താഴെ പറയുന്ന എല്ലാ കാര്യങ്ങളുമോ ഏതാനും കാര്യങ്ങളോ കൈകാര്യം ചെയ്യേണ്ടതുമാണ്, അതായത്:—

(എ) ഭൗതികവും പ്രകൃതിദത്തവുമായ വിഭവ ഉപയോഗസാധ്യതകളും അവയുടെ വിനിയോഗവും;

(ബി) ജനസംഖ്യാപഗ്രഥനവും നഗര-ഗ്രാമകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അധിവാസ മാതൃകയും അവയുടെ ക്രമനിഷ്ഠയും പ്രവർത്തന വൈദഗ്ദ്ധ്യവും;

(സി) ജില്ലാതല ഗതാഗത സംവിധാനം;

(ഡി) സാമാന്യഭൂവിനിയോഗ മാതൃക;

(ഇ) ഭവനനിർമ്മാണ-അഭയകേന്ദ്ര വികസനം;

(എഫ്) പരിസ്ഥിതി, വനം, പരിസ്ഥിതിലോല പ്രദേശങ്ങൾ, പൈതൃകസമ്പത്ത് മേഖലകൾ എന്നിവയുടെ സംരക്ഷണം;

(ജി) ജലം, ഊർജ്ജം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, ആശയവിനിമയവും, മറ്റു പ്രയോജനങ്ങളും, സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര അടിസ്ഥാന സൗകര്യ വികസനം;

(എച്ച്) ഗോത്രവർഗ്ഗപ്രദേശങ്ങൾ, തീരദേശപ്രദേശങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾ, പുതിയ പട്ടണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രദേശങ്ങൾ മുതലായ പ്രത്യേക പ്രദേശങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവയുടെ വികസനം;

(ഐ) പ്രകൃതിദുരന്ത സാധ്യതയേറിയ പ്രദേശങ്ങൾ;

(ജെ) വിവിധ മേഖലകളുടെ വികസനം, അതായത്:—

(i) കൃഷിയും ഗ്രാമവികസനവും;

(ii) വ്യാപാരം, വാണിജ്യം, വ്യവസായങ്ങൾ;

(iii) മനുഷ്യവിഭവശേഷി;

(കെ) പ്ലാൻ നടത്തിപ്പിനുവേണ്ട ധനവിഭവസംഭരണം;

(എൽ) സംസ്ഥാനത്തിന്റെ ആസൂത്രിത വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമാണെന്നു കരുതാവുന്നതും സർക്കാർ നിർദ്ദേശിക്കുന്നതുമായ മറ്റേതെങ്കിലും വിവരങ്ങളും വിശദാംശങ്ങളും;

(എം) ജില്ലയുടെ സംയോജിത വികസന വീക്ഷണം; കൂടാതെ

(എൻ) സംയോജിത വികസനത്തിനുള്ള നയങ്ങളും വികസനതന്ത്രങ്ങളും.

16. <u>ജില്ലയ്ക്കുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാനും എക്സിക്യൂഷൻ പ്ലാനിൽ പ്രതിപാദിക്കാവുന്ന കാര്യങ്ങളും.</u>—ജില്ലാ ആസൂത്രണ കമ്മിറ്റി, 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തയ്യാറാക്കിയ ദീർഘവീക്ഷണപ്ലാനും ഈ ആക്റ്റ് പ്രകാരം തയ്യാറാക്കപ്പെട്ട മറ്റേതെങ്കിലും പ്ലാനുകളും അഞ്ചുവർഷ ആസൂത്രണ കാലയളവിലേക്ക് കണ്ടെത്തിയിട്ടുള്ള വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും മുൻഗണനകളും മേഖലാതലത്തിലുള്ള ആവശ്യകതകളും അവയുടെ സ്ഥലപരമായ അനുമാനങ്ങളും കണക്കിലെടുത്തുകൊണ്ട് അഞ്ചുവർഷക്കാലയളവിലേക്ക് ജില്ലയ്ക്കുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും അത് നടപ്പാക്കൽ പ്ലാൻ ആയിരിക്കേണ്ടതും അതിൽ, മറ്റുള്ളവയോടൊപ്പം, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുമാണ്, അതായത്:—

(എ) 15-ാം വകുപ്പ് (എ) മുതൽ (കെ) വരെ ഖണ്ഡങ്ങളിൽ അടങ്ങിയിട്ടുള്ള ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള കാര്യങ്ങൾ;

(ബി) വികസന പ്രശ്നങ്ങൾ;

(സി) സമഗ്രവികസനത്തിനുള്ള തന്ത്രങ്ങൾ;

(ഡി) കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, വനം, വ്യവസായങ്ങൾ, ഗതാഗതം, അടിസ്ഥാനസൗകര്യം, ജലം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, വിനോദസഞ്ചാരം മുതലായവ പോലെയുള്ള മേഖലകളുടെ മേഖലാതല വികസന നയങ്ങളും തന്ത്രങ്ങളും നിർദ്ദേശങ്ങളും;

(ഇ) പദ്ധതികളും പരിപാടികളും കണ്ടെത്തൽ;

(എഫ്) ഭൗതിക ലക്ഷ്യങ്ങളും ധനപരമായ ആവശ്യകതകളും സൂചിപ്പിക്കുന്ന മേഖലാതല പരിപാടികളും പദ്ധതികളും സ്കീമുകളും ആയി ജില്ലാ വികസന പ്ലാനിനെ പഞ്ചവത്സര പ്ലാനുകളായി ഘട്ടം തിരിക്കൽ;

(ജി) ധനകാര്യവിഭവ ആസൂത്രണം; കൂടാതെ

(എച്ച്) ജില്ലാ ആസൂത്രണ കമ്മിറ്റി ആവശ്യമെന്നു കരുതാവുന്നതോ സർക്കാർ നിർദ്ദേശിക്കാവുന്നതോ ആയ മറ്റേതെങ്കിലും വിവരങ്ങളും വിശദാംശങ്ങളും.

17. ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്രവേഗം, ജില്ലാ ആസൂത്രണ കമ്മിറ്റി, ജില്ലയ്ക്ക് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും, നിർണ്ണയിക്കപ്പെട്ട രീതിയിൽ, വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനത്തിൽ ജില്ലാ ആസൂത്രണ പ്രദേശത്തിന്റെ അതിരുകളും അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നത് ഏത് ആവശ്യത്തിനാണെന്നും പ്രസ്താവിക്കേണ്ടതുമാണ്.

(2) ജില്ലാ ആസൂത്രണ കമ്മിറ്റി, (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം, ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതി മുതൽ രണ്ടു വർഷം കഴിയുന്നതിനു മുൻപ് ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന്റെ കരട് തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന്റെ കരട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും പരിശോധിയ്ക്കാവുന്ന സ്ഥലമോ സ്ഥലങ്ങളോ, പ്രത്യേകം പറഞ്ഞുകൊണ്ടും ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അറുപത് ദിവസക്കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതായ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിലും ജില്ലയിൽ വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശികഭാഷയിലുള്ളതായിരിക്കേണ്ടതാണ്) വിജ്ഞാപനം ചെയ്യേണ്ടതുമാണ്. ജില്ലാ ആസൂത്രണ കമ്മിറ്റി, ജില്ലയ്ക്ക് വേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാനിന്റെ പകർപ്പോ അതിന്റെ പ്രസക്തഭാഗങ്ങളോ അവരുടെ അധികാരപരിധിക്കുള്ളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി അവസാനിച്ചത് മുതൽ കഴിയുന്നിടത്തോളം അറുപത് ദിവസത്തിനുള്ളിൽ ജില്ലാ ആസൂത്രണ കമ്മിറ്റി കൈപ്പറ്റിയ എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള പരിഷ്കരണങ്ങൾ വരുത്തേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ സർക്കാരിന് അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്:

എന്നാൽ, ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അതിന്റെ അഞ്ചിൽ കവിയാത്ത അംഗങ്ങളും സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനും അടങ്ങുന്ന ഒരു പ്രത്യേക കമ്മിറ്റിയെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിക്കുന്നതിനും അതിന്റെ റിപ്പോർട്ട് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുമായി നിയമിക്കാവുന്നതാണ്.

(4) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ച്, (3)-ാം ഉപവകുപ്പുപ്രകാരം അതിന് അയച്ചുകൊടുത്ത ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ, സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിനും ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും പ്ലാനുകൾക്കും സർക്കാരും ഭാരത സർക്കാരും നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം പരിഷ്കരണങ്ങളോടുകൂടിയോ അല്ലാതെയോ ആയതിന് അനുമതി നൽകാവുന്നതാണ്:

എന്നാൽ, സർക്കാർ നിർദ്ദേശിച്ച പരിഷ്കരണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവ ഉൾപ്പെടുത്തുന്നതിനായി ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തിരികെ അയച്ചിട്ടുണ്ടെങ്കിൽ, പരിഷ്കരണങ്ങൾ വരുത്തിയ പ്ലാൻ അറുപത് ദിവസത്തിനുള്ളിൽ വീണ്ടും സമർപ്പിക്കേണ്ടതും സർക്കാരിന് ആ പ്ലാൻ പുതിയതായി അനുമതിക്ക് സമർപ്പിക്കപ്പെട്ടതുപോലെ അനുമതി നൽകാവുന്നതുമാണ്.

(5) ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന് സർക്കാർ അനുമതി നൽകിയതിനുശേഷം കഴിയുന്നത്രവേഗം ജില്ലാ ആസൂത്രണ കമ്മിറ്റി അതിന്റെ ഒരു പകർപ്പ് ജില്ലയിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കേണ്ടതും സർക്കാർ ജില്ലയ്ക്കുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന് അനുമതി നൽകിയ വിവരം ഔദ്യോഗിക ഗസറ്റിലും ജില്ലയിൽ വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും, പ്ലാനിന്റെ ഒരു പകർപ്പ് റഫറൻസിനോ വിൽപ്പനയ്ക്കോ ലഭ്യമാകാവുന്ന സ്ഥലമോ സ്ഥലങ്ങളോ പ്രത്യേകം പറഞ്ഞുകൊണ്ട് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(6) സർക്കാരിന് (2)-ാം ഉപവകുപ്പിലും (3)-ഉം (4)-ഉം ഉപവകുപ്പുകളിലും നിശ്ചയിച്ചിട്ടുള്ള സമയപരിധി (പ്ലാൻ തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി അല്ലാത്ത) ആറ് മാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

18. ജില്ലയ്ക്ക് വേണ്ടിയുളള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനുമുളള നടപടിക്രമം.—(1) 17-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ജില്ലയ്ക്കുവേണ്ടിയുളള പെർസ്പെക്റ്റീവ് പ്ലാനിന് സർക്കാർ അനുമതി നൽകിയ തീയതി മുതൽ ആറുമാസം കഴിയുന്നതിനു മുൻപ്, ജില്ലാ ആസൂത്രണ കമ്മിറ്റി പെർസ്പെക്റ്റീവ് പ്ലാനിന്റെ ഇരുപതുവർഷക്കാലയളവിന്റെ ആദ്യത്തെ അഞ്ചുവർഷത്തേക്ക് ജില്ലയ്ക്കുവേണ്ടിയുളള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും സർക്കാരിന് അനുമതിക്കായി അയയ്ക്കേണ്ടതുമാണ്.

(2) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ച്, (1)-ാം ഉപവകുപ്പ് പ്രകാരം അതിന് അയച്ചുകൊടുത്ത ജില്ലയ്ക്കുവേണ്ടിയുളള എക്സിക്യൂഷൻ പ്ലാൻ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുളളിലും ജില്ലയ്ക്കുവേണ്ടിയുളള പെർസ്പെക്റ്റീവ് പ്ലാൻ, ഈ ആക്റ്റിൻ കീഴിലുളള മറ്റേതെങ്കിലും പ്ലാൻ എന്നിവയ്ക്കും സർക്കാരും ഭാരത സർക്കാരും നിശ്ചയിച്ചിട്ടുളള മുൻഗണനകൾക്കും ഉദ്ദേശ്യലക്ഷ്യങ്ങൾക്കും അനുസൃതമാണ് ജില്ലയ്ക്കുവേണ്ടിയുളള എക്സിക്യൂഷൻ പ്ലാൻ എന്ന് ഉറപ്പുവരുത്തിയതിനുശേഷം പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ ആയതിന് അനുമതി നൽകാവുന്നതാണ്:

എന്നാൽ, സർക്കാർ നിർദ്ദേശിച്ച പരിഷ്കരണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവ വരുത്തുന്നതിനായി ജില്ലയ്ക്കുവേണ്ടിയുളള എക്സിക്യൂഷൻ പ്ലാൻ തിരികെ അയച്ചിട്ടുണ്ടെങ്കിൽ, പരിഷ്കരണങ്ങൾ വരുത്തിയ പ്ലാൻ അറുപത് ദിവസത്തിനുളളിൽ വീണ്ടും സമർപ്പിക്കേണ്ടതും സർക്കാരിന് ആ പ്ലാൻ പുതിയതായി അനുമതിക്ക് സമർപ്പിക്കപ്പെട്ടതുപോലെ അനുമതി നൽകാവുന്നതുമാണ്.

(3) ജില്ലയ്ക്കുവേണ്ടിയുളള എക്സിക്യൂഷൻ പ്ലാനിന് സർക്കാർ അനുമതി നൽകിയതിനുശേഷം, കഴിയുന്നത്രവേഗം, ജില്ലാ ആസൂത്രണകമ്മിറ്റി അതിന്റെ ഒരു പകർപ്പ് ജില്ലയിലെ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം എക്സിക്യൂഷൻ പ്ലാൻ അംഗീകരിച്ച തീയതി മുതൽ നാല് വർഷം കഴിഞ്ഞതിനുശേഷം എത്രയും വേഗം എന്നാൽ അതിനുശേഷം നാലുമാസം കഴിയുന്നതിനു മുൻപ്, ജില്ലാ ആസൂത്രണകമ്മിറ്റി അങ്ങനെയുളള പ്ലാൻ പുനരവലോകനം ചെയ്യേണ്ടതും പ്രാബല്യത്തിലുളള അങ്ങനെയുളള പ്ലാനിന്റെ കാലാവധി കഴിയുന്ന തീയതി മുതൽ അഞ്ചുവർഷത്തേക്ക് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുളള പരിഷ്കരണങ്ങളും ഭേദഗതികളും വരുത്തിയതിനുശേഷം പുതിയ എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും അതിന് ഈ ആക്റ്റ് പ്രകാരമുളള അനുമതി നേടേണ്ടതുമാണ്.

19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര-വാർഷിക പ്ലാനുകൾ തയ്യാറാക്കുന്നതിനുവേണ്ടി ജില്ലാ ആസൂത്രണ കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന്.—ജില്ലാ ആസൂത്രണ കമ്മിറ്റിക്ക്, കാലാകാലങ്ങളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര-വാർഷിക പ്ലാനുകൾ തയ്യാറാക്കുന്നതിനായി ഈ പ്ലാനുകൾ ജില്ലയ്ക്കുവേണ്ടിയുളള പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും ഈ ആക്റ്റ് പ്രകാരമുളള മറ്റേതെങ്കിലും പ്ലാനുകളും കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കപ്പെടുന്നതിനുവേണ്ടി, മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

അദ്ധ്യായം IV

## മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയും മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പ്ലാനുകളും

20. മെട്രോപോളിറ്റൻ പ്രദേശത്തിന്റെ പ്രഖ്യാപനം.—ഭാരത ഭരണഘടനയുടെ 243പി അനുച്ഛേദം (സി) ഖണ്ഡപ്രകാരം ഒരു പ്രദേശത്തെ ഒരു മെട്രോപോളിറ്റൻ പ്രദേശമായി പ്രത്യേകം വിവരിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിൽ അങ്ങനെയുള്ള പ്രദേശത്തിന്റെ അതിർത്തികൾ നിർവ്വചിക്കേണ്ടതും അങ്ങനെയുള്ള അതിർത്തികൾ ബോർഡുമായി കൂടിയാലോചിച്ച് സർക്കാർ തീരുമാനിച്ച പ്രകാരം ആയിരിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള മെട്രോപോളിറ്റൻ പ്രദേശങ്ങളിന്മേൽ ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അധികാരിത ഉണ്ടായിരിക്കുന്നതല്ല.

21. മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയും മെട്രോപോളിറ്റൻ പ്രദേശത്തിന് വേണ്ടിയുള്ള പ്ലാനുകളും.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 54-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, ഏതെങ്കിലുമുണ്ടെങ്കിൽ, അത്, ആയതിന്റെ (7)-ാം ഉപവകുപ്പ് പ്രകാരം മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള ഒരു പെർസ്പെക്റ്റീവ് പ്ലാനും മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാനുകളും അടങ്ങിയ മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള കരട് വികസന പ്ലാൻ തയ്യാറാക്കേണ്ടതും ഈ ആക്റ്റ് പ്രകാരം അതിന് നൽകിയിട്ടുള്ള അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

22. മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, മെട്രോപോളിറ്റൻ പ്രദേശത്തെ നഗര-ഗ്രാമ ഭൂമിയുടെ ആസൂത്രണം, വികസനം, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വികസന ലക്ഷ്യങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ, നയങ്ങൾ, മുൻഗണനകൾ എന്നിവയ്ക്ക് രൂപം നൽകേണ്ടതും, സർക്കാരും ഭാരത സർക്കാരും രൂപപ്പെടുത്തിയിട്ടുള്ള സർവ്വതോന്മുഖമായ ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും, ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള ബന്ധപ്പെട്ട മെട്രോപോളിറ്റൻ പ്രദേശത്തിന് പ്രസക്തമായ എല്ലാ പ്ലാനുകൾക്കും, മെട്രോപോളിറ്റൻ പ്രദേശത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ പൊതുതാൽപ്പര്യമുള്ള കാര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങളുടെ സമഗ്രവികസനം, പരിസ്ഥിതി സംരക്ഷണം, സ്ഥലപരവികസനം എന്നിവയ്ക്കും യഥാവിധി പരിഗണന നൽകേണ്ടതുമാണ്.

(2) മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി,—

(എ) മെട്രോപോളിറ്റൻ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനുമായും മെട്രോപോളിറ്റൻ പ്രദേശത്തെ മറ്റു സർക്കാർ വകുപ്പുകളും ഏജൻസികളുമായും കൂടിയാലോചിച്ച്,—

(i) മെട്രോപോളിറ്റൻ പ്രദേശത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള പ്ലാനുകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയും മെട്രോപോളിറ്റൻ പ്രദേശത്തിന് പ്രസക്തമായ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും പ്ലാനും കണക്കിലെടുത്തുകൊണ്ട് മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടി ഒരു പെർസ്പെക്റ്റീവ് പ്ലാനും;

(ii) (i)-ാം ഉപഖണ്ഡപ്രകാരം തയ്യാറാക്കപ്പെട്ട പെർസ്പെക്റ്റീവ് പ്ലാനും മെട്രോപോളിറ്റൻ പ്രദേശത്തിന് പ്രസക്തമായ ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും പ്ലാനുകളും കണക്കിലെടുത്തുകൊണ്ട് എക്സിക്യൂഷൻ പ്ലാനുകളും,

തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതാണ്.

(ബി) മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും തയ്യാറാക്കുന്നതിന്, ആവശ്യമെന്ന് കരുതുകയാണെങ്കിൽ, സർക്കാരിതര സ്ഥാപനങ്ങളുമായും സംഘടനകളുമായും പ്രൊഫഷണൽ നികായങ്ങളുമായും കൂടിയാലോചിക്കാവുന്നതാണ്;

(സി) ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്ലാനുകളുടെ കാര്യത്തിൽ മെട്രോപോളിറ്റൻ പ്രദേശത്തിനുള്ളിലുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അർദ്ധസർക്കാർ ഏജൻസികളും നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ ഭൗതികനേട്ടങ്ങൾ തുടർച്ചയായി നിരീക്ഷിക്കേണ്ടതും ബോർഡിന് ഒരു സംയോജിത റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്;

(ഡി) ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകളുടെ കാര്യത്തിൽ സർക്കാർ വകുപ്പുകൾക്കും, അർദ്ധസർക്കാർ ഏജൻസികൾക്കുമിടയിൽ മെട്രോപോളിറ്റൻ പ്രദേശത്തിനുള്ളിലും മറ്റു വിധത്തിലും മെട്രോപോളിറ്റൻ പ്രദേശത്തിനുള്ളിലോ മറ്റു വിധത്തിലോ ആസൂത്രണവും വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടതാണ്;

(ഇ) താഴെ പറയുന്നവ സംബന്ധിച്ചുള്ള, തർക്കങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, പരിഹരിക്കേണ്ടതാണ്; അതായത്:—

(i) നഗരകേന്ദ്രങ്ങളുടെ പ്രാന്തപ്രദേശങ്ങളുടെ വികസനം സംബന്ധിച്ച പ്രശ്നങ്ങൾ;

(ii) മലിനജലവും ഖരമാലിന്യവും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ;

(iii) ആസൂത്രണത്തിലും വികസനത്തിലും ഉൾപ്പെട്ടിട്ടുള്ള വിവിധ ഏജൻസികളുടെ പൊരുത്തപ്പെടാത്ത ചുമതലകൾ; കൂടാതെ

(iv) മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള മറ്റേതെങ്കിലും പ്രശ്നം;

(എഫ്) മെട്രോപോളിറ്റൻ പ്രദേശത്തിന്റെയോ സംസ്ഥാനത്തിന്റെയോ വികസനരംഗത്ത് കാര്യമായ സ്വാധീനം ഉണ്ടാക്കുവാനിടയുള്ള, പ്രധാന മുതൽമുടക്കുകൾ

നടത്തുന്നതിന് സാധ്യമായ സ്ഥാനങ്ങൾ കണ്ടെത്തുന്നതിൽ സർക്കാരിനെയും മെട്രോപോളിറ്റൻ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉപദേശിക്കേണ്ടതാണ്;

(ജി) മെട്രോപോളിറ്റൻ പ്രദേശതലത്തിലുള്ള അടിസ്ഥാനസൗകര്യത്തിന്റെ സമഗ്രവികസനത്തിനുവേണ്ടിയുള്ള നയങ്ങൾ രൂപീകരിക്കുകയും പദ്ധതികൾ കണ്ടെത്തുകയും അവയുടെ നടപ്പാക്കൽ പൊതു-സ്വകാര്യ അല്ലെങ്കിൽ സംയുക്ത മേഖലകളുടെ പങ്കാളിത്തത്തോടെയും മറ്റു വിധത്തിലും അല്ലെങ്കിൽ അവയുടെ പങ്കാളിത്തത്തോടെയോ മറ്റുവിധത്തിലോ നടത്തേണ്ടതുമാണ്;

(എച്ച്) മെട്രോപോളിറ്റൻ പ്രദേശത്തിനുള്ളിലെ ഭൗതിക-പ്രകൃതിദത്ത വിഭവങ്ങളുടെ പങ്കുവയ്ക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്;

(ഐ) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനോക്കായി ആവശ്യമായേക്കാവുന്നതും ഉപയുക്തമായതുമായ മറ്റേതെങ്കിലും ആനുഷംഗികമായതോ അനുബന്ധമായതോ അനന്തരഫലമായുള്ളതോ ആയ കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരമുള്ള മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും അതിനെ സഹായിക്കുന്നതിനായി മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്ക് ഒന്നോ അതിലധികമോ പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്:

എന്നാൽ, പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും തയ്യാറാക്കുന്നതിൽ പ്രത്യേക കമ്മിറ്റിക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനായി വിവിധ മേഖലകൾക്കുവേണ്ടി വർക്കിംഗ് ഗ്രൂപ്പുകൾ കൂടി മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്ക് രൂപീകരിക്കാവുന്നതാണ്.

23. <u>മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളും മെട്രോപോളിറ്റൻ പ്രദേശത്തിനു വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനും പെർസ്പെക്റ്റീവ് പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളും.</u>—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 54-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടി ഏകദേശം ഇരുപത് വർഷത്തെ ആസൂത്രണ കാലയളവിലേക്കുള്ള സ്ഥലപരവികസനത്തിനുള്ള ദീർഘകാല തന്ത്രങ്ങളും നയങ്ങളും അടങ്ങുന്ന പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കേണ്ടതും അതിൽ, മറ്റുള്ളവയോടൊപ്പം, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുമാണ്, അതായത്:—

(എ) ഭൗതിക-പ്രകൃതിദത്ത വിഭവ ഉപയോഗസാദ്ധ്യതകളും അവയുടെ വിനിയോഗവും;

(ബി) ജനസംഖ്യാ അപഗ്രഥനവും ഗ്രാമ-നഗര കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അധിവാസ മാതൃകയും അവയുടെ ക്രമനിഷ്ഠയും പ്രവർത്തന വൈദഗ്ധ്യവും;

(സി) പൊതുഗതാഗതം ഉൾപ്പെടെയുള്ള ഗതാഗത സംവിധാനം;

(ഡി) സാമാന്യ ഭൂവിനിയോഗമാതൃക;

(ഇ) ഭവനനിർമ്മാണ-അഭയ കേന്ദ്ര വികസനം;

(എഫ്) പാരിസ്ഥിതികമായും പരിസ്ഥിതിലോലപരവുമായ പ്രദേശങ്ങളുടെ സംരക്ഷണവും പൈതൃകസമ്പത്തിന്റെ സംരക്ഷണവും;

(ജി) ജലം, ഊർജ്ജം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, വാർത്താവിനിമയവും മറ്റ് പ്രയോജനങ്ങളും, സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര അടിസ്ഥാന സൗകര്യ വികസനം ;

(എച്ച്) വ്യവസായ ടൗൺഷിപ്പുകൾ, തീരദേശപ്രദേശങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള പ്രത്യേക പ്രദേശങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവയുടെ വികസനം;

(ഐ) പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങൾ;

(ജെ) വിവിധ മേഖലകളുടെ വികസനം, അതായത്:—

(i) കൃഷിയും ഗ്രാമവികസനവും;

(ii) വ്യാപാരം, വാണിജ്യം, വ്യവസായങ്ങൾ എന്നിവ;

(കെ) പ്രസ്തുത പ്രദേശത്ത് നടത്താൻ സാദ്ധ്യതയുള്ള മുതൽമുടക്കിന്റെ വ്യാപ്തിയും സ്വഭാവവും ഉൾപ്പെടെ സാമ്പത്തികവിഭവ ആവശ്യകതകളും അതിന്റെ സമാഹരണവും;

(എൽ) ആസൂത്രിതമായ വികസനം ഉറപ്പാക്കുന്നതിന് ആവശ്യമാണെന്ന് കരുതാവുന്നതും സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ളതുമായ മറ്റേതെങ്കിലും വിവരങ്ങളും വിശദാംശങ്ങളും;

(എം) മെട്രോപോളിറ്റൻ പ്രദേശത്തിന്റെ സമഗ്രവികസന വീക്ഷണം;

(എൻ) സമഗ്രവികസനത്തിനുവേണ്ടിയുള്ള വികസന തന്ത്രങ്ങളും നയങ്ങളും.

24. മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാനും എക്സിക്യൂഷൻ പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളും.—മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി 23-ാം വകുപ്പ് പ്രകാരം തയ്യാറാക്കിയ ദീർഘവീക്ഷണ പ്ലാനും ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും പ്ലാനുകളും അഞ്ചുവർഷ ആസൂത്രണ കാലയളവിലേക്കായി കണ്ടെത്തിയ വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും മുൻഗണനകളും മേഖലാതല ആവശ്യകതകളും അവയുടെ സ്ഥലസംബന്ധമായ സ്വാധീനവും കണക്കിലെടുത്തുകൊണ്ട് അഞ്ചുവർഷ ആസൂത്രണ കാലയളവിലേക്കുള്ള മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും അത് നടപ്പാക്കൽ പ്ലാൻ ആയിരിക്കുന്നതും അതിൽ മറ്റുള്ളവയോടൊപ്പം താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുമാണ്, അതായത്:—

(എ) 23-ാം വകുപ്പ് (എ) മുതൽ (ജെ) വരെ ഉപഖണ്ഡങ്ങളിൽ അടങ്ങിയിട്ടുള്ള ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള കാര്യങ്ങൾ;

(ബി) വികസന പ്രശ്നങ്ങൾ;

(സി) സമഗ്രവികസനത്തിനുള്ള തന്ത്രങ്ങൾ;

(ഡി) കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, വനം, വ്യാപാരവും വാണിജ്യവും, വ്യവസായങ്ങൾ, ഗതാഗതം, ജലം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, വിനോദസഞ്ചാരം മുതലായവ പോലെയുള്ള മേഖലകളുടെ മേഖലാതല വികസനനയങ്ങളും, തന്ത്രങ്ങളും, നിർദ്ദേശങ്ങളും;

(ഇ) പദ്ധതികളും പരിപാടികളും കണ്ടെത്തൽ;

(എഫ്) ഭൗതികലക്ഷ്യങ്ങളും ധനപരമായ ആവശ്യകതകളും സൂചിപ്പിക്കുന്ന മേഖലാതല പരിപാടികളാലും പദ്ധതികളാലും സ്കീമുകളാലും മെട്രോപോളിറ്റൻ പ്രദേശ ദീർഘവീക്ഷണപ്ലാനിന്റെ അഞ്ചുവർഷ പ്ലാനുകളായുള്ള ഘട്ടം തിരിക്കൽ;

(ജി) ധനകാര്യ വിഭവ ആസൂത്രണം; കൂടാതെ

(എച്ച്) മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി ആവശ്യമെന്ന് കരുതാവുന്നതോ സർക്കാർ നിർദ്ദേശിക്കാവുന്നതോ ആയ മറ്റേതെങ്കിലും വിവരങ്ങളും വിശദാംശങ്ങളും.

25. <u>മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അതിന് അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.</u>—(1) മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, അത് രൂപീകരിക്കപ്പെട്ടതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള ഒരു പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും മെട്രോപോളിറ്റൻ പ്രദേശത്ത് വിപുലപ്രചാരമുള്ള, ഏറ്റവും കുറഞ്ഞത്, ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനത്തിൽ മെട്രോപോളിറ്റൻ ആസൂത്രണ പ്രദേശത്തിന്റെ അതിർത്തികളും ഏതാവശ്യത്തിനാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ്.

(2) മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, (1)-ാം ഉപവകുപ്പുപ്രകാരം ഒരു പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതി മുതൽ രണ്ട് വർഷം കഴിയുന്നതിനുമുൻപ് മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാനിന്റെ ഒരു പകർപ്പ് പരിശോധിക്കാവുന്ന സ്ഥലമോ സ്ഥലങ്ങളോ പ്രത്യേകം പറഞ്ഞുകൊണ്ടും, ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അറുപത് ദിവസത്തിനകം ഫയൽ ചെയ്യേണ്ടതായ ആക്ഷേപങ്ങളും അഭിപ്രായങ്ങളും കൂടി ക്ഷണിച്ചു കൊണ്ടുള്ളതുമായ പ്രസിദ്ധീകരണം സംബന്ധിച്ചുള്ള നോട്ടീസ്, ഔദ്യോഗിക ഗസറ്റിലും ജില്ലയിൽ വിപുല പ്രചാരമുള്ള,

ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിലും (അവയിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കേണ്ടതാണ്) വിജ്ഞാപനം ചെയ്യേണ്ടതുമാണ്. മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാനിന്റെ ഒരു പകർപ്പ് അല്ലെങ്കിൽ അതിന്റെ പ്രസക്തമായ ഭാഗങ്ങൾ അതിന്റെ അധികാരിതയ്ക്കുള്ളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി അവസാനിച്ചതു മുതൽ കഴിയുന്നിടത്തോളം അറുപതു ദിവസത്തിനുള്ളിൽ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, കൈപ്പറ്റിയ എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള പരിഷ്കരണങ്ങൾ വരുത്തേണ്ടതും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, ശിപാർശ ചെയ്ത പ്രകാരമുള്ള മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ സർക്കാരിന് അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്:

എന്നാൽ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്ക് അതിന്റെ അഞ്ചിൽ കവിയാത്ത അംഗങ്ങളും സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനും അടങ്ങുന്ന ഒരു പ്രത്യേക കമ്മിറ്റിയെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിക്കുന്നതിനും അതിന്റെ റിപ്പോർട്ട് മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുമായി നിയമിക്കാവുന്നതാണ്.

(4) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ച്, (3)-ാം ഉപവകുപ്പ് പ്രകാരം അതിന് അയച്ചുകൊടുത്ത മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനുള്ളിലും മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ, സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ, ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും പ്ലാൻ, സർക്കാരും ഭാരത സർക്കാരും നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവയ്ക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം, ആയതിന് പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ അനുമതി നൽകാവുന്നതാണ്:

എന്നാൽ, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കരണങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ ഉൾപ്പെടുത്തുന്നതിനായി മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തിരിച്ചയയ്ക്കുകയാണെങ്കിൽ, പരിഷ്കരണങ്ങൾ വരുത്തിയ പ്ലാൻ അറുപതു ദിവസത്തിനകം വീണ്ടും സമർപ്പിക്കേണ്ടതും സർക്കാരിന്റെ അനുമതിക്കായി ആ പ്ലാൻ പുതിയതായി സമർപ്പിക്കപ്പെട്ടാലെന്നപോലെ പ്ലാനിന് അനുമതി നൽകാവുന്നതുമാണ്.

(5) സർക്കാർ, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന് അനുമതി നൽകിയാൽ ഉടൻതന്നെ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, അതിന്റെ ഒരു പകർപ്പ് മെട്രോപോളിറ്റൻ പ്രദേശത്തുള്ള ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കേണ്ടതും സർക്കാർ മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന് അനുമതി നൽകിയ വിവരം

ഔദ്യോഗിക ഗസറ്റിലും മെട്രോപോളിറ്റൻ പ്രദേശത്ത് വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത്, ഒരു വർത്തമാനപത്രത്തിലും പ്ലാനിന്റെ ഒരു പകർപ്പ് റഫറൻസിനോ വിൽപ്പനയ്ക്കോ ലഭ്യമാകാവുന്ന സ്ഥലമോ സ്ഥലങ്ങളോ പ്രത്യേകം പറഞ്ഞുകൊണ്ട് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(6) മുകളിലെ (2)-ാം ഉപവകുപ്പിലും, (3)-ഉം (4)-ഉം ഉപവകുപ്പുകളിലും നിശ്ചയിച്ചിട്ടുള്ള സമയപരിധി (പ്ലാൻ തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി അല്ലാത്ത) ആറു മാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ നീട്ടിക്കൊടുക്കുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

26. <u>മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.</u>—(1) 25-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന് സർക്കാർ അനുമതി നൽകിയ തീയതി മുതൽ ആറുമാസം കഴിയുന്നതിനുമുൻപ്, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിന്റെ ഇരുപതുവർഷക്കാലയളവിന്റെ ആദ്യത്തെ അഞ്ചുവർഷത്തേക്ക് സമ്പൂർണ്ണ മെട്രോപോളിറ്റൻ പ്രദേശത്തിനു വേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ആയത് സർക്കാരിന് അനുമതിക്കായി അയയ്ക്കേണ്ടതുമാണ്.

(2) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ച്, (1)-ാം ഉപവകുപ്പുപ്രകാരം അതിന് അയച്ചുകൊടുത്ത മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ ലഭിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കുള്ളിലും മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ, ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും പ്ലാൻ സർക്കാരും ഭാരത സർക്കാരും നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾ, ലക്ഷ്യങ്ങൾ എന്നിവയ്ക്ക്, അനുസൃതമാണ് മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ എന്ന് ഉറപ്പുവരുത്തിയതിനുശേഷം പരിഷ്കരണങ്ങളോടുകൂടിയോ അല്ലാതെയോ ആയതിന് അനുമതി നൽകാവുന്നതാണ്:

എന്നാൽ, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കരണങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ ഉൾപ്പെടുത്തുന്നതിനായി, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തിരിച്ചയയ്ക്കുകയാണെങ്കിൽ, പരിഷ്കരിച്ച പ്ലാൻ അറുപതു ദിവസത്തിനകം വീണ്ടും സമർപ്പിക്കേണ്ടതും, സർക്കാരിന്റെ അനുമതിക്കായി ആ പ്ലാൻ പുതിയതായി സമർപ്പിക്കപ്പെട്ടാലെന്നപോലെ പ്ലാനിന് അനുമതി നൽകാവുന്നതുമാണ്.

(3) സർക്കാർ, മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാനിന് അനുമതി നൽകിയാൽ എത്രയും വേഗം മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, അതിന്റെ ഒരു പകർപ്പ് മെട്രോപോളിറ്റൻ പ്രദേശത്തുള്ള ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പു പ്രകാരം എക്സിക്യൂഷൻ പ്ലാൻ അംഗീകരിച്ച തീയതി മുതൽ നാല് വർഷം കഴിഞ്ഞതിനുശേഷം ഉടൻ തന്നെ, എന്നാൽ അതിനുശേഷം നാലുമാസം കഴിയുന്നതിനു മുൻപായും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി,

അങ്ങനെയുള്ള പ്ലാൻ പുനരവലോകനം ചെയ്യേണ്ടതും പ്രാബല്യത്തിലുള്ള അങ്ങനെയുള്ള പ്ലാനിന്റെ കാലാവധി കഴിയുന്ന തീയതി മുതൽ അഞ്ചുവർഷത്തേക്ക് ആവശ്യമെന്നു കരുതാവുന്ന പരിഷ്കരണങ്ങളും ഭേദഗതികളും വരുത്തിയതിനുശേഷം പുതിയ എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, അതിന് ഈ ആക്റ്റ് പ്രകാരമുള്ള അനുമതി നേടേണ്ടതുമാണ്.

27. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര-വാർഷിക പ്ലാനുകൾ തയ്യാറാക്കുന്നതിനുവേണ്ടി മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന്.—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഞ്ചുവർഷ പ്ലാനുകളും, വാർഷിക പ്ലാനുകളും മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിനും എക്സിക്യൂഷൻ പ്ലാനിനും ഈ ആക്റ്റ് പ്രകാരമുള്ള മറ്റു പ്ലാനുകൾക്ക് അനുസൃതമായി തയ്യാറാക്കുന്നതിനുവേണ്ടി, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്ക് കാലാകാലങ്ങളിൽ, അവ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

## അദ്ധ്യായം V

## തദ്ദേശാസൂത്രണ പ്രദേശങ്ങൾക്കുവേണ്ടിയുള്ള പ്ലാനുകൾ

28. തദ്ദേശാസൂത്രണ പ്രദേശം.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ അധികാരിതയിൻ കീഴിലുള്ള പ്രദേശം തദ്ദേശാസൂത്രണ പ്രദേശമായി കരുതപ്പെടേണ്ടതാണ്.

29. തദ്ദേശാസൂത്രണ പ്രദേശത്തിലുള്ള വ്യതിയാനങ്ങൾ.—(1) അതതു സംഗതി പോലെ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 4-ാം വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റിലെ 4-ാം വകുപ്പിൻകീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെയോ, അധികാരിതാ പ്രദേശം സർക്കാർ വ്യതിയാനപ്പെടുത്തുന്ന സംഗതിയിൽ തദ്ദേശാസൂത്രണ പ്രദേശം തദനുസരണമായി രൂപഭേദപ്പെടുത്തിയതായി നിലനിൽക്കുന്നതാണ്.

(2) സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ആ സമയത്ത് ഒരു തദ്ദേശാസൂത്രണ പ്രദേശത്തിൽ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ എല്ലാമോ ഏതെങ്കിലുമോ ചട്ടങ്ങളും റെഗുലേഷനുകളും ബൈലാകളും ഉത്തരവുകളും നിർദ്ദേശങ്ങളും പ്രാബല്യത്തിലുള്ളതും നൽകിയതുമായ അധികാരങ്ങളും സർക്കാർ ആവശ്യമെന്നുകരുതാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകളോടും കൂട്ടിച്ചേർക്കലുകളോടും രൂപഭേദപ്പെടുത്തലുകളോടുംകൂടി (1)-ാം ഉപവകുപ്പുപ്രകാരം രൂപഭേദം വരുത്തിയ പ്രദേശത്തിനും ബാധകമാകുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും നിർദ്ദേശങ്ങളും അധികാരങ്ങളും വീണ്ടും പ്രസിദ്ധീകരിക്കാതെ തന്നെ അങ്ങനെയുള്ള തദ്ദേശാസൂത്രണ പ്രദേശത്തിനും ഉടനടി ബാധകമാകുന്നതുമാണ്.

30. സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയുടെ അധികാരങ്ങളും ചുമതലകളും.— 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ, ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഈ ആക്റ്റിന്റെ ആവശ്യത്തിനായി, താഴെ പറയുന്ന അധിക ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) തദ്ദേശാസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി,—

(i) തദ്ദേശാസൂത്രണ പ്രദേശത്തിന് പ്രസക്തമായിട്ടുള്ളതും ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ളതുമായ പ്ലാനുകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ കണക്കിലെടുത്തുകൊണ്ട് ഒരു മാസ്റ്റർ പ്ലാനും;

(ii) മാസ്റ്റർ പ്ലാനും, തദ്ദേശാസൂത്രണ പ്രദേശത്തിന് പ്രസക്തമായിട്ടുള്ളതും ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയതുമായ മറ്റു പ്ലാനുകൾ, ഏതെങ്കിലുമുണ്ടെങ്കിൽ അവയും കണക്കിലെടുത്തുകൊണ്ട് എക്സിക്യൂഷൻ പ്ലാനുകളും,

തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക;

(ബി) പദ്ധതികൾ, ലാന്റ് പൂളിംഗ് സ്കീമുകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ എന്നിവയ്ക്ക് രൂപം നൽകുകയും നടപ്പിലാക്കുകയും ചെയ്തുകൊണ്ടോ മറ്റു വിധത്തിലോ ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകളിൽ അടങ്ങിയിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുക;

(സി) ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകൾക്കനുസൃതമായി തദ്ദേശാസൂത്രണ പ്രദേശത്തിലെ ഭൂവിനിയോഗവും വികസന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(ഡി) പ്ലാൻ തയ്യാറാക്കുന്നതിനും, പദ്ധതികളുടെ നടപ്പാക്കുന്നതിനുമുള്ള പ്രത്യേക ചുമതലകൾക്കുവേണ്ടി ആവശ്യമെങ്കിൽ, പ്രത്യേക പ്രവർത്തന ഏജൻസികൾ സ്ഥാപിക്കുകയും അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൻമേൽ അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും നിർദ്ദേശങ്ങൾ നൽകുകയും സഹായം നൽകുകയും ചെയ്യുക; കൂടാതെ

(ഇ) അതിന്റെ ഏതെങ്കിലും ചുമതലകൾക്ക് അനുബന്ധമായതോ ആനുഷംഗികമായതോ തുടർന്നുവരുന്നതോ ആയതും അല്ലെങ്കിൽ അതതുസമയം സർക്കാരോ ബോർഡോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ളതുമായ അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

31. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കൽ.—അതത് സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഒരു പ്രമേയംമൂലം അപ്രകാരം തീരുമാനിക്കുന്നപക്ഷം, 36-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അതിന്റെ

അധികാരമൊഴികെ, ഈ ആക്റ്റിൻ കീഴിലുള്ള സ്ഥലപരാസൂത്രണം സംബന്ധിച്ച അതിന്റെ ഏതെങ്കിലും അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, ഒരു മുനിസിപ്പൽ കോർപ്പറേഷനിലെയോ ഒരു മുനിസിപ്പൽ കൗൺസിലിലെയോ ഒരു ടൗൺ പഞ്ചായത്തിലെയോ ഒരു ഗ്രാമപഞ്ചായത്തിലെയോ സ്ഥലപരമായ ആസൂത്രണത്തിനോ നഗരാസൂത്രണത്തിനോ ഉത്തരവാദപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

32. <u>സ്പെഷ്യൽ കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിയമനം.</u>—(1) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനെയോ മുനിസിപ്പൽ കൗൺസിലിനെയോ ടൗൺ പഞ്ചായത്തിനെയോ ഗ്രാമപഞ്ചായത്തിനെയോ, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ അതിന്റെ അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനോ അതിന്റെ അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനോ സഹായിക്കുന്ന ആവശ്യത്തിനായി ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഒന്നോ അതിലധികമോ സ്പെഷ്യൽ കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. അങ്ങനെയുള്ള സ്പെഷ്യൽ കമ്മിറ്റികളിൽ താഴെ പറയുന്ന ആളുകൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) അതതു സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ചെയർപേഴ്സൺ, അദ്ദേഹം സ്പെഷ്യൽ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ii) അതതു കൗൺസിലോ കമ്മിറ്റിയോ നാമനിർദ്ദേശം ചെയ്യുന്ന പ്രകാരം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിലെയോ അംഗങ്ങൾ;

(iii) നഗര-ഗ്രാമ ആസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനോ അദ്ദേഹത്തിന്റെ പ്രതിനിധിയോ;

(iv) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, അദ്ദേഹം കൺവീനർ ആയിരിക്കുന്നതാണ്.

(2) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ കമ്മിറ്റിയിലെ ഒരു അംഗമായി, പ്രസ്തുത മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമ പഞ്ചായത്തിന്റെയോ അംഗമല്ലാത്ത ആവശ്യമെന്ന് കരുതാവുന്ന പ്രകാരമുള്ള ഏതെങ്കിലും ആളെ കോ-ഓപ്റ്റ് ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ, നിലവിലുള്ള പഞ്ചവത്സര പദ്ധതിക്കു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമോ,

മാസ്റ്റർ പ്ലാനോ എക്സിക്യൂഷൻ പ്ലാനോ തയ്യാറാക്കുന്നതിൽ സ്പെഷ്യൽ കമ്മിറ്റികൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനായി, വിവിധ മേഖലകൾക്കുവേണ്ടി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

33. നഗര-ഗ്രാമാസൂത്രണ വകുപ്പും ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകളും.—ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സ്പെഷ്യൽ കമ്മിറ്റികൾക്കോ 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കോ, ഈ ആക്റ്റ് പ്രകാരമുള്ള അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ നഗര-ഗ്രാമാസൂത്രണ വകുപ്പ് മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകേണ്ടതാണ്.

34. മാസ്റ്റർ പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾ.—(1) ഒരു പങ്കാളിത്ത പ്രക്രിയയിലൂടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും അത് തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ വികസനം ഏത് രീതിയിലാണ് നിർവ്വഹിക്കേണ്ടതെന്നും ഭൂമിയുടെ ഉപയോഗം ഏതു രീതിയിലാണ് നിയന്ത്രിക്കേണ്ടതെന്നും സാമാന്യമായി സൂചിപ്പിക്കേണ്ടതുമാണ്.

(2) മാസ്റ്റർ പ്ലാനിൽ താഴെപ്പറയുന്നവ ഉൾപ്പെടാവുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റ് പ്രകാരമുള്ള, സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ, ജില്ലയ്ക്കും മെട്രോപോളിറ്റൻ പ്രദേശം ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്തേക്കുവേണ്ടിയുള്ള പ്ലാനുകൾ എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബന്ധപ്പെട്ട തദ്ദേശാസൂത്രണപ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള നയങ്ങളും തന്ത്രങ്ങളും പരിഗണിച്ചു കൊണ്ട്, ഏകദേശം ഇരുപത് വർഷക്കാലയളവിലേക്കുള്ള ദീർഘകാലവീക്ഷണത്തോടുകൂടിയ ഒരു വികസന സങ്കൽപ്പവും നയവും, അതിൽ, അതതു സംഗതിപോലെ, തദ്ദേശാസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ പ്രസക്തമായതും സമഗ്രപരമായ വികസനത്തിന്റെ എല്ലാ മേഖലകളെയുമോ ചില മേഖലകളെയോ സംബന്ധിച്ചുള്ളതുമായ ലക്ഷ്യങ്ങൾ, ഉദ്ദേശ്യങ്ങൾ, തന്ത്രങ്ങൾ, നയങ്ങൾ എന്നിവ ഉൾപ്പെടുത്താവുന്നതുമാണ്.

(ബി) ഭൂവിനിയോഗ നിർദ്ദേശങ്ങൾ, വികസന നിയന്ത്രണ റെഗുലേഷനുകൾ, അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടിയുള്ള പ്ലാനുകൾ എന്നിവയോടു കൂടിയ മാസ്റ്റർ പ്ലാൻ രേഖകൾ;

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും നിരീക്ഷണം നടത്തുന്നതിലുമുള്ള സമൂഹ പങ്കാളിത്തത്തെ സംബന്ധിച്ച പ്രസ്താവന;

(ഡി) വികസന ചരിത്രം, വികസനത്തിന്റെ നിലവിലുള്ള സ്ഥിതിയും രീതിയും, പ്രാദേശികമായ പ്രസക്തി, ഭൂമിശാസ്ത്രപരവും ഭൂപ്രകൃതിശാസ്ത്രപരവുമായ സവിശേഷതകൾ, സ്വാധീന മേഖലയും അതിന്റെ അധിവാസ രീതി, നഗര-ഗ്രാമ ബന്ധം, പാർശ്വപ്രദേശ വികസനം മുതലായവ ഉൾപ്പെടെയുള്ള സവിശേഷതകൾ ഉൾപ്പെടുന്ന സാന്ദർഭികവിശകലനം; കൂടാതെ

(ഇ) നിലവിലുള്ള ഭൂവിനിയോഗം.

(3) പ്രത്യേകിച്ചും, മാസ്റ്റർ പ്ലാനിൽ, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങളും വിവരണങ്ങളും നിർദ്ദേശങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) സാമ്പത്തികമായ അടിസ്ഥാനവും, കൃഷി, ഔപചാരിക-അനൗപചാരിക മേഖലകളിലെ വ്യാപാരം, വാണിജ്യം, വ്യവസായം എന്നിവ പോലുള്ള മേഖലകളിലെ തൊഴിലും;

(ii) വാണിജ്യ പ്രദേശങ്ങളുടെ ക്രമനിഷ്ഠ, വാണിജ്യ പ്രവർത്തനങ്ങളുടെ വ്യാപനവും ബന്ധപ്പെട്ട പ്രശ്നങ്ങളും;

(iii) ഔപചാരിക-അനൗപചാരിക മേഖലകളിൽ, വ്യവസായങ്ങളുടെ വ്യാപനവും പ്രത്യേകതരം വ്യവസായങ്ങൾക്കുള്ള പരിമിതിയും;

(iv) ജനസംഖ്യാപഗ്രഥനം, വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സ്ഥലത്തിന്റെ ആവശ്യകതയും അങ്ങനെയുള്ള വിനിയോഗത്തിനായുള്ള ഭൂമി നിർണ്ണയിക്കുന്നതും;

(v) മിതമായ ചെലവ് വരുന്ന ഭവനനിർമ്മാണം, അനൗപചാരിക മേഖലയിലെ ഭവനനിർമ്മാണം, പുനരധിവാസ നയം, ചേരി വികസനം എന്നിവ ഉൾപ്പെടെയുള്ള ഭവനനിർമ്മാണം;

(vi) വിദഗ്ദ്ധ വിദ്യാഭ്യാസം, ഗവേഷണ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങളും, സ്പെഷ്യലൈസ്ഡ് ആശുപത്രികൾ ഉൾപ്പെടെയുള്ള ആരോഗ്യസൗകര്യങ്ങൾ, സാംസ്കാരികവും മതപരവുമായ സൗകര്യങ്ങൾ, പൊതു സ്ഥാപനങ്ങൾ, അർദ്ധ-പൊതു സ്ഥാപനങ്ങൾ എന്നിവ;

(vii) തുറസ്സായ സ്ഥലസംവിധാനം, കളിസ്ഥലങ്ങൾ, വിനോദപ്രദേശങ്ങൾ, സംരക്ഷിത പ്രദേശങ്ങൾ, ആവാസ വ്യവസ്ഥാപരമായും പരിസ്ഥിതിപരമായും ദുർബലമായ പ്രദേശങ്ങൾ, പ്രകൃതിദുരന്ത സാദ്ധ്യത പ്രദേശങ്ങൾ, പൊതു സമ്മേളന മൈതാനങ്ങൾ;

(viii) റോഡുകൾ, റെയിൽവേകൾ, ജലഗതാഗത മാർഗ്ഗങ്ങൾ, കാൽനടവഴികൾ, ബന്ധപ്പെട്ട പ്രവർത്തനകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ഗതാഗതം, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഗതാഗത ടെർമിനലുകളും, പൊതുഗതാഗത സംവിധാനവും ആക്റ്റിവിറ്റി നോഡുകളുമായി അതിന്റെ സംയോജനവും, ആക്റ്റിവിറ്റി നോഡുകളുമായും ഭൂവിനിയോഗരീതിയുമായുള്ള ഭൂവിനിയോഗത്തിന്റെ സംയോജനം, വിമാനത്താവളം, തുറമുഖം മുതലായവ;

(ix) ജലവിതരണം, ഡ്രെയിനേജ്, അഴുക്ക് ചാൽ, ഖരമാലിന്യനിർമ്മാർജ്ജനം, ഊർജ്ജം, വാർത്താവിനിമയം, അഗ്നിശമനം, ശവദാഹത്തിനും സംസ്ക്കാരത്തിനുമുള്ള സ്ഥലങ്ങൾ, അറവുശാലകൾ മുതലായ സൗകര്യങ്ങളും സേവനങ്ങളും;

(x) വിനോദസഞ്ചാരം, പരിസ്ഥിതി സംരക്ഷണം, പൈതൃകം, തീരദേശ വികസനം എന്നിവയും അതുപോലുള്ളവയും;

(xi) കൈമാറാവുന്ന വികസന അവകാശത്തിനോ അക്കോമഡേഷൻ റിസർവേഷനോ ലാന്റ് പൂളിംഗ് പദ്ധതികൾക്കോ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റേതെങ്കിലും സമാനമായ സാങ്കേതിക വിദ്യകൾക്കോ വേണ്ടിയുള്ള നിർദ്ദേശങ്ങൾ;

(xii) പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾക്കുവേണ്ടിയുള്ള റെഗുലേഷനുകൾ, കെട്ടിടനിർമ്മാണരേഖയുമായി ബന്ധപ്പെട്ട് നിബന്ധനകളും പരിമിതികളും ഏർപ്പെടുത്തൽ, കെട്ടിടങ്ങൾക്ക് നിലനിർത്തി പോരേണ്ട തുറസ്സായ സ്ഥലം, തറ വിസ്തീർണ്ണ അനുപാതം, കവറേജ്, ഉയരം, പ്രത്യേക പ്രദേശത്ത് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നിലകളുടെ എണ്ണവും സവിശേഷതകളും, നിർമ്മിത വിസ്തീർണ്ണ സാന്ദ്രതയും, കെട്ടിടങ്ങളോ ഭൂമിയുടെ പ്രത്യേക പ്രദേശങ്ങളോ ഏതൊക്കെ ഉപയോഗത്തിനോ ആവശ്യത്തിനോ ആയി നീക്കിവയ്ക്കുകയോ നീക്കി വയ്ക്കാതിരിക്കുകയോ ചെയ്യാമെന്ന്, പ്ലോട്ടുകളുടെ വിഭജനം, ന്യായമായ കാലയളവിൽ ഏതെങ്കിലും പ്രദേശത്തെ ഭൂമിയുടെ നിരോധിത ഉപയോഗങ്ങൾ നിർത്തലാക്കൽ, പാർക്കിംഗ് സ്ഥലങ്ങൾ, എടുപ്പുകളുടെയും പരസ്യ ചിഹ്നങ്ങളുടെയും വലിപ്പം അതുപോലുള്ളവ ഉൾപ്പെടെ ഭൂവിനിയോഗവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള വികസന നിയന്ത്രണ റെഗുലേഷനുകൾ; കൂടാതെ

(xiii) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, നഗര പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് കാലാകാലങ്ങളിൽ അംഗീകരിക്കാവുന്നതോ ഇതിലേക്കായി, അതതു സംഗതിപോലെ, സർക്കാരോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിച്ചേക്കാവുന്നതോ ആയ പൊതു ആവശ്യത്തിനുവേണ്ടിയുള്ള അങ്ങനെയുള്ള മറ്റ് നിർദ്ദേശങ്ങൾ.

35. എക്സിക്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്താവുന്ന കാര്യങ്ങൾ.—എക്സിക്യൂഷൻ പ്ലാനിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്താവുന്നതാണ്, അതായത്:—

(എ) വികസന പ്രശ്നങ്ങളും, അതതു സംഗതിപോലെ, ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി എന്നിവയുടെ നിർദ്ദേശങ്ങളുടെ ഏകോപനവും;

(ബി) സംയോജിത വികസനത്തിനുള്ള വികസന തന്ത്രങ്ങൾ;

(സി) കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, വനം, വ്യവസായം, ഗതാഗതം, അടിസ്ഥാന സൗകര്യം, ജലം, ഡ്രെയിനേജ്, മലിനജലം, ഖരമാലിന്യനിർമ്മാർജ്ജനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളുടെ മേഖലാടിസ്ഥാനത്തിലുള്ള വികസന നയങ്ങളും തന്ത്രങ്ങളും നിർദ്ദേശങ്ങളും, നിർദ്ദേശത്തിന്റെ ഘട്ടം തിരിക്കൽ മുതലായവയും;

(ഡി) കേന്ദ്രസർക്കാർ വകുപ്പുകൾ, സംസ്ഥാന സർക്കാർ വകുപ്പുകൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഏകാംഗീകൃത നികായങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംയുക്തമേഖലകൾ എന്നിവയും മറ്റുവിധത്തിലും അല്ലെങ്കിൽ മേൽപ്പറഞ്ഞവയോ മറ്റുവിധത്തിലോ നടപ്പിലാക്കേണ്ട മേഖലാതലത്തിലുള്ള സ്കീമുകളുടെയും പദ്ധതികളുടെയും കണ്ടെത്തൽ ഉൾപ്പെടാവുന്ന നടപ്പിലാക്കൽ സംവിധാനം;

(ഇ) സാമ്പത്തിക ആവശ്യകതകളും വിഭവസമാഹരണ നിർദ്ദേശങ്ങളും;

(എഫ്) ഈ ആക്റ്റിന്റെ ഉദ്ദേശ്യം നടപ്പിലാക്കുന്നതിനാവശ്യമെന്ന് കരുതുന്ന മറ്റേതെങ്കിലും സംഗതി;

(ജി) നിരീക്ഷണ പുനരവലോകന സംവിധാനം.

36. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.—(1) ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ, ഏതു സമയത്തും, പ്രമേയം വഴി, തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതും ആയതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനം തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ അതിർത്തികളും ഏത് ആവശ്യത്തിനുവേണ്ടിയാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ്.

(2) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പുമായും മറ്റ് സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും കൂടിയാലോചിച്ച് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്ത തീയതി മുതൽ രണ്ട് വർഷത്തിനകം, അങ്ങനെയുള്ള പ്ലാനുകൾ ഏതെങ്കിലും നേരത്തെ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ, അവ പുനരവലോകനം ചെയ്തതിനുശേഷം തദ്ദേശാസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ കൗൺസിലിന്റെ പ്രമേയം സഹിതം പ്ലാൻ സർക്കാരിലേക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള കരട് മാസ്റ്റർ പ്ലാൻ ലഭിക്കുന്നതിൻമേൽ സർക്കാരിന്, ബോർഡുമായും ചീഫ് ടൗൺ പ്ലാനറുമായും അല്ലെങ്കിൽ ബോർഡുമായോ ചീഫ് ടൗൺ പ്ലാനറുമായോ കൂടിയാലോചിച്ചതിനുശേഷം, അങ്ങനെയുള്ള പ്ലാൻ ലഭിച്ച് അറുപത് ദിവസത്തെ കാലയളവിനുള്ളിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന് മുനിസിപ്പൽ കൗൺസിലിന് ടൗൺ പഞ്ചായത്തിന് അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് പ്രസിദ്ധീകരിക്കുന്നതിനായുള്ള അനുമതി നൽകാവുന്നതാണ്.

(4) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, (3)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ, കരട് മാസ്റ്റർ പ്ലാൻ വെബ്സൈറ്റിലും പ്രസിദ്ധീകരണം സംബന്ധിച്ച ഒരു നോട്ടീസ്, ഔദ്യോഗിക ഗസറ്റിലും തദ്ദേശാസൂത്രണ പ്രദേശത്ത് വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിലും (അവയിൽ ഒന്ന്

പ്രാദേശിക ഭാഷയിലായിരിക്കേണ്ടതാണ്) നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ട ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടും പൊതുജനത്തിന് പരിശോധിക്കുന്നതിനായി ആയതിന്റെ ഒരു പകർപ്പ് ലഭ്യമാകുന്ന സ്ഥലമോ സ്ഥലങ്ങളോ വ്യക്തമാക്കിക്കൊണ്ടും,

പ്രസിദ്ധീകരിക്കേണ്ടതാണ്:

എന്നാൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, 11-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം ചീഫ് ടൗൺ പ്ലാനർ കരട് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്താൽ പോലും അങ്ങനെയുള്ള ഒരു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്.

(5) ഈ ആക്റ്റ് പ്രകാരമുള്ള കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചതിനുശേഷം ഉടൻ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ അതതു സംഗതി പോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അയച്ചുകൊടുക്കേണ്ടതും, ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, കഴിയുന്നതും, അങ്ങനെയുള്ള പ്ലാൻ ലഭിച്ച തീയതി മുതൽ അറുപത് ദിവസക്കാലയളവിനുള്ളിൽ പ്ലാനിൻമേൽ അവരുടെ അഭിപ്രായങ്ങൾ, എന്തെങ്കിലു മുണ്ടെങ്കിൽ, ആയത് സർക്കാരിന് നൽകേണ്ടതുമാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം തന്നെ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, ഈ ആക്റ്റിന്റെ 32-ാം വകുപ്പ് പ്രകാരം, ഒരു സ്പെഷ്യൽ കമ്മിറ്റിയെ നിയമിക്കേണ്ടതും അത് ആക്ഷേപങ്ങളിലും അഭിപ്രായങ്ങളിലും നടപടിയെടുക്കേണ്ടതും കേൾക്കപ്പെടാനുള്ള അവസരം രേഖാമൂലം ആവശ്യപ്പെട്ട എല്ലാ ആളുകളെയും കേൾക്കേണ്ടതും അതിന്റെ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ കഴിയുന്നതും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ നിശ്ചയിച്ച സമയപരിധി മുതൽ അറുപത് ദിവസങ്ങൾക്കകം, സമർപ്പിക്കേണ്ടതുമാണ്.

(7) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, (6)-ാം ഉപവകുപ്പ് പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ കഴിയുന്നതും അറുപത് ദിവസങ്ങൾക്കകം, അങ്ങനെയുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും അങ്ങനെയുള്ള ആക്ഷേപങ്ങളിൻമേലും അഭിപ്രായങ്ങളിൻമേലുമുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ടും പരിഗണിക്കേണ്ടതും ആവശ്യമെന്നുകരുതാവുന്ന പ്രകാരം പ്ലാൻ പരിഷ്കരിക്കാവുന്നതും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ പാസ്സാക്കുകയോ സ്വീകരിക്കുകയോ ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാൻ ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അസ്സൽ, സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട്, ഈ ഉപവകുപ്പ് പ്രകാരം അതിന്മേലുള്ള ശിപാർശകൾ എന്നിവ സഹിതം സർക്കാരിന് അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്.

(8) സർക്കാരിന്, (7)-ാം ഉപവകുപ്പ് പ്രകാരമുള്ള മാസ്റ്റർ പ്ലാൻ ലഭിച്ച തീയതി മുതൽ കഴിയുന്നതും അറുപത് ദിവസങ്ങൾക്കകം, ആക്ഷേപങ്ങളും അഭിപ്രായങ്ങളും,

എന്തെങ്കിലുമുണ്ടെങ്കിൽ, അവയും അവയിൻമേൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ശിപാർശകളും ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ നിന്നോ മെട്രോപാളിറ്റൻ ആസൂത്രണ കമ്മിറ്റിയിൽ നിന്നോ കരട് പ്ലാനിൻമേൽ ലഭിച്ചിട്ടുള്ള അഭിപ്രായങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും പരിഗണിച്ചതിനുശേഷവും ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള ദീർഘവീക്ഷണപ്ലാനിന്റെയും മറ്റേതെങ്കിലും പ്ലാനുകളുടെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷവും പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ പ്ലാനിന് അനുമതി നൽകാവുന്നതും, മാസ്റ്റർ പ്ലാനിന് അനുമതി നൽകിയ വസ്തുത അറിയിച്ചുകൊണ്ട് ഔദ്യോഗിക ഗസറ്റിൽ ഒരു നോട്ടീസ് പ്രസിദ്ധീകരിക്കാവുന്നതുമാണ്:

എന്നാൽ, സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകൾക്കും സർക്കാരോ ഭാരത സർക്കാരോ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനും മാസ്റ്റർ പ്ലാനിനെ സംബന്ധിച്ചുള്ള മറ്റേതെങ്കിലും കാര്യങ്ങളിൻമേലും ചീഫ് ടൗൺ പ്ലാനറുടെ സാങ്കേതിക അഭിപ്രായം ലഭ്യമാക്കാവുന്നതാണ്:

എന്നുമാത്രമല്ല, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കരണങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവ ഉൾപ്പെടുത്തുന്നതിനായി മാസ്റ്റർ പ്ലാൻ തിരികെ അയച്ചിട്ടുണ്ടെങ്കിൽ, പരിഷ്കരിച്ച പ്ലാൻ തൊണ്ണൂറ് ദിവസങ്ങൾക്കുള്ളിൽ ഈ ആക്റ്റ് പ്രകാരം പ്രസ്തുത പ്ലാൻ പുതിയതായി സമർപ്പിക്കുന്നു എന്നതുപോലെ സർക്കാരിലേക്ക് അനുമതിക്കായി വീണ്ടും സമർപ്പിക്കേണ്ടതാണ്:

എന്നിരുന്നാലും, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ മുൻപറഞ്ഞ ക്ലിപ്ത നിബന്ധനയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സമയപരിധിക്കകം പ്ലാൻ വീണ്ടും സമർപ്പിക്കുവാൻ വീഴ്ചവരുത്തിയാൽ സർക്കാരിന് അങ്ങനെയുള്ള പ്ലാനിനെ സംബന്ധിച്ച് അവർക്ക് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

(9) പരിഷ്കരിക്കുന്നതിനായി തിരികെ അയച്ചിട്ടുള്ള ഒരു പ്ലാനിന് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ പരിഷ്കരണം വരുത്തിയിട്ടുള്ളപ്പോൾ അപ്രകാരം പരിഷ്കരിച്ച പ്ലാൻ, സർക്കാരിന് അനുമതിക്കായി വീണ്ടും സമർപ്പിക്കുന്നതിന് മുൻപ്, പ്രസ്തുത പരിഷ്കരണത്തിൽ, തദ്ദേശ ആസൂത്രണ പ്രദേശത്തുനിന്നോ അതിന്റെ ഭാഗത്തുനിന്നോ ഏതെങ്കിലും ഭൂമി ഒഴിവാക്കുകയോ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ മുൻപ് ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടുകയോ ചെയ്യുന്ന സംഗതിയിൽ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഒരു കരട് പ്ലാൻ എന്ന അതേ രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതും പാസ്സാക്കേണ്ടതുമാണ്.

(10) സർക്കാർ മാസ്റ്റർ പ്ലാനിന് അനുമതി നൽകിയതിനുശേഷം, എത്രയും വേഗത്തിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ

ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അതിന്റെ ഒരു പകർപ്പ്, അതതു സംഗതി പോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അയച്ചുകൊടുക്കേണ്ടതും സർക്കാർ മാസ്റ്റർ പ്ലാനിന് അനുമതി നൽകിയത് സംബന്ധിച്ച നോട്ടീസ് അതിന്റെ പകർപ്പ് ഏതൊക്കെ സ്ഥലങ്ങളിൽ പരിശോധനയ്ക്കോ വിൽപ്പനയ്ക്കോ ലഭ്യമാണെന്നുള്ള വിവരവും കൂടി പ്രസ്താവിച്ചുകൊണ്ട് കുറഞ്ഞത് ഒരു പ്രാദേശിക പത്രത്തിലെങ്കിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനോ അതിന്റെ പ്രസക്തഭാഗങ്ങളോ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റേയോ മുനിസിപ്പൽ കൗൺസിലിന്റേയോ ടൗൺ പഞ്ചായത്തിന്റേയോ ഗ്രാമപഞ്ചായത്തിന്റേയോ വെബ്സൈറ്റിൽകൂടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(11) ചീഫ് ടൗൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ (3) മുതൽ (8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സമയപരിധി ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(12) (2) മുതൽ (8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സമയപരിധി പാലിച്ചിട്ടില്ലായെങ്കിലും, 63-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പരിമിതികൾക്ക് മാസ്റ്റർ പ്ലാനിന് അനുമതി ലഭിക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്:

എന്നാൽ അനുമതി ലഭിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിൽ ഉള്ളിടത്ത്, അതിന്റെ വ്യവസ്ഥകൾ മാത്രമായിരിക്കും പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന് ഈ ആക്റ്റ് പ്രകാരമുള്ള അനുമതി ലഭിക്കുന്നതുവരെ ബാധകമാകുന്നത്.

37. <u>എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അതിന് അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.</u>—(1) ഒരു തദ്ദേശാസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ കണക്കിലെടുത്തു കൊണ്ട് മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോടൊപ്പം എന്നാൽ 36-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാനിന് അനുമതി നൽകിയതിനുശേഷം, നാലുമാസത്തിനു മുൻപായും ആദ്യത്തെ അഞ്ച് വർഷക്കാലയളവിലേക്കായി ഒരു എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, അതത് സംഗതിപോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അനുമതിക്കായി അയച്ചുകൊടുക്കേണ്ടതുമാണ്:

എന്നാൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, 11-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം ചീഫ് ടൗൺ പ്ലാനർ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്തു എങ്കിൽ പോലും, ഒരു എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

(2) ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, സർക്കാരിലെ നഗര-ഗ്രാമാസൂത്രണ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷവും, (1)-ാം ഉപവകുപ്പുപ്രകാരം അതിന് അയച്ചുകൊടുത്ത എക്സിക്യൂഷൻ പ്ലാൻ ലഭിച്ച

തീയതി മുതൽ മുപ്പത് ദിവസത്തിനകവും എക്സിക്യൂഷൻ പ്ലാൻ, മാസ്റ്റർ പ്ലാനിനും ഈ ആക്റ്റിൻ കീഴിലുള്ള മറ്റേതെങ്കിലും പ്ലാനിനും സർക്കാരോ ഭാരത സർക്കാരോ വ്യവസ്ഥ ചെയ്തിട്ടുള്ള മുൻഗണനകൾക്കും ഉദ്ദേശ്യങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷവും, പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ ആയതിന് അനുമതി നൽകേണ്ടതാണ്:

എന്നാൽ, ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, നിർദ്ദേശിച്ച പ്രകാരമുള്ള പരിഷ്കരണങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, ആയത് ഉൾപ്പെടുത്തുന്നതിനായി പ്ലാൻ തിരികെ അയച്ചിട്ടുള്ളപക്ഷം, പരിഷ്കരിച്ച പ്രകാരമുള്ള പ്ലാൻ മുപ്പത് ദിവസത്തിനുള്ളിൽ വീണ്ടും സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, അനുമതിക്ക് പുതിയതായി സമർപ്പിച്ചിട്ടുള്ള പ്ലാൻ എന്ന പോലെ പ്ലാനിന് അനുമതി നൽകാവുന്നതാണ്.

(3) ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള ഒരു എക്സിക്യൂഷൻ പ്ലാനിന് അനുമതി നൽകിയതിനുശേഷം, എത്രയും വേഗത്തിൽ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, ആയത് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റേയോ മുനിസിപ്പൽ കൗൺസിലിന്റേയോ ടൗൺ പഞ്ചായത്തിന്റേയോ ഗ്രാമപഞ്ചായത്തിന്റേയോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പുപ്രകാരം എക്സിക്യൂഷൻ പ്ലാനിന് അംഗീകാരം ലഭിച്ച തീയതിമുതൽ മൂന്ന് വർഷത്തിനുശേഷം ഉടൻ തന്നെയും എന്നാൽ അതിനുശേഷം നാലുമാസം കഴിയുന്നതിനുമുൻപായും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അങ്ങനെയുള്ള പ്ലാൻ പുനരവലോകനം ചെയ്യേണ്ടതും അങ്ങനെയുള്ള പ്ലാനിന്റെ കാലാവധി അവസാനിക്കുന്ന തീയതി മുതൽ ആരംഭിക്കുന്ന നാല് വർഷത്തേക്കായി ഒരു പുതിയ എക്സിക്യൂഷൻ പ്ലാൻ, ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള പരിഷ്കരണങ്ങളോടുകൂടിയും ഭേദഗതികളോടുകൂടിയും തയ്യാറാക്കേണ്ടതും ഈ ആക്റ്റിൻ കീഴിൽ അനുമതി വാങ്ങേണ്ടതുമാണ്.

(5) അതത് സംഗതിപോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ മേൽപ്പറഞ്ഞ (2)-ഉം (4)-ഉം ഉപവകുപ്പുകളിൽ നിർണ്ണയിച്ചിട്ടുള്ള സമയപരിധി ജില്ലാ ടൗൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാലുമാസത്തിൽ കവിയാത്ത കാലയളവുവരെ ദീർഘിപ്പിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

38. <u>പ്രസിദ്ധീകരിക്കപ്പെട്ടതും എന്നാൽ നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ അനുമതി ലഭിക്കാത്തതുമായ മാസ്റ്റർ പ്ലാനുകൾ.</u>—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആസൂത്രിത വികസനം ആവശ്യമായിട്ടുള്ളതും പ്രസിദ്ധീകരിക്കപ്പെട്ട പ്ലാനിന്, നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ അനുമതി ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച്, സർക്കാരിന്, ആവശ്യമെന്ന് കരുതുന്ന പ്രകാരം അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയതിനുശേഷവും

ചീഫ് ടൗൺ പ്ലാനറുമായും ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുമായോ മുനിസിപ്പൽ കൗൺസിലുമായോ ടൗൺ പഞ്ചായത്തുമായോ ഗ്രാമപഞ്ചായത്തുമായോ കൂടിയാലോചിച്ചും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മാസ്റ്റർ പ്ലാനിൽ നടപടി എടുക്കുന്നതിനും അനുമതി നൽകുന്നതിനും ആവശ്യപ്പെടാവുന്നതുമാണ്.

39. ചില സംഗതികളിൽ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ മാസ്റ്റർ പ്ലാനുകൾ അവശ്യം ഉണ്ടാക്കേണ്ടതാണെന്ന്.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച്, ആസൂത്രിത വികസനം ആവശ്യമായിട്ടുള്ളതും എന്നാൽ അതതു സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ നഗര പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, അതിന് നടപടി തുടങ്ങാത്തതുമായ സംഗതിയിൽ, സർക്കാരിന്, ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയതിനുശേഷവും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി മുനിസിപ്പൽ കോർപ്പറേഷനോടോ മുനിസിപ്പൽ കൗൺസിലിനോടോ ടൗൺ പഞ്ചായത്തിനോടോ ഗ്രാമപഞ്ചായത്തിനോടോ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ച് അനുമതിക്കായി സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതും അപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം 36-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്ലാൻ തയ്യാറാക്കുന്നതിനുള്ള, ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനമായി കരുതപ്പെടേണ്ടതും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഈ ആക്റ്റിന് അനുസൃതമായി തുടർന്ന് പ്രവർത്തിക്കേണ്ടതുമാണ്.

## അദ്ധ്യായം VI

## ജോയിന്റ് ആസൂത്രണ കമ്മിറ്റിയും ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടിയുള്ള പ്ലാനുകളും

40. ജോയിന്റ് ആസൂത്രണ പ്രദേശം.—സർക്കാരിന്, ബോർഡുമായും ചീഫ് ടൗൺ പ്ലാനറുമായും കൂടിയാലോചിച്ച്, ഒന്നിൽ കൂടുതൽ മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പ്രദേശം മുഴുവനുമായോ അല്ലെങ്കിൽ ഭാഗികമായോ ഉൾപ്പെടുന്ന ഒരു പ്രദേശത്തെ, അവർക്ക് കൂട്ടായ താൽപ്പര്യമോ കൂട്ടായ ഉത്തരവാദിത്വമോ ഉള്ള പ്രദേശത്തിന്റെ ആസൂത്രണത്തിന്റെ ആവശ്യത്തിനായി ജോയിന്റ് ആസൂത്രണ പ്രദേശമായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കാവുന്നതാണ്.

41. ജോയിന്റ് ആസൂത്രണ കമ്മിറ്റിയും ജോയിന്റ് ആസൂത്രണ പ്രദേശത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാനും.—(1) സർക്കാർ ഇതിലേക്കായി ഉണ്ടാക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, 40-ാം വകുപ്പിൻ കീഴിൽ ഒരു ജോയിന്റ് ആസൂത്രണ പ്രദേശത്തിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, ആ പ്രദേശത്ത് അധികാരിതയുള്ള നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ മെമ്പർ സെക്രട്ടറിയായി ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്:

എന്നാൽ, ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ മൂന്നിൽ രണ്ട് അംഗങ്ങൾ ജോയിന്റ് ആസൂത്രണ പ്രദേശത്തെ മുനിസിപ്പാലിറ്റികളുടെയോ ഗ്രാമപഞ്ചായത്തുകളുടെയോ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായിരിക്കുന്നതാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, 40-ാം വകുപ്പിൻ കീഴിൽ അപ്രകാരം പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടി ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

(3) കമ്മിറ്റിയുടെ യോഗങ്ങളിലെ അങ്ങനെയുള്ള യോഗത്തിന്റെ ക്വാറം ഉൾപ്പെടെ, അനുവർത്തിക്കേണ്ട നടപടിക്രമം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരമായിരിക്കുന്നതാണ്.

42. <u>ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.</u>—ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ചുമതലകൾ താഴെപ്പറയുന്നവയായിരിക്കുന്നതാണ്:—

(i) ഈ ആക്റ്റിൻ കീഴിലെ പ്ലാനുകൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവയുടെ ഉള്ളടക്കത്തിന് അനുസൃതമായി ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക. ജോയിന്റ് ആസൂത്രണ കമ്മിറ്റി, പ്ലാൻ തയ്യാറാക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനും, ഈ ആക്റ്റിലെ V-ാം അദ്ധ്യായത്തിൻ കീഴിൽ ഒരു തദ്ദേശാസൂത്രണ പ്രദേശത്തിനുവേണ്ടി ഒരു മുനിസിപ്പൽ കോർപ്പറേഷനോ ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ അനുവർത്തിക്കേണ്ട നടപടിക്രമം, പാലിക്കേണ്ടതാണ്.

(ii) സെപ്ഷ്യൽ ഫംഗ്ഷൻ ഏജൻസികൾ രൂപീകരിക്കുകകയും, അവരുടെ ചുമതലകൾ സംബന്ധിക്കുന്ന കാര്യങ്ങളിൽ ആവശ്യമെങ്കിൽ അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും നയിക്കുകയും സഹായിക്കുകയും ചെയ്യുക; കൂടാതെ

(iii) മുകളിലെ (i)-ഉം (ii)-ഉം ഇനങ്ങൾക്ക് അനുബന്ധമായതോ ആനുഷംഗികമായതോ അനന്തര ഫലമായുള്ളതോ അതത് സംഗതിപോലെ, സർക്കാരോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റിൻ ആസൂത്രണ കമ്മിറ്റിയോ, അതതുസമയം നിർദ്ദേശിക്കാവുന്നതോ ആയ അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

43. <u>ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ഘടകങ്ങളുടെ ചുമതലകൾ.</u>—ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ,—

(എ) ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ കണക്കിലെടുത്തുകൊണ്ട് അവരുടെ തദ്ദേശാസൂത്രണ പ്രദേശങ്ങൾക്കുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്;

(ബി) ഈ ആക്റ്റിൻ കീഴിലുള്ള ജോയിന്റ് ആസൂത്രണ പ്രദേശത്തിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാനിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്;

(സി) ജോയിന്റ് ആസൂത്രണ പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനിന് അനുസൃതമായി അവരുടെ തദ്ദേശാസൂത്രണ പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്;

(ഡി) കാലാകാലങ്ങളിൽ, അതതു സംഗതിപോലെ, സർക്കാരോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിക്കാവുന്ന പ്രകാരം മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

## അദ്ധ്യായം VII

## വിശദ നഗരാസൂത്രണ പദ്ധതികൾ

44. വിശദ നഗരാസൂത്രണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയ്ക്കുള്ള അധികാരം.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ അതിന്റെ അധികാരിതയിൻ കീഴിൽ, പ്രസ്തുത പ്രദേശത്തിലെ പ്രവർത്തനങ്ങളുടെ നിയന്ത്രണം ഉൾപ്പെടെ, ഒരു പ്രദേശത്തിന്റെ വികസനം, ഈ ആക്റ്റിൻ കീഴിലുള്ള മാസ്റ്റർ പ്ലാൻ ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, വിശദ നഗരാസൂത്രണ പദ്ധതികൾക്ക് രൂപം നൽകിയും നടപ്പാക്കിക്കൊണ്ടും ഏറ്റെടുക്കാവുന്നതാണ്.

45. ഒരു വിശദ നഗരാസൂത്രണ പദ്ധതിയിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾ.—(1) ഒരു വിശദ നഗരാസൂത്രണ പദ്ധതി താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടെ, എന്നാൽ അവയിൽ പരിമിതപ്പെടാതെ, വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയതാകാവുന്നതാണ്, അതായത്:—

(എ) പുതിയ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കൽ;

(ബി) പ്രത്യേക കമ്പോളങ്ങൾ, മൊത്തവ്യാപര-ചില്ലറ വ്യാപര കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കൽ;

(ഡി) വ്യവസായങ്ങൾ, വ്യവസായ എസ്റ്റേറ്റുകൾ, ഫാക്ടറികൾ, സേവന വ്യവസായങ്ങൾ മുതലായവ സ്ഥാപിക്കൽ;

(ഇ) തുറസ്സായ സ്ഥലങ്ങളുടെയും ലാന്റ്സ്കേപ്പുകളുടെയും വികസനം, വിനോദത്തിനുള്ള മൈതാനങ്ങൾ, പാർക്കുകൾ, ജീവശാസ്ത്ര-സസ്യശാസ്ത്ര ഉദ്യാനങ്ങൾ, സാമൂഹ്യ വനസംരക്ഷണം;

(എഫ്) പരിസ്ഥിതിപരമായ ദുർബ്ബല പ്രദേശങ്ങളുടെ സംരക്ഷണം;

(ജി) പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുടെ സംരക്ഷണം;

(എച്ച്) പൈതൃക സമ്പത്ത് സ്ഥലങ്ങളും കെട്ടിടങ്ങളും ചരിത്ര പ്രാധാന്യമുള്ളതും അഥവാ പ്രകൃതി ഭംഗിയുള്ളതുമായ വസ്തുക്കൾ, മതപരമായ ആവശ്യങ്ങൾക്കായി യഥാർത്ഥത്തിൽ ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണം;

(ഐ) പ്രകൃതി ദുരന്ത സാദ്ധ്യതാ പ്രദേശങ്ങൾക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ;

(ജെ) വായു-ജലമലിനീകരണ നിയന്ത്രണം;

(കെ) സമൂഹത്തിന്റെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം, ആതുരാലയങ്ങൾ, അഗതികൾ, അവശതയനുഭവിക്കുന്ന സ്ത്രീകളും കുട്ടികളും, വൈകല്യമുള്ളവർ, വികലാംഗർ, മുതിർന്ന പൗരന്മാർ മുതലായവർക്കുള്ള ഭവനനിർമ്മാണം ഉൾപ്പെടെ വ്യത്യസ്ത വരുമാനക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ;

(എൽ) നാശോന്മുഖമായ പ്രദേശങ്ങളുടെ പുനർവികസനവും പുനരുജ്ജീവനവും;

(എം) ചേരിപ്രദേശങ്ങളുടെ പുനഃസ്ഥാപിക്കലും പുനരധിവാസവും നവീകരണവും;

(എൻ) ആരോഗ്യസംരക്ഷണം, മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സൗകര്യങ്ങൾക്കുള്ള വ്യവസ്ഥ;

(ഒ) ജലവിതരണത്തിനും വൈദ്യുതിക്കുമുള്ള വ്യവസ്ഥ;

(പി) ഓവുചാലുകൾ, പൊതുസൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം, മലിനജലത്തിന്റെയും ഖരമാലിന്യത്തിന്റെയും നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള ശുചീകരണ ക്രമീകരണങ്ങൾക്കുള്ള വ്യവസ്ഥ;

(ക്യൂ) പൊതുറോഡുകളും നിരത്തുകളും, പാലങ്ങൾ, കാൽനടക്കാർക്കുള്ള സൗകര്യങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, ബസ്സ് ഡിപ്പോകൾ ഉൾപ്പെടെയുള്ള ഗതാഗത ടെർമിനലുകൾ, ബസ് ബേകൾ, ബസ് സ്റ്റോപ്പുകൾ എന്നിവയുടെ നിർമ്മാണവും പുനർനിർമ്മാണവും മാറ്റംവരുത്തലും മെച്ചപ്പെടുത്തലും പരിപാലനവും തെരുവ് വിളക്കുകൾ കത്തിക്കലും, വീഥികളുടെ ഇരുവശത്തും ചെടി നടലും, റോഡ് ജംഗ്ഷനുകളുടെ മെച്ചപ്പെടുത്തലും;

(ആർ) ജനങ്ങൾക്ക് വേണ്ടിയുള്ള ഗതാഗതം ഉൾപ്പെടെയുള്ള പൊതുഗതാഗതത്തിനുള്ള വ്യവസ്ഥ;

(എസ്) ആശയ വിനിമയ സൗകര്യത്തിനുള്ള വ്യവസ്ഥ;

(ടി) അനൗപചാരിക മേഖലകൾ;

(യു) ശവസംസ്കാരത്തിനും ശവദാഹത്തിനുമുള്ള സ്ഥലങ്ങൾക്കും കശാപ്പുശാലകൾക്കുമുള്ള വ്യവസ്ഥ;

(വി) തടസ്സമുണ്ടാക്കുന്ന കെട്ടിടങ്ങളോ അല്ലെങ്കിൽ തടസ്സമുണ്ടാക്കുന്ന കെട്ടിടഭാഗങ്ങളോ പൊളിക്കുന്നതും അല്ലെങ്കിൽ മനുഷ്യവാസത്തിന് യോഗ്യമല്ലാത്ത ഗൃഹങ്ങളുടെയോ ഗൃഹഭാഗങ്ങളുടെയോ അടച്ചുപൂട്ടലും പൊളിക്കലും;

(ഡബ്ല്യൂ) വിലയ്ക്ക് വാങ്ങിയോ പാട്ടത്തിനോ മറ്റുവിധത്തിലോ ഉള്ള ഭൂമി ഏറ്റെടുക്കലും അതിൻമേൽ അതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി, ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കലും അങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതും;

(എക്സ്) ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമല്ലാത്തതും, ആവശ്യമെന്ന് കരുതാവുന്നതുമായ അങ്ങനെയുള്ള മറ്റ് സംഗതികൾ.

(2) ഓരോ വിശദ നഗരാസൂത്രണ പദ്ധതിയും, ബാധകമാകാവുന്നിടത്തോളം,—

(എ) വിശദ നഗരാസൂത്രണ പദ്ധതി നടപ്പിലാക്കേണ്ടത് ഏത് ഭൂമിയിൻ മേലാണെന്നും;

(ബി) ആവശ്യമെങ്കിൽ, കെട്ടിടങ്ങളിൽ നിലനിർത്തേണ്ട തുറന്ന സ്ഥലങ്ങൾ സംബന്ധിച്ച് ഉപാധികളും നിയന്ത്രണങ്ങളും ചുമത്തൽ, പ്രത്യേക പ്രദേശങ്ങളിൽ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും സ്വഭാവവും, ഏത് ആവശ്യങ്ങൾക്കായാണ് കെട്ടിടങ്ങളോ പ്രത്യേക പ്രദേശങ്ങളോ വിനിയോഗിക്കുകയോ വിനിയോഗിക്കാതിരിക്കുകയോ ചെയ്യാവുന്നതെന്നും, പ്ലോട്ടുകളുടെ സബ്ഡിവിഷൻ, ഏതെങ്കിലും പ്രദേശത്ത് ന്യായമായ കാലയളവുകളിൽ ഭൂമിയുടെ ആക്ഷേപാർഹമായ ഉപയോഗങ്ങൾ അവസാനിപ്പിക്കൽ, തറ വിസ്തീർണ്ണാനുപാതം, വിസ്തീർണ്ണം, ഉയരം, പാർക്കിംഗ് സ്ഥലം, തള്ളിനിൽക്കുന്ന എടുപ്പുകളുടെയും പരസ്യ പ്രതീകങ്ങളുടെയും പരസ്യപ്പലകകളുടെയും വലിപ്പം തുടങ്ങിയവ ഉൾപ്പെടെ ലേ ഔട്ട് പ്ലാനും മറ്റ് പ്രസക്തമായ ഡ്രായിംഗുകളും വിശദാംശങ്ങളും;

(സി) ആകെ മതിപ്പ് ചെലവ്, ഫണ്ടിന്റെ സ്രോതസ്സ്, ചെലവ് വസൂലാക്കൽ സ്റ്റേറ്റ്മെന്റ്, ഏതെങ്കിലുമുണ്ടെങ്കിൽ, അവ;

(ഡി) ആസ്തികൾ കൈയൊഴിക്കുന്നതിന്റെ രീതി, ഏതെങ്കിലുമുണ്ടെങ്കിൽ, അത്;

(ഇ) നടത്തിപ്പിനും പരിപാലനത്തിനുമുള്ള സംവിധാനം; കൂടാതെ

(എഫ്) ആസൂത്രിത വികസനം ഉറപ്പാക്കുന്നതിന് ആവശ്യമാണെന്ന് പരിഗണിക്കാവുന്ന മറ്റേതെങ്കിലും കാര്യം,

മുതലായ വിശദവിവരങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.

46. <u>വിശദ നഗരാസൂത്രണ പദ്ധതിയുടെ തയ്യാറാക്കലിനും പ്രസിദ്ധീകരണത്തിനും അനുമതി നൽകലിനുമുള്ള നടപടിക്രമം.</u>—(1) ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഏതൊരു സമയത്തും പ്രമേയം വഴി വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുകയോ സ്വീകരിക്കുകയോ ചെയ്യാൻ തീരുമാനിക്കാവുന്നതും അതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക

ഗസറ്റിലും വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനത്തിൽ ആസൂത്രണ പ്രദേശത്തിന്റെ അതിരുകളും അങ്ങനെയുള്ള പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നത് ഏത് ആവശ്യത്തിനാണെന്നും പ്രസ്താവിക്കേണ്ടതുമാണ്.

(2) ഓരോ മുനിസിപ്പൽ കോർപ്പറേഷനും മുനിസിപ്പൽ കൗൺസിലും ടൗൺപഞ്ചായത്തും അല്ലെങ്കിൽ ഗ്രാമപഞ്ചായത്തും, ആ പ്രദേശത്ത് അധികാരിതയുള്ള സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പുമായും മറ്റ് സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും കൂടിയാലോചിച്ച്, മുൻപ് തയ്യാറാക്കിയിട്ടുള്ള പ്ലാനുകൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവ പുനരവലോകനം ചെയ്തതിനുശേഷം (1)-ാം ഉപവകുപ്പിൻ കീഴിൽ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതി മുതൽ രണ്ടുവർഷത്തിനുള്ളിൽ വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും, അങ്ങനെയുള്ള പ്ലാൻ കൗൺസിലിന്റെ പ്രമേയം വഴി യഥാവിധി അംഗീകരിക്കേണ്ടതും, വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് വെബ്സൈറ്റിലും ആയതിന്റെ പകർപ്പ് പരിശോധിക്കുവാൻ ലഭ്യമായ സ്ഥലമോ സ്ഥലങ്ങളോ പ്രത്യേകം പറഞ്ഞുകൊണ്ടും ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ട ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിലും തദ്ദേശാസൂത്രണ പ്രദേശത്ത് വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കണം) പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(3) ഈ ആക്റ്റിൻ കീഴിൽ വിശദ നഗരാസൂത്രണ പദ്ധതി പ്രസിദ്ധീകരിച്ചതിന് ശേഷം ഉടൻ തന്നെ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയുടെ ഒരു പകർപ്പ്, അതതു സംഗതിപോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അയച്ചുകൊടുക്കേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, കഴിയുന്നതും, അങ്ങനെയുള്ള വിശദ നഗരാസൂത്രണ പദ്ധതി കൈപ്പറ്റുന്ന തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ അങ്ങനെയുള്ള വിശദ നഗരാസൂത്രണ പദ്ധതിയിൻമേലുള്ള, അവരുടെ അഭിപ്രായങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ, അത് സർക്കാരിന് നൽകേണ്ടതുമാണ്.

(4) ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഫയൽ ചെയ്യുന്നതിന് (2)-ാം ഉപവകുപ്പിൻ കീഴിൽ അനുവദിച്ചിട്ടുള്ള കാലാവധി കഴിഞ്ഞതിനുശേഷം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ കൈപ്പറ്റിയ എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും കേൾക്കപ്പെടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ള ഏതൊരാൾക്കും അപ്രകാരം കേൾക്കപ്പെടുന്നതിനുള്ള ന്യായമായ അവസരം അനുവദിച്ചശേഷം, കഴിയുന്നിടത്തോളം, (2)-ാം ഉപവകുപ്പിൻ കീഴിൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധി മുതൽ ൬൦ ദിവസക്കാലയളവിനുള്ളിൽ, വിശദ നഗരാസൂത്രണ പദ്ധതിയിൽ അത് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള പരിഷ്കരണങ്ങൾ വരുത്തേണ്ടതും പരിഷ്കരണങ്ങളോടുകൂടിയോ

അല്ലാതെയോ, വിശദ നഗരാസൂത്രണ പദ്ധതി, എല്ലാ ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അസ്സൽ സഹിതം സർക്കാരിന് അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്.

(5) സർക്കാരിന്, കഴിയുന്നിടത്തോളം, അങ്ങനെയുള്ള വിശദ നഗരാസൂത്രണ പദ്ധതി കൈപ്പറ്റിയ തീയതി മുതൽ അറുപത് ദിവസത്തിനകം അതതു സംഗതിപോലെ, ജില്ലാ ആസൂത്രണകമ്മിറ്റിയിൽ നിന്നോ മെട്രോപോളിറ്റൻ ആസൂത്രണകമ്മിറ്റിയിൽ നിന്നോ ലഭിച്ച അഭിപ്രായങ്ങൾ പരിഗണിച്ചശേഷവും ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ചുകൊണ്ടും പരിഷ്കരണങ്ങളോടെയോ അല്ലാതെയോ അതിന് അനുമതി നൽകുകയോ അങ്ങനെയുള്ള അനുമതി അതിനുള്ള കാരണങ്ങൾ പ്രത്യേകം പറഞ്ഞുകൊണ്ട്, നിരസിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കരണങ്ങൾ, ഏതെങ്കിലും ഉണ്ടെങ്കിൽ അവ ഉൾപ്പെടുത്തുന്നതിനായി വിശദ നഗരാസൂത്രണ പദ്ധതി തിരിച്ചയയ്ക്കുകയാണെങ്കിൽ, പരിഷ്കരിച്ച വിശദ നഗരാസൂത്രണ പദ്ധതിക്ക് അനുമതി നൽകുന്നതിനായി, തൊണ്ണൂറ് ദിവസത്തിനുള്ളിൽ, അതതു സംഗതിപോലെ, ഈ ആക്റ്റിൻ കീഴിൽ ആയത് പുതിയതായി സമർപ്പിക്കുന്നതാണെന്നപോലെ വീണ്ടും സമർപ്പിക്കേണ്ടതാണ്.

(6) ഈ ആക്റ്റിൻ കീഴിൽ സർക്കാർ, വിശദ നഗരാസൂത്രണ പദ്ധതിക്ക് അനുമതി നൽകിയതിനുശേഷം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഉടൻതന്നെ, വിശദ നഗരാസൂത്രണ പദ്ധതിക്ക് അനുമതി നൽകിയ വസ്തുത ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും ആയതിന്റെ പകർപ്പ് റഫറൻസിനോ വിൽപ്പനയ്ക്കോ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സ്ഥലമോ സ്ഥലങ്ങളോ പരാമർശിച്ചുകൊണ്ട്, വിപുലപ്രചാരം ഉള്ള ഏറ്റവും കുറഞ്ഞത് ഒരു തദ്ദേശ വർത്തമാനപത്രത്തിൽ, ഒരു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ വെബ്സൈറ്റിൽ അനുമതി ലഭിച്ചിട്ടുള്ള വിശദ നഗരാസൂത്രണ പദ്ധതി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, അനുമതി നൽകപ്പെട്ട വിശദ നഗരാസൂത്രണ പദ്ധതിയുടെ ഒരു പകർപ്പ്, അതതു സംഗതിപോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണകമ്മിറ്റിക്കോ അയച്ചുകൊടുക്കേണ്ടതാണ്.

(7) (2) മുതൽ (5) വരെയുള്ള ഉപവകുപ്പുകളിൽ നിർണ്ണയിച്ചിട്ടുള്ള സമയപരിധി പാലിക്കപ്പെട്ടില്ലെങ്കിലും (2)-ാം ഉപവകുപ്പിൻകീഴിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യവസ്ഥകൾ, ആയതിന് അനുമതി ലഭിക്കുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, അനുമതി നൽകപ്പെട്ട മാസ്റ്റർ പ്ലാനോ വിശദ നഗരാസൂത്രണ പദ്ധതിയോ നിലവിലുള്ളിടത്ത്, അതിലെ വ്യവസ്ഥകൾ മാത്രമായിരിക്കും ഈ ആക്റ്റിന് അനുസൃതമായി പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിക്ക് അനുമതി ലഭിക്കുന്നതുവരെ ബാധകമാകുന്നത്.

47 <u>ഉപദേശകരെ ഏർപ്പെടുത്തുന്നതിനും സ്പെഷ്യൽ ഫംഗ്ഷൻ ഏജൻസികൾ സ്ഥാപിക്കുന്നതിനും ഉള്ള അധികാരം.</u>—സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമല്ലാത്ത പ്രത്യേക ചുമതലകൾ നിർവ്വഹിക്കുന്നതിനായി സ്പെഷ്യൽ ഫംഗ്ഷൻ ഏജൻസികൾ, അത് പൊതുതാൽപ്പര്യത്തിന് യുക്തമാകുമെന്നും അതിനു നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ സാമ്പത്തികനേട്ടവും കാര്യക്ഷമതയും കൊണ്ടുവരുമെന്നും അത് കരുതുന്ന അങ്ങനെയുള്ള സംഗതികളിൽ, സ്ഥാപിക്കാവുന്നതാണ്.

48. <u>നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും എന്നാൽ അംഗീകരിച്ചിട്ടില്ലാത്തതുമായ വിശദ നഗരാസൂത്രണ പദ്ധതികൾ.</u>—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആസൂത്രിതമായ വികസനം ആവശ്യമായിരിക്കുകയും പ്രസിദ്ധീകരിക്കപ്പെട്ട വിശദ നഗരാസൂത്രണ പദ്ധതിക്ക് നിർണ്ണയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അനുമതി ലഭിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് സർക്കാരിന്, അവർക്ക് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോടോ മുനിസിപ്പൽ കൗൺസിലിനോടോ ടൗൺ പഞ്ചായത്തിനോടോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിനോടോ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരം വിശദ നഗരാസൂത്രണ പദ്ധതിയിൽ നടപടികൾ എടുക്കുന്നതിനും അതിന് അനുമതി നൽകുന്നതിനും ആവശ്യപ്പെടാവുന്നതാണ്.

49. <u>ചില സംഗതികളിൽ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് വിശദ നഗരാസൂത്രണ പദ്ധതി അവശ്യം ഉണ്ടാക്കേണ്ടതാണെന്ന്.</u>—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ആസൂത്രിതമായ വികസനം ആവശ്യമായിരിക്കുന്നതും എന്നാൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, ആയത് ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച്, സർക്കാരിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി മുനിസിപ്പൽ കോർപ്പറേഷനോടോ മുനിസിപ്പൽ കൗൺസിലിനോടോ നഗര പഞ്ചായത്തിനോടോ ഗ്രാമപഞ്ചായത്തിനോടോ ഈ ആക്റ്റിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഒരു വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുവാനും പ്രസിദ്ധീകരിക്കുവാനും അനുമതിക്കായി സമർപ്പിക്കുവാനും ആവശ്യപ്പെടാവുന്നതും അപ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനം 46-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള പ്ലാൻ തയ്യാറാക്കുവാനുള്ള ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനമായി കരുതപ്പെടേണ്ടതുമാണ്.

## അദ്ധ്യായം VIII

# പെർസ്പെക്റ്റീവ് പ്ലാൻ, മാസ്റ്റർ പ്ലാൻ, വിശദ നഗരാസൂത്രണ പദ്ധതി എന്നിവയുടെ പുനരവലോകനവും, പുതുക്കലും, വ്യതിയാനം വരുത്തലും റദ്ദാക്കലും

50. ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പ്ലാനുകളുടെ പുനരവലോകനവും പുതുക്കലും വ്യതിയാനം വരുത്തലും റദ്ദാക്കലും.—(1) ഈ ആക്റ്റിൻ കീഴിൽ പെർസ്പെക്റ്റീവ് പ്ലാനിനോ മാസ്റ്റർ പ്ലാനിനോ വിശദ നഗരാസൂത്രണ പദ്ധതിക്കോ അനുമതി നൽകിയ തീയതി മുതൽ പത്ത് വർഷം കഴിഞ്ഞാലുടനെയോ സർക്കാരിന്റെ സമ്മതത്തോടുകൂടി, അതിന് മുൻപുള്ള ഒരു തീയതിയിലോ അതതുസംഗതിപോലെ, സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ജോയിന്റ് ആസൂത്രണ കമ്മിറ്റിയോ അങ്ങനെയുള്ള പ്ലാൻ പുനരവലോകനം ചെയ്യുകയും ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള പരിഷ്കരണങ്ങളോടുകൂടി പുതുക്കുകയോ പുതുക്കിപ്പിക്കുകയോ ചെയ്യേണ്ടതും ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കനുസരിച്ച് അതിന് അനുമതി വാങ്ങേണ്ടതുമാണ്:

എന്നാൽ ഒരു മാസ്റ്റർ പ്ലാനോ ഒരു വിശദ നഗരാസൂത്രണ പദ്ധതിയോ, അതതു സംഗതിപോലെ, പിന്നീടുള്ള ഒരു മാസ്റ്റർ പ്ലാൻ മുഖേനയോ വിശദ നഗരാസൂത്രണ പദ്ധതി മുഖേനയോ റദ്ദാക്കേണ്ടതാണ്.

(2) ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്, അങ്ങനെയുള്ള പുനരവലോകനത്തിനുശേഷം ഒരു പ്ലാൻ ഭാഗികമായി വ്യതിയാനം വരുത്താവുന്നതും അങ്ങനെ വ്യതിയാനം വരുത്തിയ പ്ലാനിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ച് അനുമതി വാങ്ങാവുന്നതുമാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഏതു സമയത്തും, ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിൻ കീഴിൽ അനുമതി നൽകപ്പെട്ട ഒരു പ്ലാനിൽ വ്യതിയാനം വരുത്താവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ്, അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ ഒരു കരട് നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതും അതിന്റെ പകർപ്പ് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള അധികാരസ്ഥാനത്തിൽ നിന്നോ പ്ലാനിൽ താല്പര്യമുള്ള ഏതെങ്കിലും ആളിൽ നിന്നോ ലഭിക്കാവുന്ന അങ്ങനെയുള്ള കരടിൻമേലുള്ള ഏതെങ്കിലും ആക്ഷേപമോ അഭിപ്രായമോ പരിഗണിക്കേണ്ടതും സർക്കാരിന് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള പരിഷ്കരണം വരുത്താവുന്നതുമാണ്.

## അദ്ധ്യായം IX

## വികസന അതോറിറ്റികൾ

51. വികസന അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാരിന്, ഏതെങ്കിലും പ്രദേശത്തിന്റെ ആസൂത്രിത വികസനത്തിന്റെ താൽപ്പര്യങ്ങൾക്കായി, ഗസറ്റ് വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടിയും അങ്ങനെയുള്ള പ്രദേശങ്ങൾക്കുവേണ്ടിയും, അങ്ങനെയുള്ള പ്രദേശത്ത് ഈ ആക്റ്റിന്റെ 56-ാം വകുപ്പിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആയി ഒരു വികസന അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) വികസന അതോറിറ്റി, ജംഗമവും സ്ഥാവരവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിക്കുന്നതിനുമുള്ള അധികാരത്തോടു കൂടിയതും ശാശ്വത പിന്തുടർച്ചയും പൊതുമുദ്രയും ഉള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

52. വികസന അതോറിറ്റിയുടെ ചെയർമാൻ.—സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകളിൻമേലും, ഉപാധികളിൻമേലും, വികസന അതോറിറ്റിയുടെ ചെയർമാനെ നിയമിക്കേണ്ടതും, അദ്ദേഹം സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതും എന്നാൽ ചെയർമാന്റെ ഔദ്യോഗിക കാലാവധി, യാതൊരു സംഗതിയിലും മൂന്ന് വർഷത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാകുന്നു.

53. വികസന അതോറിറ്റിയുടെ ഘടന.—വികസന അതോറിറ്റി—

(എ) ജനറൽ കൗൺസിൽ;

(ബി) എക്സിക്യൂട്ടീവ് കമ്മിറ്റി,

എന്നിവ അടങ്ങിയതായിരിക്കേണ്ടതാണ്.

54. ജനറൽ കൗൺസിൽ.—(1) സർക്കാർ, ജനറൽ കൗൺസിൽ രൂപീകരിക്കേണ്ടതും അത്, താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതുമാണ്, അതായത്:—

(എ) വികസന അതോറിറ്റിയുടെ ചെയർമാൻ—എക്സ്-ഒഫീഷ്യോ, അദ്ദേഹം ജനറൽ കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) ഏതു പ്രദേശത്തിനുവേണ്ടിയാണോ വികസന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്, ആ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗങ്ങൾക്കിടയിൽനിന്നും, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടിൽ കുറയാത്ത ആളുകൾ;

(സി) വികസന അതോറിറ്റിയുടെ അധികാരപരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ:

എന്നാൽ, വികസന അതോറിറ്റിയുടെ അധികാരപരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ഏതെങ്കിലും നിയമസഭാംഗം ഒരു മന്ത്രിയാകുകയാണെങ്കിൽ, അദ്ദേഹത്തിന് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഒരാളെ ജനറൽ കൗൺസിലിൽ അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നതിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ സെക്രട്ടറി, ബന്ധപ്പെട്ട ജില്ലയിലെ നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ, ബന്ധപ്പെട്ട പ്രദേശത്തെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്);

(ഇ) നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ടിൽ കൂടാത്ത മറ്റ് ആളുകൾ;

(എഫ്) സർക്കാർ നാമനിർദ്ദേശംചെയ്യുന്ന വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, അദ്ദേഹം നഗര-ഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.

(2) ജനറൽ കൗൺസിലിന്റെ അംഗസംഖ്യ (ചെയർമാൻ ഒഴികെ) സർക്കാർ നിർണ്ണയിക്കേണ്ടതും അത് പതിനഞ്ചിൽ കുറയുവാനോ മുപ്പതിൽ കൂടുവാനോ പാടില്ലാത്തതുമാണ്.

(3) (1)-ാം ഉപവകുപ്പു പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും അവരുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതുമാണ്:

എന്നാൽ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗത്തിന്റെ ഔദ്യോഗിക കാലാവധി യാതൊരു സംഗതിയിലും മൂന്നുവർഷത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗം പ്രസ്തുത പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു അംഗമല്ലാതായിത്തീരുമ്പോൾ, അംഗമല്ലാതായിത്തീരുന്നതാണ്:

എന്നിരുന്നാലും, (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൻകീഴിലുള്ള ഒരു അംഗം, വികസന അതോറിറ്റിയുടെ അധികാരപരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ പ്രതിനിധീകരിക്കുന്ന സംസ്ഥാന നിയമസഭയിലെ ഒരു അംഗമല്ലാതായിത്തീരുന്നതിൻമേൽ ജനറൽ കൗൺസിലിലെ ഒരു അംഗമല്ലാതാകുന്നതാണ്.

(4) ജനറൽ കൗൺസിൽ, വികസന അതോറിറ്റിയുടെ അധികാരപരിധിക്കുള്ളിലുള്ള പ്രദേശത്തിന്റെ മെച്ചപ്പെടുത്തലും വികസനവും നടത്തേണ്ടത് ഏതു മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണമെന്നു തീരുമാനിക്കുന്നതിനുള്ള നയരൂപീകരണ നികായമായിരിക്കുന്നതും ജനറൽ കൗൺസിൽ തീരുമാനിക്കുന്ന നയങ്ങൾ നടപ്പിലാക്കുന്നതിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടികൾ പുനരവലോകനം ചെയ്യുന്നതിനുള്ള അധികാരം അതിന് ഉണ്ടായിരിക്കുന്നതുമാണ്.

55. <u>എക്സിക്യൂട്ടീവ് കമ്മിറ്റി</u>.—(1) സർക്കാർ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കേണ്ടതും, അത് താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതുമാണ്, അതായത്:—

(എ) വികസന അതോറിറ്റിയുടെ ചെയർമാൻ, എക്സ്-ഒഫീഷ്യോ; അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, രണ്ടിൽ കൂടാത്ത ആളുകൾ,

(സി) 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, നാലിൽ കൂടാത്ത ആളുകൾ;

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ സെക്രട്ടറി, ബന്ധപ്പെട്ട ജില്ലയിലെ നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ, ബന്ധപ്പെട്ട പ്രദേശത്തെ കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡുകൾ);

(ഇ) 54-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡത്തിൻ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജനറൽ കൗൺസിലിന്റെ അംഗസംഖ്യയെ ആശ്രയിച്ച്, രണ്ടിൽ കൂടാത്ത ആളുകൾ;

(എഫ്) വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, എക്സ്-ഒഫീഷ്യോ.

(2) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗസംഖ്യ സർക്കാർ നിശ്ചയിക്കേണ്ടതും അത് ചെയർമാൻ ഒഴികെ, അഞ്ചിൽ കുറയാനോ പത്തിൽ കൂടാനോ പാടില്ലാത്തതുമാകുന്നു.

(3) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതും അവരുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതുമാണ്:

എന്നാൽ, എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി യാതൊരു സംഗതിയിലും മൂന്നുവർഷത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല; എന്നുമാത്രമല്ല, എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരംഗം, അയാൾ ജനറൽ കൗൺസിലിലെ അംഗമല്ലാതായിതീരുന്നതിന്മേൽ, അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതാണ്.

(4) വികസന അതോറിറ്റിയുടെ നിർവ്വാഹകാധികാരങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും 56-ാം വകുപ്പിൻ കീഴിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനും വികസന അതോറിറ്റിയുടെ അധികാര പരിധിക്കുള്ളിലുള്ള പ്രദേശത്തിന്റെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി ജനറൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നയങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് കമ്മിറ്റിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

56. വികസന അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും (1994-ലെ 20) 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റിലെയും (1994-ലെ 13) വ്യവസ്ഥകൾക്ക് വിധേയമായി, വികസന അതോറിറ്റിയുടെ അധികാരങ്ങളിലും ചുമതലകളിലും താഴെ പറയുന്നവ ഉൾപ്പെടുന്നതാണ്, അതായത്:—

(i) ഈ ആക്റ്റിൻകീഴിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി വികസന അതോറിറ്റി പ്രദേശങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഭൂമിയുടെ പുനഃക്രമീകരണമോ ലാന്റ് പൂളിംഗോ ലാന്റ് ബാങ്കിംഗ് പദ്ധതികളോ തയ്യാറാക്കലും നടപ്പാക്കലും;

(ii) വികസനാവകാശങ്ങളുടെ കൈമാറ്റം, അക്കോമഡേഷൻ റിസർവേഷൻ മുതലായ മാർഗ്ഗങ്ങൾ വഴി വികസന അതോറിറ്റി പ്രദേശത്തിനുവേണ്ടിയുള്ള പ്ലാനുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആസൂത്രിതവികസനം പ്രോത്സാഹിപ്പിക്കുക;

(iii) ആവശ്യമുള്ളപക്ഷം, സ്പെഷ്യൽ ഫംഗ്ഷൻ ഏജൻസികൾ സ്ഥാപിക്കുകയും അവരുടെ ചുമതലകളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും നിർദ്ദേശങ്ങൾ നൽകുകയും അവരെ സഹായിക്കുകയും ചെയ്യുക;

(iv) വികസന അതോറിറ്റി പ്രദേശങ്ങളിൽ ഈ ആക്റ്റിൻ കീഴിലുള്ള പ്ലാനുകളുടെ നടപ്പാക്കലിന്റെ ഏകോപനം;

(v) മുകളിൽ (i) മുതൽ (iii) വരെ ഇനങ്ങൾക്ക് അനുബന്ധമായോ ആനുഷംഗികമായോ അനന്തരഫലമായോ ഉള്ളതോ അല്ലെങ്കിൽ, അതതു സംഗതിപോലെ, സർക്കാരോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, അതതു സമയം നിർദ്ദേശം നൽകാവുന്ന പ്രകാരമുള്ളതോ ആയ അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

57. മെമ്പർ സെക്രട്ടറിയുടെ ചുമതലകൾ.—(1) വികസന അതോറിറ്റിയുടെ സാമാന്യമായ അധികാരങ്ങൾക്കു വിധേയമായും ഈ ആക്റ്റിൻകീഴിൽ ചെയർമാനുള്ള അധികാരങ്ങൾക്ക് ഭംഗം വരാതെയും, വികസന അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയ മെമ്പർ സെക്രട്ടറിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വികസന അതോറിറ്റിയുടെ ബഡ്ജറ്റ് സംബന്ധമായ എല്ലാ ചുമതലകളും ആസൂത്രണം, നടപ്പാക്കൽ, മേൽനോട്ടം എന്നീ ചുമതലകളും;

(ii) അതോറിറ്റി അപ്രകാരം ചെയ്യുവാൻ ആവശ്യപ്പെടുമ്പോഴെല്ലാം അതോറിറ്റിയുടെ ഭരണനിർവ്വഹണവുമായും അക്കൗണ്ടുകളുമായും കൂടാതെ മറ്റ് കാര്യങ്ങളുമായും ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വികസന അതോറിറ്റിക്ക് ലഭ്യമാക്കുക;

(iii) ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മൂന്നുമാസങ്ങൾക്കുള്ളിൽ വികസന അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് ചെയ്ത അക്കൗണ്ടുകളും തയ്യാറാക്കുകയും അതിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും അതിനുശേഷം ആയതിന്റെ പകർപ്പുകൾ വികസന അതോറിറ്റിക്ക് സമർപ്പിക്കുകയും ചെയ്യുക.

(iv) വികസന അതോറിറ്റിയുടെ സ്റ്റാഫിന്റെ നിയമനം.

(2) മെമ്പർ സെക്രട്ടറിയുടെ അഭിപ്രായത്തിൽ വികസന അതോറിറ്റി പാസ്സാക്കിയ ഏതെങ്കിലും പ്രമേയം ഈ ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തിലെയോ ഏതെങ്കിലും വ്യവസ്ഥയോ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ചട്ടമോ വിജ്ഞാപനമോ റെഗുലേഷനോ ബൈലായോ സംസ്ഥാന സർക്കാർ പാസ്സാക്കിയ മറ്റേതെങ്കിലും നിയമമോ ഏതെങ്കിലും ഉത്തരവോ ലംഘിക്കുന്നതോ അത് വികസന അതോറിറ്റിയുടെ താൽപ്പര്യങ്ങൾക്ക് ഭംഗം വരുത്തുന്നതോ ഹാനികരമോ ആണെങ്കിൽ അങ്ങനെയുള്ള പ്രമേയം പാസ്സാക്കി പതിനഞ്ചു ദിവസത്തിനുള്ളിൽ അദ്ദേഹം അക്കാര്യം സർക്കാരിന് റഫർ ചെയ്യേണ്ടതും അദ്ദേഹം എടുത്ത നടപടി വികസന അതോറിറ്റിയെ അതിന്റെ അടുത്ത യോഗത്തിൽ അറിയിക്കേണ്ടതും അങ്ങനെയുള്ള റഫറൻസിൻമേൽ സർക്കാരിന്റെ ഉത്തരവ് ലഭിക്കുന്നതുവരെ, വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് പ്രമേയത്തിന് പ്രാബല്യം നൽകുവാൻ ബാദ്ധ്യതയില്ലാത്തതുമാകുന്നു.

58 <u>വികസന അതോറിറ്റിയുടെ സ്റ്റാഫ്.</u>—വികസന അതോറിറ്റിയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അങ്ങനെയുള്ള സേവന നിബന്ധനകളോടും ഉപാധികളോടുംകൂടി അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും സ്റ്റാഫിനെയും വികസന അതോറിറ്റി നിയമിക്കേണ്ടതാണ്.

59. <u>വികസന അതോറിറ്റിയുടെ സ്റ്റാഫ്, ആസ്തികൾ, ബാദ്ധ്യതകൾ എന്നിവയുടെ കൈമാറ്റം.</u>—ഈ ആക്റ്റിൻകീഴിൽ രൂപീകരിച്ച വികസന അതോറിറ്റി പ്രവർത്തനത്തിലില്ലാതായിത്തീരുന്ന സംഗതിയിൽ, അപ്രകാരം പ്രവർത്തനത്തിലില്ലാതായിത്തീർന്ന അതോറിറ്റിയുടെ സ്റ്റാഫ്, ആസ്തികൾ, ബാദ്ധ്യതകൾ എന്നിവ വികസന അതോറിറ്റി പ്രദേശത്തെ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുൻസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ അല്ലെങ്കിൽ സർക്കാർ തീരുമാനിക്കുന്ന പ്രകാരമോ കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്.

60. <u>ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി മുതലായവയുടെ ചുമതലകളും അധികാരങ്ങളും നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരം.</u>—സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, മെമ്പർ സെക്രട്ടറി എന്നിവരുടെ ചുമതലകളും അധികാരങ്ങളും നിർണ്ണയിച്ചുകൊണ്ടും വികസന അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യങ്ങളിൻമേലും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. വികസന അതോറിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവനോപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

## അദ്ധ്യായം X

# ഭൂവിനിയോഗത്തിലും വികസനത്തിലുമുള്ള നിയന്ത്രണം

61. ഭൂമിയുടെ ഉപയോഗവും വികസനവും ഈ ആക്റ്റിൻ കീഴിലുള്ള മാസ്റ്റർ പ്ലാനുകൾക്കും വിശദ നഗരാസൂത്രണ പദ്ധതികൾക്കും അനുസൃതമായിരിക്കണമെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഒരു മാസ്റ്റർ പ്ലാനോ വിശദ നഗരാസൂത്രണ പദ്ധതിയോ നടപ്പിൽ വന്നതിനുശേഷം യാതൊരാളും ഈ ആക്റ്റിൻ കീഴിലുള്ള മാസ്റ്റർ പ്ലാനുകൾക്കും വിശദ നഗരാസൂത്രണ പദ്ധതികൾക്കും അനുസൃതമായല്ലാതെ ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

കുറിപ്പ്:—ഒരു പ്രദേശത്ത് രണ്ടു പ്ലാനുകളും പ്രാബല്യത്തിൽ ഉള്ളിടത്ത്, വിശദ നഗരാസൂത്രണ പദ്ധതികളുടെ വ്യവസ്ഥകൾക്ക്, മാസ്റ്റർ പ്ലാനുകളുടെ വ്യവസ്ഥകളേക്കാൾ പ്രാമുഖ്യം ഉണ്ടായിരിക്കുന്നതാണ്.

62. പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതി.—61-ാം വകുപ്പിന്റെ ആവശ്യത്തിലേക്കായി പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതി, സർക്കാർ പദ്ധതിക്ക് അനുമതി നൽകിയ വസ്തുത അറിയിച്ചുകൊണ്ടുള്ള നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയായിരിക്കുന്നതാണ്.

63. ഇടക്കാല വികസന ഉത്തരവുകളും പ്ലാനുകൾ തയ്യാറാക്കുവാനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്ത ശേഷമുള്ള നിയന്ത്രണങ്ങളും.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ആസൂത്രണ പ്രദേശത്ത് ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ ഇടക്കാല വികസനം നിയന്ത്രിക്കുന്നതിനുള്ള പൊതു ഉദ്ദേശ്യത്തോടെ, അതതു സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിക്കോ ഇടക്കാല വികസന ഉത്തരവുകൾ തയ്യാറാക്കാവുന്നതും സർക്കാരിലേക്ക് അനുമതിക്കായി അയച്ചുകൊടുക്കാവുന്നതുമാണ്.

കുറിപ്പ്:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, 'ഇടക്കാല വികസനം' എന്ന പ്രയോഗത്തിന്, ഈ ആക്റ്റിൻ കീഴിൽ ഒരു പ്ലാൻ തയ്യാറാക്കുവാനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്ന തീയതിക്കും പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നർത്ഥമാകുന്നു.

(2) സർക്കാരിന്, ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ അതിന് അയച്ചുകൊടുത്ത ഇടക്കാല വികസന ഉത്തരവുകൾ പരിഷ്കരണങ്ങളോടുകൂടിയോ അല്ലാതെയോ അംഗീകരിക്കാവുന്നതാണ്.

(3) ഇടക്കാല വികസന ഉത്തരവുകളിൽ പ്ലാനിന്റെ പ്രധാന ഉദ്ദേശ്യം വ്യക്തമായി പ്രസ്താവിക്കേണ്ടതും അതിൽ താഴെപ്പറയുന്ന എല്ലാത്തിനുമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യേണ്ടതുമാണ്, അതായത്:—

(എ) പ്രചാരണ ശൃംഖലയും ബിൽഡിംഗ് ലൈനുകളും;

(ബി) സ്ഥലമാനദണ്ഡങ്ങൾ;

(സി) ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ ഏതെങ്കിലും റോഡിന്റെ നിർമ്മാണമോ ഏതെങ്കിലും ഖനനം ചെയ്യലോ നിരോധിക്കുന്നതിന് അല്ലെങ്കിൽ നിരുപാധികമായോ ഉത്തരവിൽ പ്രത്യേകം പറയുന്ന ഏതെങ്കിലും നിബന്ധനയ്ക്ക് വിധേയമായോ ഭൂമിയുടെ വികസനം അനുവദിക്കുന്നതിന്;

(ഡി) കെട്ടിടങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനും, കെട്ടിടങ്ങളുടെ വലിപ്പം, ഉയരം, രൂപകല്പന, പുറമേയുള്ള കാഴ്ച എന്നിവ നിയന്ത്രിക്കുന്നതിനും;

(ഇ) കെട്ടിടങ്ങൾ ഉപയോഗിക്കാവുന്ന രീതി നിയന്ത്രിക്കുന്നതിന്;

(എഫ്) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കുകയോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾ സംബന്ധിച്ച് അങ്ങനെയുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയോ ചെയ്യുന്നതിന്.

(4) ഇടക്കാല വികസന ഉത്തരവുകൾ പ്രകാരം ചുമത്തപ്പെട്ട നിയന്ത്രണങ്ങൾ പ്ലാൻ പ്രവർത്തനത്തിൽ വരുന്നതോടുകൂടി പ്രാബല്യത്തിൽ ഇല്ലാതാകുന്നതാണ്:

എന്നാൽ, ഈ ആക്റ്റിൻ കീഴിൽ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പ്ലാൻ പ്രസിദ്ധീകരിക്കുവാൻ വീഴ്ച വരുത്തുന്ന സന്ദർഭത്തിൽ ഇടക്കാല വികസന ഉത്തരവുകൾ പ്രാബല്യത്തിൽ ഇല്ലാതായിത്തീരുന്നതാണ്:

എന്നുമാത്രമല്ല, ഈ ആക്റ്റിന്റെ ആവശ്യത്തിനായി നിർണ്ണയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിച്ച പ്ലാനിന് അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന സന്ദർഭത്തിൽ ഇടക്കാല വികസന ഉത്തരവുകൾ പ്രാബല്യത്തിൽ ഇല്ലാതാകുന്നതും അതിനുശേഷം ആ പ്രദേശത്തെ ഭൂമിയുടെ ഉപയോഗവും വികസനവും പ്രസിദ്ധീകരിച്ച കരട് പ്ലാനിന്റെ വ്യവസ്ഥകൾ പ്രകാരമായിരിക്കുന്നതുമാണ്:

എന്നിരുന്നാലും, അങ്ങനെയുള്ള യാതൊരു ഇടക്കാല വികസന ഉത്തരവും പുറപ്പെടുവിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കു കീഴിൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ആ പ്രദേശത്തെ ഭൂമിയുടെ ഉപയോഗവും വികസനവും പ്രസിദ്ധീകരിച്ച കരട് പ്ലാനിന്റെ വ്യവസ്ഥകൾ പ്രകാരമായിരിക്കുന്നതാണ്:

എന്നിരുന്നാൽതന്നെയും, 113-ാം വകുപ്പിൻ കീഴിൽ പ്രസിദ്ധീകരിക്കപ്പെട്ടതായി കരുതപ്പെടുന്ന ഒരു മാസ്റ്റർ പ്ലാനിന്റെയോ വിശദ നഗരാസൂത്രണ പദ്ധതിയുടെയോ സംഗതിയിൽ സർക്കാരിന്, ചീഫ് ടൗൺ പ്ലാനറുമായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായും കൂടിയാലോചിച്ച്, ഉത്തരവ് വഴി, ആ പ്രദേശത്തെ ഭൂമിയുടെ ഉപയോഗവും വികസനവും നിയന്ത്രിക്കുന്ന ആവശ്യത്തിനായി ഇടക്കാല വികസന ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

64. <u>ഭൂവികസന പെർമിറ്റ്</u>.—ഏതെങ്കിലും ഭൂമിയുടെ യാതൊരു വികസനമോ വിനിയോഗത്തിൽ മാറ്റം വരുത്തലോ,—

(എ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിയിൽനിന്നും രേഖാമൂലമുള്ള അനുവാദം ലഭിക്കാതെയും;

(ബി) ഈ ആക്റ്റിൻ കീഴിൽ നൽകേണ്ടതായ വികസന ചാർജ്ജുകൾ നൽകിയിട്ടുണ്ടെന്നുള്ളതിന് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ അഥവാ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിയിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കാതെയോ;

ഏറ്റെടുക്കുവാനോ നടപ്പാക്കുവാനോ പാടുള്ളതല്ല:

എന്നാൽ, സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വകുപ്പുകളുടെയോ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പ്രവർത്തനപരമായ നിർമ്മാണങ്ങൾക്കുവേണ്ടി അങ്ങനെയുള്ള യാതൊരു അനുവാദമോ സർട്ടിഫിക്കറ്റോ ആവശ്യമില്ലാത്തതാകുന്നു.

65. <u>ഭൂവികസന പെർമിറ്റിനുള്ള അപേക്ഷ</u>.—(1) ഏതെങ്കിലും ഭൂമിയിൽ ഏതെങ്കിലും വികസനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ആളോ നികായമോ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിക്ക്, അനുമതി ലഭിക്കുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചും അങ്ങനെയുള്ള രേഖകളും ഫീസും പ്ലാനുകളും സഹിതവും രേഖാമൂലം ഒരു അപേക്ഷ നൽകേണ്ടതാണ്.

(2) അങ്ങനെയുള്ള അപേക്ഷ യഥാവിധി നൽകിയതിന്മേലും ഈ ആക്റ്റിൻ കീഴിൽ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള വികസന ചാർജ്ജുകൾ നൽകുന്നതിന്മേലും,—

(എ) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ മുപ്പതു ദിവസക്കാലയളവിനുള്ളിൽ,—

(i) ഉപാധികൾ കൂടാതെ അനുമതി നൽകിക്കൊണ്ട്; അല്ലെങ്കിൽ

(ii) പ്രാബല്യത്തിലുള്ള പ്ലാനുകൾക്കും നിയമങ്ങൾക്കും അനുസൃതമായിരിക്കത്തക്കവണ്ണം അത് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി അനുമതി നൽകിക്കൊണ്ട്;

(iii) അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ട് അനുമതി നിഷേധിച്ചുകൊണ്ട്, ഉത്തരവ് നൽകാവുന്നതും ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ,—

(i) നിബന്ധന ഏർപ്പെടുത്തിയത് പരിമിതമായ കാലയളവിലേക്കാണെന്നും പ്രസ്തുത കാലയളവിനുശേഷം, ഭൂമി അതിന്റെ പൂർവ്വ സ്ഥിതിയിലാക്കേണ്ടതാണ് എന്നോ അല്ലെങ്കിൽ അനുവദിക്കപ്പെട്ട ഭൂവിനിയോഗം നിർത്തലാക്കേണ്ടതാണ് എന്നോ;

(ii) അപേക്ഷകന്റെ നിയന്ത്രണത്തിൻകീഴിലുള്ള മറ്റേതെങ്കിലും ഭൂമിയുടെ വികസനമോ വിനിയോഗമോ നിയന്ത്രിക്കുന്നതിനുവേണ്ടി അല്ലെങ്കിൽ അനുവദിക്കപ്പെട്ട വികസനത്തിന്റെ ആവശ്യത്തിന് അനുയോജ്യമെന്ന് കാണുന്ന പ്രവൃത്തി അങ്ങനെയുള്ള ഏതെങ്കിലും ഭൂമിയിൽ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ,

ഉപാധികൾ ചുമത്താവുന്നതുമാണ്.

(3) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറി അനുവാദത്തിനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ പ്രാബല്യത്തിലുള്ള മാസ്റ്റർ പ്ലാനുകൾക്കും വിശദ നഗരാസൂത്രണപദ്ധതികൾക്കും അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഇടക്കാല വികസന ഉത്തരവുകൾക്കും പരിഗണന നൽകേണ്ടതാണ്.

(4) നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുമ്പോൾ അങ്ങനെയുള്ള നിബന്ധനകൾ ചുമത്തുന്നതിനോ അങ്ങനെയുള്ള നിരസിക്കലിനോ ഉള്ള കാരണങ്ങൾ ഉത്തരവിൽ രേഖപ്പെടുത്തേണ്ടതാണ്.

(5) അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് നിർണ്ണയിക്കപ്പെട്ട രീതിയിൽ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(6) ഏതെങ്കിലും ഭൂമിയിൽ പ്രവർത്തനപരമായ നിർമ്മാണങ്ങളല്ലാതെയുള്ള ഏതെങ്കിലും വികസനം നടപ്പാക്കാനുദ്ദേശിക്കുന്ന കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വകുപ്പുകളുടെയോ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയോ സംഗതിയിൽ, അതതു സംഗതിപോലെ, ബന്ധപ്പെട്ട വകുപ്പോ സ്ഥാപനമോ അപ്രകാരം ചെയ്യാനുള്ള അതിന്റെ ഉദ്ദേശ്യം അത്തരം വികസനം ഏറ്റെടുക്കുന്നതിന് ഏറ്റവും കുറഞ്ഞത് മുപ്പത് ദിവസങ്ങൾക്ക് മുൻപായി ആയതിന്റെ മുഴുവൻ വിശദാംശങ്ങൾ നൽകിക്കൊണ്ടും സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള രേഖകൾ സഹിതവും ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(7) ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് (3)-ാം ഉപവകുപ്പിലെ ഏതെങ്കിലും കാര്യവുമായോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും കെട്ടിട നിർമ്മാണ ചട്ടങ്ങളുമായോ ഉള്ള നിർദ്ദിഷ്ട വികസനത്തിന്റെ അനുയോജ്യത സംബന്ധിച്ച് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഏതെങ്കിലും ആക്ഷേപം ഉന്നയിക്കുന്നിടത്ത്, അതതു സംഗതിപോലെ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ

വകുപ്പുകളോ അർദ്ധ സർക്കാർ ഏജൻസികളോ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് ഉന്നയിച്ച ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് വികസനത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങളിൽ ആവശ്യമായ രൂപഭേദങ്ങൾ വരുത്തേണ്ടതാണ്:

എന്നാൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറി, ആക്ഷേപങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, നിർദ്ദേശം ലഭിച്ച് മുപ്പതു ദിവസങ്ങൾക്കുള്ളിൽ അറിയിക്കേണ്ടതാണ്.

66. <u>വികസന പെർമിറ്റ് റദ്ദാക്കുന്നതിനോ രൂപഭേദം വരുത്തുന്നതിനോ ഉള്ള അധികാരം.</u>—ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയതോ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതോ ആയ ഒരു മാസ്റ്റർ പ്ലാനോ വിശദ നഗരാസൂത്രണ പദ്ധതിയോ പരിഗണിച്ചു കൊണ്ടോ അല്ലെങ്കിൽ അനുവാദം നൽകിയിരുന്നത് പിശക് മൂലമാണെന്നോ അതിൽ പ്രത്യക്ഷമായ തെറ്റ് കടന്നുകൂടിയിട്ടുണ്ടെന്നോ വസ്തുതയുടെയോ നിയമത്തിന്റെയോ തെറ്റിദ്ധരിപ്പിക്കലിന്മേലാണ് അനുവാദം നൽകാനിടയായതെന്നോ വികസനം നടപ്പാവുകയാണെങ്കിൽ ജീവനോ സ്വത്തിനോ ഭീഷണിയാകുമെന്നോ ബോദ്ധ്യപ്പെടുന്നതിൽമേലോ മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിക്ക് ഭൂവികസനത്തിനായി നൽകിയ ഏതെങ്കിലും അനുവാദം റദ്ദാക്കുകയോ അതിൽ പരിഷ്കരണങ്ങൾ വരുത്തുകയോ ചെയ്യേണ്ടത് ഉചിതമാണെന്ന് കാണുകയാണെങ്കിൽ അങ്ങനെയുള്ള റദ്ദാക്കലിനോ പരിഷ്കരണങ്ങൾ വരുത്തലിനോ എതിരായി പറയുവാനുള്ളത് പറയുവാൻ ബന്ധപ്പെട്ട ആളിന് ഒരു അവസരം നൽകിയതിനുശേഷം, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിക്ക് അനുവാദം റദ്ദാക്കുകയോ അനുമതി ലഭിച്ചതിന് ആവശ്യമെന്ന് അതിന് കരുതാവുന്നിടത്തോളം പരിഷ്കാരങ്ങൾ വരുത്തുകയോ ചെയ്യാവുന്നതാണ്.

67. <u>ചില സംഗതികളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബാദ്ധ്യത.</u>—(1) ഈ ആക്റ്റിൻ കീഴിൽ അനുമതി നൽകപ്പെട്ട ഒരു മാസ്റ്റർ പ്ലാനിലോ വിശദ നഗരാസൂത്രണ പദ്ധതിയിലോ നിർബന്ധിത ഏറ്റെടുക്കലിനായി ഏതെങ്കിലും ഭൂമി മാറ്റിവയ്ക്കപ്പെടുകയും, പ്ലാൻ പ്രാബല്യത്തിൽ വന്ന് രണ്ടു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള വസ്തു ആർജ്ജന ആക്റ്റിൻ കീഴിൽ അങ്ങനെയുള്ള ഭൂമിക്കുവേണ്ടി യാതൊരു ഏറ്റെടുക്കൽ നടപടികളും ആരംഭിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, ഉടമസ്ഥനോ ബാധിക്കപ്പെട്ട ആളിനോ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ആ ഭൂമിയിലെ അവകാശബന്ധം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോടോ മുനിസിപ്പൽ കൗൺസിലിനോടോ ടൗൺ പഞ്ചായത്തിനോടോ ഗ്രാമപഞ്ചായത്തിനോടോ വാങ്ങുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് (ഇതിനുശേഷം "വാങ്ങൽ നോട്ടീസ്" എന്നാണ് പരാമർശിക്കപ്പെടുക) നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും വാങ്ങൽ നോട്ടീസ് ലഭിക്കുന്നതിൻമേൽ കഴിയുന്നത്ര വേഗത്തിൽ, എന്നാൽ വാങ്ങൽ നോട്ടീസ് ലഭിച്ച തീയതി മുതൽ അറുപതു ദിവസം കഴിയുന്നതിനു മുൻപായും അതതു സംഗതിപോലെ, മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ആവശ്യത്തിനായി നിർബന്ധിത ഏറ്റെടുക്കലിനായി ഭൂമി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളിടത്ത്, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഒരു പ്രമേയം മുഖേന ആ ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിക്കാവുന്നതാണ്.

(3) ഏതെങ്കിലും സർക്കാർ വകുപ്പിന്റെയോ അർദ്ധസർക്കാർ ഏജൻസിയുടെയോ ആവശ്യത്തിലേക്കായുള്ള നിർബന്ധിത ഏറ്റെടുക്കലിനായി ഭൂമി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളിടത്ത്, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അങ്ങനെയുള്ള നോട്ടീസ് സർക്കാരിന് അയയ്ക്കേണ്ടതാണ്.

(4) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഭൂമി ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുന്ന സംഗതിയിൽ ഈ ആക്റ്റിന് അനുസൃതമായി പ്ലാനിൽ അനുയോജ്യമായ വ്യതിയാനം വരുത്തുന്നതിനുള്ള നടപടികൾ അത് ആരംഭിക്കേണ്ടതാണ്.

(5) ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രമേയത്തിന്റെ തീയതി മുതൽ രണ്ടു വർഷക്കാലയളവിനുള്ളിൽ ഭൂമി ഏറ്റെടുക്കൽ നടപ്പിൽ വരുത്താൻ കഴിയാത്ത സംഗതിയിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഈ ആക്റ്റിന് അനുസൃതമായി പ്ലാനിൽ അനുയോജ്യമായ വ്യതിയാനം വരുത്തുവാൻ നടപടികൾ ആരംഭിക്കേണ്ടതാണ്.

(6) (2)-ാം ഉപവകുപ്പിൻ കീഴിൽ ഒരു വാങ്ങൽ നോട്ടീസ് ലഭിക്കുന്നതിൻമേൽ സർക്കാർ ബന്ധപ്പെട്ട സർക്കാർ വകുപ്പുമായോ അർദ്ധസർക്കാർ ഏജൻസിയുമായോ കൂടിയാലോചിച്ച്, വാങ്ങൽ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ ആറു മാസത്തിന് മുൻപായി വാങ്ങൽ നോട്ടീസ് സ്ഥിരീകരിക്കേണ്ടതാണ്. മറ്റേതെങ്കിലും സംഗതിയിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോടോ മുനിസിപ്പൽ കൗൺസിലിനോടോ ടൗൺ പഞ്ചായത്തിനോടോ ഗ്രാമപഞ്ചായത്തിനോടോ ഈ ആക്റ്റിന് അനുസൃതമായി പ്ലാനിൽ അനുയോജ്യമായ വ്യതിയാനം വരുത്തുവാൻ സർക്കാരിന് ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ, വാങ്ങൽ നോട്ടീസ് സ്ഥിരീകരിക്കപ്പെടുന്ന തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ വസ്തു ഏറ്റെടുക്കൽ നടപ്പാക്കാൻ കഴിയാതെവരുന്ന സംഗതിയിൽ, സർക്കാരിനെ അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ അഥവാ ഗ്രാമപഞ്ചായത്തോ ഈ ആക്റ്റിന് അനുസൃതമായി പ്ലാനിൽ അനുയോജ്യമായ വ്യതിയാനം വരുത്തുവാൻ ആരംഭിക്കേണ്ടതാണ്.

(7) വാങ്ങൽ നോട്ടീസ് ലഭിച്ച തീയതി മുതൽ ആറു മാസങ്ങൾക്കുള്ളിൽ സർക്കാർ യാതൊരു ഉത്തരവും പാസ്സാക്കിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ ഈ ആക്റ്റിന് അനുസൃതമായി പ്ലാനിന് സ്വമേധയാ വ്യതിയാനം വരുത്തുവാൻ ആരംഭിക്കേണ്ടതാണ്:

എന്നാൽ, ഈ വകുപ്പിൻ കീഴിൽ പ്ലാനിന് വ്യതിയാനം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളിടത്ത്, മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറി, ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് 64-ാം വകുപ്പിൻ കീഴിൽ ലഭിച്ച ഭൂവികസന പെർമിറ്റിന്റെ ഏതെങ്കിലും അപേക്ഷയിൻമേൽ അനുയോജ്യമായ തീരുമാനം എടുക്കേണ്ടതാണ്.

68. <u>അനധികൃത വികസനം നിർത്തിവയ്ക്കാനോ നീക്കം ചെയ്യാനോ ആവശ്യപ്പെടുവാനുള്ള അധികാരം, പിഴ ചുമത്തൽ മുതലായവ.</u>—(1) ഏതെങ്കിലും ഭൂമിയുടെയോ കെട്ടിടത്തിന്റേയോ ഏതെങ്കിലും വികസനമോ വിനിയോഗത്തിലുള്ള മാറ്റമോ,—

(എ) ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും മാസ്റ്റർ പ്ലാനിനോ വിശദ നഗരാസൂത്രണ പദ്ധതിക്കോ വിരുദ്ധമായി;

(ബി) ഈ ആക്റ്റ് പ്രകാരമുള്ള അനുമതി ഇല്ലാതെ;

(സി) ഈ ആക്റ്റിൻ കീഴിൽ വികസന ചാർജ്ജ് നൽകിയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭിക്കാതെ;

(ഡി) ഏത് അനുവാദത്തിനോ ഉപാധിക്കോ വിധേയമായിട്ടാണോ അങ്ങനെയുള്ള അനുവാദം നൽകിയിട്ടുള്ളത്, അതിനു വിരുദ്ധമായി;

(ഇ) വികസനത്തിനുള്ള അനുവാദം ഈ ആക്റ്റിൻ കീഴിൽ റദ്ദാക്കിയതിനു ശേഷം; അല്ലെങ്കിൽ

(എഫ്) ഈ ആക്റ്റിൻ കീഴിൽ പരിഷ്കരണങ്ങൾ വരുത്തിയ അനുവാദത്തിനു വിരുദ്ധമായി, ഭൂവികസനമോ ഭൂവിനിയോഗത്തിലുള്ള മാറ്റമോ നടപ്പാക്കിയിരിക്കുകയോ നടപ്പാക്കിക്കൊണ്ടിരിക്കുകയോ ചെയ്യുന്നപക്ഷം, അപ്രകാരമുള്ള ഭൂവികസനമോ ഭൂവിനിയോഗമോ ഉടനടി നിർത്തുന്നതിന് ആവശ്യപ്പെട്ടുകൊണ്ടും നോട്ടീസ് നൽകിയതിനുശേഷം ഒരു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിനുള്ളിൽ നോട്ടീസിൽ പ്രത്യേകം പറയാവുന്ന പ്രകാരം,—

(i) (എ), (ബി) അല്ലെങ്കിൽ (ഇ) ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സംഗതികളിൽ മുൻപറഞ്ഞ വികസനം നടക്കുന്നതിനുമുൻപുള്ള അതിന്റെ അവസ്ഥയിലേക്ക് ഭൂമിയെ പുനഃസ്ഥാപിക്കുന്നതിനോ;

(ii) (ഡി) അല്ലെങ്കിൽ (എഫ്) ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സംഗതികളിൽ അനുവാദം അല്ലെങ്കിൽ നിബന്ധനകൾ അല്ലെങ്കിൽ പരിഷ്കരണങ്ങൾ വരുത്തിയ പ്രകാരമുള്ള അനുവാദം പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനോ;

(iii) (സി) ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സംഗതികളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, വികസനചാർജുകളും അങ്ങനെയുള്ള പിഴകളും, ഏതെങ്കിലും ഉണ്ടെങ്കിൽ അവ നൽകുന്നതിനോ;

ഉള്ള അങ്ങനെയുള്ള നടപടികൾ എടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഉടമസ്ഥന് നൽകേണ്ടതാണ്.

(2) പ്രത്യേകിച്ചും, അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസിൽ (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) ഏതെങ്കിലും കെട്ടിടത്തിന്റെയോ പണികളുടെയോ പൊളിച്ചുകളയൽ അല്ലെങ്കിൽ മാറ്റം വരുത്തൽ;

(ബി) ഭൂമിയിൽ ഏതെങ്കിലും നിർമ്മാണപ്രവർത്തനമോ മറ്റ് പ്രവർത്തനങ്ങളോ നടപ്പാക്കൽ; അല്ലെങ്കിൽ

(സി) ഭൂമിയുടെ ഏതെങ്കിലും വിനിയോഗം തുടരാതിരിക്കൽ;

ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ, ഭൂമിയുടെ ഏതെങ്കിലും വിനിയോഗം തുടരാതിരിക്കൽ ആവശ്യപ്പെടുന്ന നോട്ടീസിന്റെ സംഗതിയിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഒരു നോട്ടീസ് കൈവശക്കാരനും നൽകേണ്ടതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ്മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നോട്ടീസിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാലയളവിനുള്ളിൽ, നോട്ടീസ് ഏതു ഭൂമിയുമായി ബന്ധപ്പെട്ടതാണോ ആ ഭൂമിയിലെ ഏതെങ്കിലും കെട്ടിടമോ പണിയോ നിലനിർത്തുന്നതിന് വേണ്ടിയോ ഭൂമിയുടെ ഏതെങ്കിലും വിനിയോഗം തുടരുന്നതിനു വേണ്ടിയോ ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള പരിഷ്കരണങ്ങളോടുകൂടി 65-ാം വകുപ്പിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അനുവാദത്തിന് വേണ്ടി അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള അപേക്ഷ അന്തിമമായി തീർപ്പാക്കുന്നതുവരെ ഭൂമിയുടെ യാതൊരു വികസനമോ വിനിയോഗത്തിലുള്ള മാറ്റമോ തുടരുവാൻ പാടില്ലാത്തതും നോട്ടീസ് പ്രകാരമുള്ള തുടർ നടപടിക്രമങ്ങൾ അതുവരെ നടപ്പിലാക്കാൻ പാടില്ലാത്തതുമാണ്.

(4) 65-ാം വകുപ്പിലെ വ്യവസ്ഥകൾ, ആവശ്യമായേക്കാവുന്ന പ്രകാരമുള്ള ഭേദഗതികളോടുകൂടി അങ്ങനെയുള്ള അപേക്ഷയ്ക്ക് ബാധകമായിരിക്കുന്നതാണ്.

(5) അങ്ങനെയുള്ള അപേക്ഷയിൽ അനുവാദം നൽകുകയാണെങ്കിൽ നോട്ടീസ് പ്രാബല്യത്തിൽ വരുന്നതല്ലാത്തതും അല്ലെങ്കിൽ ചില കെട്ടിടങ്ങളോ പണികളോ മാത്രം നിലനിർത്തുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ ഭൂമിയുടെ ഒരു ഭാഗം മാത്രം വിനിയോഗിക്കുന്നത് തുടരുന്നതിനുവേണ്ടിയോ അപ്രകാരമുള്ള അനുമതി

നൽകുകയാണെങ്കിൽ അങ്ങനെയുള്ള കെട്ടിടങ്ങളോ പണികളോ ഭൂമിയുടെ അങ്ങനെയുള്ള ഭാഗമോ സംബന്ധിച്ച് നോട്ടീസ് പ്രാബല്യത്തിൽ വരുന്നതല്ലാത്തതും എന്നാൽ മറ്റ് കെട്ടിടങ്ങളും പണികളും ഭൂമിയുടെ മറ്റ് ഭാഗങ്ങളും സംബന്ധിച്ച് നോട്ടീസിന് പൂർണ്ണമായും പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.

(6), എന്നാൽ നോട്ടീസിൽ പ്രത്യേകം പറയുന്ന കാലയളവിനുള്ളിലോ അനുവാദത്തിനായുള്ള അപേക്ഷ തീർപ്പാക്കിയതിനുശേഷമുള്ള അങ്ങനെയുള്ള കാലയളവിനുള്ളിലോ നോട്ടീസോ അല്ലെങ്കിൽ അതിൽ പ്രാബല്യമുള്ളതായി തുടരുന്നത്രയുമോ പാലിക്കപ്പെട്ടില്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലോ, ടൗൺ പഞ്ചായത്തിനോ, ഗ്രാമപഞ്ചായത്തിനോ,—

(എ) നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് ഉടമസ്ഥനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ഏതെങ്കിലും ഭൂവിനിയോഗം തുടരാതിരിക്കുന്നത് ആവശ്യപ്പെടുന്ന നോട്ടീസിന്റെ സംഗതിയിൽ നോട്ടീസിനു വിരുദ്ധമായി ഭൂവിനിയോഗം നടത്തുകയോ ഭൂവിനിയോഗം നടത്തുവാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യുന്ന ഉടമസ്ഥനെയോ കൈവശക്കാരനെയോ മറ്റേതെങ്കിലും ആളെയോ പ്രോസിക്യൂട്ട് ചെയ്യുന്നതിനും നടപടിയെടുക്കാവുന്നതോ;

(ബി) ഏതെങ്കിലും കെട്ടിടത്തിന്റെയോ പണികളുടെയോ നശിപ്പിക്കലോ മാറ്റം വരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റ് പ്രവർത്തികളുടെയോ നടപ്പാക്കലോ ആവശ്യപ്പെടുന്ന നോട്ടീസിന്റെ സംഗതിയിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള നടപടികൾ, ഏതെങ്കിലും കെട്ടിടത്തിന്റെയോ പണികളുടെയോ നശിപ്പിക്കലോ ഏതെങ്കിലും നിർമ്മാണപ്രവർത്തനങ്ങളോ മറ്റ് പ്രവർത്തനങ്ങളോ നടപ്പാക്കുന്നത് ഉൾപ്പെടെ, സ്വീകരിച്ചുകൊണ്ട് ഭൂമിയെ വികസനം നടക്കുന്നതിന് മുൻപുള്ള സ്ഥിതിയിലേക്ക് കൊണ്ടുവരുവാൻ ഇടയാക്കേണ്ടതും അനുവാദത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാവുന്നതോ;

(സി) അങ്ങനെയുള്ള നോട്ടീസ് നൽകിയതിനുശേഷം ഏതു സമയത്തും അങ്ങനെയുള്ള ആളെയും അയാളുടെ മുഴുവൻ തൊഴിലാളികളെയും ആ ഭൂമിയിൽ നിന്നും നീക്കം ചെയ്യുവാൻ ഏതൊരു പോലീസ് ഉദ്യോഗസ്ഥനോടും ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥൻ ആയത് അനുസരിക്കേണ്ടതും;

(ഡി) ആവശ്യമെന്ന് കരുതുന്നപക്ഷം ഭൂവികസനമോ, ഭൂവിനിയോഗത്തിലുള്ള വ്യതിയാനമോ തുടരാതിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തിക്കേണ്ടതും അനധികൃത വികസനം നിയന്ത്രിക്കേണ്ടതോ;

(ഇ) ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഏതൊരു ചെലവും ഭൂനികുതി കുടിശ്ശികയെന്നപോലെ ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതോ ആകുന്നു.

(7) (6-ാം) ഉപവകുപ്പിന്റെ (എ) ഖണ്ഡപ്രകാരം പ്രോസിക്യൂട്ട് ചെയ്യപ്പെടുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ മൂന്നുവർഷം വരെയാകാവുന്ന കാലയളവിലേക്ക് വെറും തടവിനോ പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടരുന്ന സംഗതിയിൽ ആദ്യത്തെ കുറ്റസ്ഥാപനത്തിനു ശേഷം അങ്ങനെയുള്ള കുറ്റം തുടരുന്ന കാലയളവിൽ ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയ്ക്കും കൂടി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

69. <u>താൽക്കാലിക സ്വഭാവത്തിലുള്ള അനധികൃത വികസനം നീക്കംചെയ്യൽ അല്ലെങ്കിൽ നിർത്തിവയ്ക്കൽ.</u>—(1) ഈ അദ്ധ്യായത്തിൽ ഇതിനു മുൻപ് എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ആൾ 68-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ച പ്രകാരമുള്ളതും എന്നാൽ താൽക്കാലിക സ്വഭാവത്തിലുള്ളതുമായ ഏതെങ്കിലും അനധികൃത വികസനം നടത്തുന്നിടത്ത്, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ രേഖാമൂലമുള്ള ഒരു ഉത്തരവിനാൽ അയാളോട് നിർമ്മിച്ച അങ്ങനെയുള്ള എടുപ്പോ ചെയ്ത ജോലിയോ നീക്കം ചെയ്യുവാനോ ഭൂമിയുടെ ഉപയോഗം ഉത്തരവ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകമോ അല്ലെങ്കിൽ അതിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരമോ നിർത്തിവയ്ക്കുന്നതിനോ നിർദ്ദേശിക്കാവുന്നതും പ്രസ്തുത കാലയളവിനുള്ളിൽ അയാൾ ആ ഉത്തരവ് അനുസരിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം നോട്ടീസ് കൂടാതെ അങ്ങനെയുള്ള ജോലി ഉടനടി നീക്കം ചെയ്യുന്നതിനോ അങ്ങനെയുള്ള ഉപയോഗം ഉടനടി നിർത്തിവയ്ക്കുന്നതിനോ, അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ അധികാരപ്പെടുത്താവുന്നതും അതിനുശേഷമുള്ള ഏതെങ്കിലും അനധികൃത വികസനം മുകളിൽ പറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കാതെ തന്നെ ഉടനടി നീക്കം ചെയ്യുകയോ നിർത്തിവയ്ക്കുകയോ ചെയ്യേണ്ടതുമാണ്.

(2) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഇത് സംബന്ധിച്ച് അതിന് നേരിട്ട ഏതെങ്കിലും ചെലവുകളുടെ തുക ഭൂനികുതിയിന്മേലുള്ള കുടിശ്ശികയെന്നതുപോലെ ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതാണ്.

(3) സർക്കാരിന്, ആവശ്യമെന്നു കരുതുന്നപക്ഷം 68-ഉം 69-ഉം വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള കൂടുതൽ ഉദ്യോഗസ്ഥരെയും സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്.

70. <u>ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റിക്ക് വ്യവസ്ഥകളുടെ ബാധകത.</u>—ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ മുനിസിപ്പൽ കൗൺസിലിൽ ടൗൺ പഞ്ചായത്തിൽ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിൽ ഈ ആക്റ്റിന്റെ 41-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ച ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റി കൂടി ഉൾപ്പെടാവുന്നതാണ്.

71. ലാന്റ് പൂളിംഗ് സ്കീമുകൾ തയ്യാറാക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയ്ക്കുള്ള അധികാരം.—ഈ ആക്റ്റിലെയോ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഈ ആക്റ്റിൻ കീഴിലുള്ള പ്ലാനുകളിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന ആവശ്യത്തിനുവേണ്ടി, അതിന്റെ അധികാരിതയിലുള്ള പ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിനുവേണ്ടി ഒന്നോ അതിലധികമോ ലാന്റ്പൂളിംഗ് സ്കീമുകൾ തയ്യാറാക്കാവുന്നതും നിർണ്ണയിക്കപ്പെട്ട പ്രകാരം അവയ്ക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതുമാണ്:

എന്നാൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ലാന്റ് പൂളിംഗ് സ്കീമിന്റെ തയ്യാറാക്കൽ ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ആ പ്രദേശത്ത് അധികാരിതയുള്ള വികസന അതോറിറ്റിയെ ഏൽപ്പിക്കാവുന്നതാണ്:

എന്നുമാത്രമല്ല, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അങ്ങനെയുള്ള പ്രദേശത്തെ ഏതെങ്കിലും വികസനം വികസന അതോറിറ്റിയുടെ സമ്മതത്തോടുകൂടി മാത്രം അനുവദിക്കേണ്ടതാണ്:

എന്നിരുന്നാലും, സർക്കാരിന്, അത് യുക്തമെന്ന് കരുതുന്നുവെങ്കിൽ ഒരു ലാന്റ് പൂളിംഗ് സ്കീം ഒരു വികസന അതോറിറ്റിയെ ഏൽപ്പിക്കാവുന്നതാണ്.

72. ലാന്റ് പൂളിംഗ് സ്കീമിന്റെ ഉള്ളടക്കം.—ലാന്റ് പൂളിംഗ് സ്കീമിൽ മറ്റുള്ളവയ്ക്കൊപ്പം, താഴെ പറയുന്ന വിശദാംശങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(എ) ലാന്റ് പൂളിംഗ് സ്കീമിൽ ഉൾപ്പെടുന്ന എല്ലാ പ്രാഥമിക പ്ലോട്ടുകളുടെയും അതിർത്തി, വിസ്തീർണ്ണം, ഉടമസ്ഥത, കാലാവധി, നിലവിലുള്ള ഉപയോഗം;

(ബി) ആ പ്രദേശത്ത് പ്രാബല്യത്തിലുള്ള മാസ്റ്റർ പ്ലാനോ വിശദ നഗരാസൂത്രണ പദ്ധതിയോ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിൽ അടങ്ങിയിട്ടുള്ള ഉപയോഗങ്ങളും അങ്ങനെയുള്ള ഭൂമി അപ്രകാരം ഉപയോഗിക്കുന്നതിന് വിധേയമാക്കാവുന്ന നിബന്ധനകളും ഉപാധികളും ഏതെങ്കിലുമുണ്ടെങ്കിൽ, അതും പൊതുവായി സൂചിപ്പിച്ചുകൊണ്ട് ഭൂമി നീക്കിവയ്ക്കൽ, ഏറ്റെടുക്കൽ അല്ലെങ്കിൽ വിതരണം;

(സി) ഒഴിഞ്ഞു കിടക്കുന്നതോ നേരത്തേ നിർമ്മാണ പ്രവർത്തനം നടത്തിയതോ ആയ ഭൂമിയുടെ അളന്നുതിട്ടപ്പെടുത്തലോ വീണ്ടുമുള്ള അളന്നുതിട്ടപ്പെടുത്തലോ;

(ഡി) നിർദ്ദിഷ്ട ലാന്റ് പൂളിംഗ് സ്കീമനുസരിച്ച് പുനർരൂപീകരിക്കപ്പെട്ട അന്തിമപ്ലോട്ടുകളായി പ്രാഥമികപ്ലോട്ടുകളുടെ അതിരുകൾക്ക് എത്രത്തോളം മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന്;

(ഇ) ലാന്റ് പൂളിംഗ് സ്കീമിന്റെ ആകെ ചെലവിന്റെ ഒരു എസ്റ്റിമേറ്റ്, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ വഹിക്കേണ്ടതായ മൊത്തം ചെലവ്, ഏതു കാലയളവിനുള്ളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നിവ;

(എഫ്) പ്രകൃതി ദുരന്തസാധ്യതാ മേഖലകൾക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ, കെട്ടിടങ്ങൾക്ക് ചുറ്റും നിലനിർത്തേണ്ടതായ തുറസ്സായ സ്ഥലം സംബന്ധിച്ചുള്ള നിബന്ധനകളും നിയന്ത്രണങ്ങളും, ഒരു പ്ലോട്ടിലെ നിർമ്മാണ പ്രദേശത്തിന്റെ ശതമാനം, പ്രത്യേക പ്രദേശങ്ങളിൽ അനുവദിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും ഉയരവും സ്വഭാവവും, ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് കെട്ടിടങ്ങൾ അല്ലെങ്കിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രദേശങ്ങൾ ഉപയോഗിക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യാവുന്നത്, പ്ലോട്ടുകളുടെ സബ്-ഡിവിഷൻ, ന്യായമായ കാലയളവുകളിൽ ഏതെങ്കിലും പ്രദേശത്ത് ഭൂമിയുടെ ആക്ഷേപകരമായ വിനിയോഗത്തിന്റെ നിർത്തലാക്കൽ, പാർക്കിംഗിനുള്ള സ്ഥലം, തള്ളിനിൽക്കുന്ന എടുപ്പുകളുടെയും പരസ്യചിന്നങ്ങളുടെയും വലിപ്പം.

73. <u>പ്രാഥമികപ്ലോട്ടുകളെ അന്തിമപ്ലോട്ടുകളായി പുനർരൂപീകരിക്കൽ.</u>—(1) ഒരു ലാന്റ് പൂളിംഗ് സ്കീമിൽ പ്ലോട്ടുകൾ പുനർരൂപീകരിക്കുന്നതിനായി, കെട്ടിടനിർമ്മാണ ആവശ്യങ്ങൾക്കായി അതിനെ അനുയോജ്യമാക്കി മാറ്റുന്നതിനും ഇതിനകം ഒരു പ്ലോട്ടിൽ നിർമ്മാണം നടത്തിയിട്ടുള്ളിടത്ത് കെട്ടിടങ്ങൾ കഴിയുന്നിടത്തോളം, ലാന്റ് പൂളിംഗ് സ്കീമിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി പുനർരൂപീകരിക്കപ്പെട്ട ഓരോ പ്ലോട്ടിന്റെയും വലിപ്പവും ആകൃതിയും തീരുമാനിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിനായി, ലാന്റ്പൂളിംഗ് സ്കീം,—

(എ) ആവശ്യമെങ്കിൽ, പ്രാഥമിക പ്ലോട്ടിന്റെ അതിരുകൾക്ക് മാറ്റം വരുത്തി പ്രാഥമിക പ്ലോട്ട് പുനർരൂപീകരിച്ച് അന്തിമ പ്ലോട്ട് രൂപപ്പെടുത്തുന്നതിനും;

(ബി) സമീപത്തുള്ള ഭൂമികളിൽ നിന്നും പൂർണ്ണമായോ ഭാഗീകമായോ കൈമാറ്റം ചെയ്ത് പ്രാഥമിക പ്ലോട്ടിൽ നിന്നും പുനർരൂപീകരിക്കപ്പെട്ട അന്തിമ പ്ലോട്ട് രൂപപ്പെടുത്തുന്നതിനും;

(സി) ലാന്റ്പൂളിംഗ് സ്കീമിന്റെ ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി, ഭൂമിയുടെ കൈവശം ഒഴിപ്പിക്കപ്പെട്ട ഏതെങ്കിലും ഉടമസ്ഥന് പുനർരൂപീകരിക്കപ്പെട്ട ഒരു അന്തിമ പ്ലോട്ട് നീക്കിവയ്ക്കുന്നതിനും;

(ഡി) പ്രാഥമിക പ്ലോട്ടിന്റെ ഉടമസ്ഥാവകാശം ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്യുന്നതിനും;

(ഇ) രണ്ടോ അതിലധികമോ പ്രാഥമിക പ്ലോട്ടുകൾ ഓരോന്നിന്റെയും ഉടമസ്ഥാവകാശം വെവ്വേറെയോ കൂട്ടായോ, വഹിക്കുന്ന ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അതിരുകളുടെ മാറ്റത്തോടുകൂടി പുനർരൂപീകരിക്കപ്പെട്ടതിനു ശേഷം, അതിരുകളിൽ മാറ്റം വരുത്തിക്കൊണ്ടോ അല്ലാതെയോ പുനർരൂപീകരിക്കപ്പെട്ട പ്ലോട്ടായി കൂട്ടായ ഉടമസ്ഥാവകാശത്തിൽ വയ്ക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നതിനും;

(എഫ്) ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥരുടെയും അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് ഉൾപ്പെട്ടിട്ടുള്ള വിവിധ ഏജൻസികളുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിക്കുന്നതിനും;

(ജി) ഭൂവുടമകളിൽ ഒരു ന്യൂനപക്ഷം, സ്കീം നടപ്പിലാക്കുന്നത് എതിർക്കുന്ന സംഗതികളിൽ, സ്വീകരിക്കേണ്ട നടപടിക്രമത്തിനും,

ഉള്ള നിർദ്ദേശങ്ങൾ അടങ്ങിയതാകാവുന്നതാണ്.

കുറിപ്പ്:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "പ്രാഥമിക പ്ലോട്ട്" എന്നാൽ ലാന്റ് പൂളിംഗ് സ്കീമിൽ പുനർരൂപീകരണത്തിനുവേണ്ടി പ്രാഥമികമായി ഉപയോഗിച്ച പ്ലോട്ട് എന്നും "അന്തിമ പ്ലോട്ട്" എന്നാൽ പ്രാഥമിക പ്ലോട്ടുകൾക്കു പകരമായി ഉടമസ്ഥന് അനുവദിക്കപ്പെട്ടിട്ടുള്ള പ്ലോട്ട് എന്നും അർത്ഥമാകുന്നു.

74. ലാന്റ് പൂളിംഗ് സ്കീം തയ്യാറാക്കലും പ്രസിദ്ധീകരിക്കലും അനുമതി നൽകലും.—(1) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ, അതിന്റെ അധികാരിതയിലുള്ള പ്രദേശത്തെ ഏതെങ്കിലും ഭാഗം സംബന്ധിച്ച്, ഒരു ലാന്റ് പൂളിംഗ് സ്കീം തയ്യാറാക്കുന്നതിന്, ഒരു പ്രമേയം വഴി, തീരുമാനിക്കാവുന്നതാണ്.

(2) ലാന്റ് പൂളിംഗ് സ്കീം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനും അനുവർത്തിക്കേണ്ടതായ നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

## അദ്ധ്യായം XI

## പദ്ധതികളുടെ നടപ്പാക്കൽ

75. വാർഷിക പ്ലാനുകളും പഞ്ചവത്സര പ്ലാനുകളും വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കണമെന്ന്.—ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും, അതതു സംഗതിപോലെ, 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റിന്റെ (1994-ലെ 13) 175-ാം വകുപ്പിൻകീഴിലോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 51-ാം വകുപ്പിൻ കീഴിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം വികേന്ദ്രീകരണ ആസൂത്രണത്തിൻ കീഴിലുള്ള വാർഷിക പ്ലാനുകളിലും, പഞ്ചവത്സര പ്ലാനുകളിലും ഉൾപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുമ്പോൾ, ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പ്ലാനുകളിൽ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.

76. സർക്കാർ വകുപ്പുകളും മറ്റ് അധികാരസ്ഥാനങ്ങളും പദ്ധതികൾക്ക് രൂപം നൽകുമ്പോൾ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയ പ്ലാനുകൾ പരിഗണിക്കേണ്ടതാണെന്ന്.—സർക്കാർ വകുപ്പുകളും സംസ്ഥാന ആസൂത്രണ ബോർഡും ജില്ലാ ആസൂത്രണ കമ്മിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന ഏജൻസികളും, നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക്, രൂപം നൽകുമ്പോൾ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയ പ്ലാനുകൾക്ക് യഥാവിധി പരിഗണന നൽകേണ്ടതാണ്.

77. നിലവിലുള്ള വസ്തു ആർജ്ജന ആക്റ്റിൻ കീഴിൽ വസ്തു ഏറ്റെടുക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റ് പ്രകാരമുള്ള ഒരു പ്ലാനിൽ ആവശ്യമായതോ, നീക്കിവയ്ക്കപ്പെട്ടതോ മാറ്റിവെയ്ക്കപ്പെട്ടതോ ആയ ഏതെങ്കിലും ഭൂമി, നിലവിലുള്ള വസ്തു ആർജ്ജന ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പൊതു ആവശ്യത്തിന് ആവശ്യമുള്ള ഭൂമിയായി കരുതപ്പെടുന്നതും, അതതുസംഗതിപോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയോ മുനിസിപ്പൽ കൗൺസിലിന്റെയോ മുനിസിപ്പൽ കോർപ്പറേഷന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ഈ ആക്റ്റിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും വികസന അതോറിറ്റികളുടെയോ സർക്കാർ വകുപ്പുകളുടെയോ അർദ്ധസർക്കാർ ഏജൻസികളുടെയോ അപേക്ഷയിന്മേൽ സർക്കാരിന് ഏറ്റെടുക്കാവുന്നതുമാണ്.

78. പ്ലാനുകൾ നടപ്പിലാക്കുന്നതിനായി വസ്തു ഏറ്റെടുക്കൽ.—ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ വികസന അതോറിറ്റിക്കോ ഈ ആക്റ്റിൻ കീഴിലെ ഒരു പ്ലാൻ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ജംഗമമോ സ്ഥാവരമോ ആയ ഏതെങ്കിലും വസ്തു, വിലയ്ക്ക് വാങ്ങലോ, വിനിമയമോ, ഇഷ്ടദാനമോ പാട്ടമോ ഒറ്റിയോ വിലപേശിവാങ്ങലോ വഴിയോ ഏതെങ്കിലും നിയമത്തിൻ കീഴിൽ അനുവദനീയമായ മറ്റേതെങ്കിലും രീതിയിലോ, ഏറ്റെടുക്കാവുന്നതാണ്.

79. സർക്കാർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യൽ.—സർക്കാരിന്, ഉത്തരവു വഴിയും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും സർക്കാരും തമ്മിൽ സമ്മതിച്ചേക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും അവരുടെ അധികാരപരിധിയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന വികസിതമോ അവികസിതമോ ആയ ഏതെങ്കിലും സർക്കാർ ഭൂമി, ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനിന് അനുസൃതമായി വികസിപ്പിക്കുന്നതിന്റെ ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്.

80. കൈമാറ്റം ചെയ്യപ്പെടാവുന്ന വികസന അവകാശം നൽകുന്നതുവഴിയുള്ള ഭൂമി ഏറ്റെടുക്കൽ.—ഒരു വികസന അതോറിറ്റിക്കോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ അല്ലെങ്കിൽ ഗ്രാമ പഞ്ചായത്തിനോ, ഉടമസ്ഥന്റെ സമ്മതത്തോടുകൂടി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, ഭൂമിയുടെ വില നൽകുന്നതിനു പകരം, രജിസ്റ്റർ ചെയ്യേണ്ട വികസന അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതു വഴി കൈമാറ്റം ചെയ്യപ്പെടാവുന്ന വികസന അവകാശം നൽകിക്കൊണ്ട് പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാവുന്നതാണ്:

എന്നാൽ, ബന്ധപ്പെട്ട ഭൂമിയുടെ അനുവദനീയമായ തറവിസ്തീർണ്ണാനുപാതത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള ആകെ അനുവദനീയമായ നിർമ്മിതസ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള കൈമാറ്റം ചെയ്യപ്പെടാവുന്ന വികസന അവകാശം, ഉടമസ്ഥൻ അനുവദനീയമായ നിർമ്മിത സ്ഥലത്തിന് പുറമേയും അതിനുപരിയായും വിനിയോഗിക്കേണ്ടതും, അയാൾക്ക് അത് സ്വയം ഉപയോഗിക്കുകയോ, മാസ്റ്റർ പ്ലാനിലെയോ വിശദ നഗരാസൂത്രണ പദ്ധതിയിലെയോ

ആവശ്യങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ട പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതിനായി നിലവിലുള്ള സ്ഥലത്ത് നിന്നും അത് മറ്റേതെങ്കിലും ആൾക്ക്, മുഴുവനായോ ഭാഗികമായോ കൈമാറ്റം ചെയ്യാവുന്നതുമാണ്.

81. അക്കോമഡേഷൻ റിസർവേഷൻ വഴി വസ്തുവിന്റെയും നിർമ്മിത സ്ഥലത്തിന്റെയും ഏറ്റെടുക്കൽ.—ഒരു വികസന അതോറിറ്റിക്കോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ അനുമതി ലഭിച്ച മാസ്റ്റർ പ്ലാനിലോ വിശദ നഗരാസൂത്രണ പദ്ധതിയിലോ സൂചിപ്പിച്ചിരിക്കുന്ന പൊതു ആവശ്യങ്ങൾക്കായി, ഉടമസ്ഥന്റെ അനുവാദത്തോടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, ബന്ധപ്പെട്ട വികസന അതോറിറ്റിക്കോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട സൗകര്യങ്ങൾക്ക് വേണ്ടി, ഭൂമിയുടെയും നിർമ്മിതസ്ഥലത്തിന്റെയും വിലയ്ക്കുപകരമായി സൗകര്യങ്ങൾക്ക് ആവശ്യമായ നിർമ്മിത സ്ഥലത്തിന് പുറമേ, അനുവദിക്കപ്പെട്ട തറവിസ്തീർണ്ണ അനുപാതത്തിന് അനുസൃതമായുള്ള നിർമ്മിതസ്ഥലത്തിന്റെ രൂപത്തിൽ അനുവാദം നൽകിക്കൊണ്ട്, അക്കോമഡേഷൻ റിസർവേഷൻ വഴി, ഭൂമിയും നിർമ്മിത സ്ഥലവും ഏറ്റെടുക്കാവുന്നതാണ്.

82. പ്രമോട്ടർമാർ നടത്തുന്ന വികസന ജോലികൾ.—ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഒരു വികസന അതോറിറ്റിക്കോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ അനുമതി ലഭിച്ച ഒരു പ്ലാനിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി, സ്വകാര്യ മേഖലയിലെയോ സംയുക്ത മേഖലയിലെയോ പ്രമോട്ടറെ, സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, അതിനനുസൃതമായി, അതിന്റെ അധികാരപരിധിക്കുള്ളിലെ ഒരു വികസനം ഏറ്റെടുക്കുന്നതിനോ നടത്തുന്നതിനോ അനുവദിക്കാവുന്നതാണ്.

83. വികസന ചാർജ്ജുകളുടെ ചുമത്തൽ.—ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായും സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയും, ഒരു വികസന അതോറിറ്റിക്കോ ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പിൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം വഴി,—

(എ) X-ാം അദ്ധ്യായത്തിൻ കീഴിൽ അനുവാദം ആവശ്യമായ, ഭൂമിയുടെ ഏതെങ്കിലും വികസനമോ ഭൂമിയുടെയോ കെട്ടിടത്തിന്റെയോ ഉപയോഗത്തിൽ ഏതെങ്കിലും മാറ്റമോ വരുത്തുന്നതിനും;

(ബി) അടിസ്ഥാനസൗകര്യങ്ങളുടെയോ സൗകര്യങ്ങളുടെയോ ഏർപ്പെടുത്തലോ വർദ്ധനവോ ആവശ്യമാക്കുന്ന ഏതെങ്കിലും വികസനത്തിനും;

(സി) ഒഴിഞ്ഞു കിടക്കുന്ന ഭൂമിക്കും (വികസന ചാർജ്ജുകൾ 'ഡെവലപ്പ്ഡ് വേക്കന്റ് ലാന്റ് സെസ്സ്' എന്ന് നാമകരണം ചെയ്തിരിക്കുന്നു);

വികസന ചാർജ്ജുകൾ ചുമത്താവുന്നതാണ്;

എന്നാൽ, കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ വികസന അതോറിറ്റിയിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ നിക്ഷിപ്തമായതോ അവയുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതോ ആയ ഏതെങ്കിലും ഭൂമിയിൽ യാതൊരു വികസന ചാർജ്ജുകളും ചുമത്താവുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്താവുന്ന വികസന ചാർജ്ജുകളുടെ നിരക്കും അവ തിട്ടപ്പെടുത്തേണ്ടതും ഈടാക്കേണ്ടതുമായ രീതിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

(3) സർക്കാരിന്, ചട്ടങ്ങൾ വഴി, ഏതെങ്കിലും ഭൂമിയിന്മേൽ വികസന ചാർജ്ജുകൾ ചുമത്തുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

84. <u>വികസന ചാർജ്ജുകൾ ചുമത്തുന്നതിന്മേലുള്ള അപ്പീലുകൾ.</u>—ഈ ആക്റ്റിൻ കീഴിൽ വികസന ചാർജ്ജ് ചുമത്തിയതുമായോ നിർണ്ണയിച്ചതുമായോ പിരിച്ചെടുത്തതുമായോ ബന്ധപ്പെട്ട ഏതെങ്കിലും അപ്പീൽ, 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റിന്റെ 271എന്ന് വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ നൽകേണ്ടതാണ്.

85. <u>യൂസർ ഫീ ചുമത്തൽ.</u>—(1) ഒരു വികസന അതോറിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ നൽകുന്ന ഉപയോഗ്യതകളുടെയോ പ്രയോജനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ സൗകര്യങ്ങളുടെയോ മൂലധനചെലവും പരിപാലനത്തിനുള്ള ചെലവും പൂർണ്ണമായോ ഭാഗികമായോ ഈടാക്കുന്നതിനായി, യൂസർ ഫീ എന്ന പേരിൽ ഒരു ചാർജ്ജ് അതിന്റെ ഉപഭോക്താക്കളിൽ ചുമത്തുകയും അവരിൽ നിന്നും പിരിച്ചെടുക്കുകയും ചെയ്യാവുന്നതാണ്.

(2) യൂസർ ഫീയായി ചുമത്തേണ്ട തുകയും ആയത് തിട്ടപ്പെടുത്താനും പിരിച്ചെടുക്കുവാനുമുള്ള രീതിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

(3) ബന്ധപ്പെട്ട വികസന അതോറിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തോ, സമ്മതിച്ചേക്കാവുന്ന പ്രകാരമുള്ള, വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, അവയുടെ അധികാര പരിധിക്കുള്ളിൽ, ഉപയോഗ്യതകളോ പ്രയോജനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ സൗകര്യങ്ങളോ നൽകുന്നതും പരിപാലിക്കുന്നതുമായ ജോലി ഏതെങ്കിലും ആളിനോ ഏതെങ്കിലും ഏകാംഗീകൃതമോ അല്ലാത്തതോ ആയ സംഘടനയ്ക്കോ ഒരു സംഘം ആളുകൾക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, അങ്ങനെയുള്ള ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീ പിരിച്ചെടുക്കാൻ അനുവദിക്കാവുന്നതുമാകുന്നു.

## അദ്ധ്യായം XII

## കേരള അർബൻ ആർട്ട് കമ്മീഷൻ

86. കേരള അർബൻ ആർട്ട് കമ്മീഷന്റെ രൂപീകരണം.—സർക്കാരിന്, സംസ്ഥാനത്തിനുവേണ്ടി സംസ്ഥാനത്തിനകത്തെ നഗര പാരിസ്ഥിതിക രൂപകല്പനയുടെ സൗന്ദര്യാത്മകമായ ഗുണനിലവാരം പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമായി 'കേരള അർബൻ ആർട്ട് കമ്മീഷൻ' എന്ന പേരിൽ ഒരു അർബൻ ആർട്ട് കമ്മീഷൻ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി രൂപീകരിക്കാവുന്നതാണ്.

87. കേരള അർബൻ ആർട്ട് കമ്മീഷനിലെ അംഗങ്ങൾ.—(1) കമ്മീഷനിൽ ഒരു ചെയർപേഴ്സണും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ളതും സർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിയമിക്കാവുന്നതുമായ അങ്ങനെയുള്ള എണ്ണം ഔദ്യോഗികവും അനൗദ്യോഗികവുമായ അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അതിൽ, സർക്കാരിന്റെ അഭിപ്രായത്തിൽ, നഗര പാരിസ്ഥിതിക രൂപകല്പനയിലോ ആർക്കിടെക്ചറിലോ മറ്റ് അനുബന്ധ വിഷയങ്ങളിലോ പ്രത്യേക പരിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ള ആളുകൾ ഉൾപ്പെടാവുന്നതുമാണ്.

(2) നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറി കേരള അർബൻ ആർട്ട് കമ്മീഷന്റെ എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ ആയിരിക്കുന്നതും ചീഫ് ടൗൺ പ്ലാനർ അതിന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതുമാണ്.

(3) അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവനം സംബന്ധിച്ച ഉപാധികളും നൽകേണ്ട അലവൻസുകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

88. പ്രത്യേക ക്ഷണിതാക്കളെ ഉൾപ്പെടുത്തേണ്ടതാണെന്ന്.—87-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന വിഷയങ്ങളിൽ പരിജ്ഞാനമുള്ള ആളുകളെ കേരള അർബൻ ആർട്ട് കമ്മീഷൻ, കമ്മീഷന്റെ സ്ഥിരമോ പ്രത്യേകമോ ആയ ക്ഷണിതാക്കളായി പ്രത്യേക ആവശ്യങ്ങൾക്കായി ഉൾപ്പെടുത്താവുന്നതാണ്.

89. കേരള അർബൻ ആർട്ട് കമ്മീഷനാൽ സബ് കമ്മിറ്റികളുടെ നിയമനം.—കേരള അർബൻ ആർട്ട് കമ്മീഷനെ, അത് പ്രത്യേകം പറയാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും സഹായിക്കുന്നതിന്റെ ആവശ്യത്തിലേക്കായി കേരള അർബൻ ആർട്ട് കമ്മീഷന്, കേരള അർബൻ ആർട്ട് കമ്മീഷന്റെ ഏതെങ്കിലും അംഗത്തിനെയും അല്ലെങ്കിൽ പ്രത്യേക ക്ഷണിതാവിനെയും, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിയെയോ, കൂടാതെ/ അല്ലെങ്കിൽ ആവശ്യമെന്നു കരുതാവുന്ന മറ്റ് വകുപ്പുകളിലെയോ ബന്ധപ്പെട്ട അർദ്ധ സർക്കാർ ഏജൻസികളിലെയോ ഉദ്യോഗസ്ഥരെയോ ഉൾക്കൊള്ളിച്ചുകൊണ്ട് ഒന്നോ, അതിൽ കൂടുതലോ സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

9 ). കേരള അർബൻ ആർട്ട് കമ്മീഷന്റെ സാങ്കേതിക സെക്രട്ടേറിയറ്റ്.—ചീഫ് ടൗൺ പ്ലാനറുടെ ആഫീസ് കേരള അർബൻ ആർട്ട് കമ്മീഷന്റെ സാങ്കേതിക സെക്രട്ടേറിയറ്റായി പ്രവർത്തിക്കുന്നതും, ഈ ആക്റ്റിൻ കീഴിൽ കേരള അർബൻ ആർട്ട് കമ്മീഷന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രാപ്തമാക്കുന്നതിനായി സർക്കാരിന്, ആവശ്യമെന്ന് അത് കരുതാവുന്ന കൂടുതൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകാവുന്നതുമാണ്.

91. കേരള അർബൻ ആർട്ട് കമ്മീഷന്റെ ചുമതലകൾ.—(1) സംസ്ഥാനത്തിനകത്ത് നഗര പാരിസ്ഥിതിക രൂപകല്പനയുടെ സൗന്ദര്യപരമായ ഗുണമേന്മ പരിപാലിക്കുന്നതും വികസിപ്പിക്കുന്നതും നിലനിർത്തിപോരുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതും, പരിസരങ്ങളുടെ സ്കൈലൈനിനെയോ സൗന്ദര്യപരമായ ഗുണമേന്മയെയോ അവിടെയുള്ള ഏതെങ്കിലും പൊതു സൗകര്യങ്ങളെയോ ബാധിക്കുന്നതോ ബാധിക്കുവാനിടയുള്ളതോ ആയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളോ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളോ ഏതെങ്കിലും വികസന നിർദ്ദേശമോ സംബന്ധിച്ചുള്ള ഏതെങ്കിലും പദ്ധതികളെ സംബന്ധിച്ച് ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിനോ ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകുന്നതും കേരള അർബൻ ആർട്ട് കമ്മീഷന്റെ പൊതുവായ കർത്തവ്യമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേരള അർബൻ ആർട്ട് കമ്മീഷന്, സർക്കാരോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, ഏതെങ്കിലും സർക്കാർ വകുപ്പോ, അർദ്ധസർക്കാർ എജൻസിയോ, അതിന് അയച്ചുകൊടുക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, സൂക്ഷ്മപരിശോധന നടത്തുകയോ, അംഗീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) 1958-ലെ പുരാതന സ്മാരകങ്ങളും പുരാവസ്തു ശാസ്ത്ര പരിസരവും, ശേഷിപ്പും ആക്റ്റിനും (1958-ലെ 24-ാം കേന്ദ്ര ആക്റ്റ്), 1968-ലെ കേരള പുരാതന സ്മാരകങ്ങളും പുരാവസ്തു ശാസ്ത്ര പരിസരവും ശേഷിപ്പും ആക്റ്റിനും (1969-ലെ 26-ാം ആക്റ്റ്) വിധേയമായി കേരള അർബൻ ആർട്ട് കമ്മീഷൻ,—

(i) സംരക്ഷണം ആവശ്യമുള്ള കെട്ടിടങ്ങളും പരിസരവും കണ്ടെത്തുകയും അപ്രകാരമുള്ള കെട്ടിടങ്ങളുടെയും പരിസരങ്ങളുടെയും പട്ടിക തയ്യാറാക്കുകയോ തയ്യാറാക്കിപ്പിക്കുകയോ ചെയ്യുകയും അവ തരംതിരിക്കുകയും;

(ii) കേരള അർബൻ ആർട്ട് കമ്മീഷൻ അധികാരപ്പെടുത്തിയേക്കാവുന്ന ഏതെങ്കിലും ആളോ ഏജൻസിയോ മുഖേന അതിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും നിർമ്മിതികളും പരിശോധിക്കുകയും കാലാകാലങ്ങളിൽ അപ്രകാരമുള്ള കെട്ടിടങ്ങളുടെയോ പരിസരങ്ങളുടെയോ പട്ടിക തയ്യാറാക്കുന്നതിനും, നിലവിലുള്ള സ്ഥിതി നിരീക്ഷിക്കുന്നതിനും, പഠനങ്ങളും സർവ്വേകളും നടത്തുകയും അടിസ്ഥാന രേഖകൾ ശേഖരിക്കുകയും;

(iii) ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും പ്ലാനിൽ നഗര രൂപകല്പനാ നിയന്ത്രണം ആവശ്യമായിട്ടുള്ള മേഖലകളിൽ, കേരള അർബൻ ആർട്ട് കമ്മീഷൻ പട്ടിക തയ്യാറാക്കിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടത്തിനെയോ പരിസരത്തിനെയോ സംബന്ധിക്കുന്ന മാതൃക പ്ലാനുകളും വികസന നിയന്ത്രണങ്ങളും ആവിഷ്ക്കരിക്കുന്നതിന്, വിശദമായ പഠനങ്ങളും സർവ്വേകളും അടിസ്ഥാന രേഖകൾ ശേഖരിക്കലും നടത്തുകയോ നടത്തിപ്പിക്കുകയോ ചെയ്യുകയും;

(iv) ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും പ്ലാനിൽ കണ്ടെത്തിയിട്ടുള്ള അങ്ങനെയുള്ള കെട്ടിടത്തിനോ പരിസരത്തിനോ മേഖലയ്ക്കോ രൂപകല്പന സംബന്ധിച്ച ഏതെങ്കിലും ശൈലിയോ സ്വഭാവമോ വിശേഷണമോ നിർണ്ണയിക്കുകയും;

(v) കേരള അർബൻ ആർട്ട് കമ്മീഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും സംബന്ധിച്ചുള്ള കാര്യങ്ങളിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സർക്കാരിന് ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുകയും;

(vi) നഗര-പാരിസ്ഥിതിക രൂപകല്പനയുടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും;

(vii) മുകളിൽ പരാമർശിച്ചിട്ടുള്ളതും, അതിന് അയച്ചുകൊടുത്തിട്ടുള്ളതുമായ ഏതെങ്കിലും വിഷയത്തിൽ സർക്കാരിനോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഉപദേശം നൽകുകയും;

(viii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റേതെങ്കിലും കാര്യം ചെയ്യുകയും,

ചെയ്യാവുന്നതാണ്.

92. കേരള അർബൻ ആർട്ട് കമ്മീഷന് സർക്കാർ വകുപ്പുകൾ മുതലായവയുടെ സേവനങ്ങൾ.—കേരള അർബൻ ആർട്ട് കമ്മീഷന്, അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സർക്കാർ വകുപ്പുകളുടെയോ അർദ്ധസർക്കാർ ഏജൻസികളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ കൺസൾട്ടന്റുകളുടെയോ വിദഗ്ദ്ധരുടെയോ സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്.

93. കേരള അർബൻ ആർട്ട് കമ്മീഷന്റെ യോഗങ്ങൾ.—കേരള അർബൻ ആർട്ട് കമ്മീഷൻ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അങ്ങനെയുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

94. കേരള അർബൻ ആർട്ട് കമ്മീഷനുവേണ്ടിയുള്ള നിധി.—കേരള അർബൻ ആർട്ട് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പ്രത്യേക നിധി രൂപീകരിക്കേണ്ടതും, ആയത് കേരള അർബൻ ആർട്ട് കമ്മീഷന്റെ യഥേഷ്ട നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

95. സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെയും വികസന അതോറിറ്റിയുടെയും കേരള അർബൻ ആർട്ട് കമ്മീഷന്റെയും അനൗദ്യോഗിക അംഗങ്ങളെ നീക്കം ചെയ്യൽ.—(1) സർക്കാരിന്, ഉത്തരവു വഴി, സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെയും കേരള അർബൻ ആർട്ട് കമ്മീഷന്റെയും വികസന അതോറിറ്റികളുടെയും ഏതൊരു അനൗദ്യോഗിക അംഗത്തെയും അദ്ദേഹം,—

(എ) ഒരു അവിമുക്ത നിർദ്ധനനാണെങ്കിലോ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ, സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടുവെങ്കിലോ;

(സി) ഒരു ചെയർപേഴ്സൺ അല്ലെങ്കിൽ അംഗം എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് ശാരീരികമായോ മാനസികമായോ കഴിവില്ലാതായി തീർന്നുവെങ്കിലോ;

(ഡി) അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുവാനിടയുള്ള പ്രകാരം സാമ്പത്തികമോ മറ്റുവിധത്തിലോ ഉള്ള താൽപ്പര്യം ആർജ്ജിച്ചുവെങ്കിലോ;

(ഇ) അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരുന്നത് പൊതുതാത്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗം ചെയ്തുവെങ്കിലോ,—

അയാളെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ (ഡി)യും (ഇ)യും ഖണ്ഡങ്ങൾ പ്രകാരം യാതൊരാളെയും അയാൾക്ക് ഈ വിഷയത്തിൽ പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

96. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കേരള അർബൻ ആർട്ട് കമ്മീഷന്റെ ചുമതലകളുടെ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായി റെഗുലേഷനുകൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം XIII

## ധനകാര്യവും—കണക്കുകളും ആഡിറ്റും

97. ആസൂത്രണ-വികസന നിധി.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഓരോ മുനിസിപ്പൽ കോർപ്പറേഷനും, മുനിസിപ്പൽ കൗൺസിലും നഗര പഞ്ചായത്തും ഗ്രാമപഞ്ചായത്തും ആസൂത്രണ-വികസന നിധി എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിക്കേണ്ടതും ആയതിൽ താഴെപ്പറയുന്നവ വകകൊള്ളിക്കേണ്ടതുമാണ്:—

(എ) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റേതെങ്കിലും സംസ്ഥാന, ദേശീയ അന്തർദ്ദേശീയ ഏജൻസിയിൽ നിന്നോ, ഗ്രാന്റായോ വായ്പകളായോ മുൻകൂറുകളായോ, മറ്റുവിധത്തിലോ ലഭിച്ചിട്ടുള്ള തുക;

(ബി) ഈ ആക്റ്റിൻ കീഴിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ലഭിച്ചിട്ടുള്ള എല്ലാ വികസന ചാർജ്ജുകളും അല്ലെങ്കിൽ മറ്റ് ചാർജ്ജുകളും ഫീസും;

(സി) ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ നിധിയിൽ നിന്നുള്ള സംഭാവനകൾ;

(ഡി) 110-ാം വകുപ്പ് പ്രകാരം വിപണിയിൽ നിന്ന് സർക്കാരിന്റെ അംഗീകാരത്തോടുകൂടി നിർണ്ണയിക്കപ്പെട്ട പ്രകാരം ഡിബൻജറുകളായോ ബോണ്ടുകളായോ മറ്റ് മാർഗ്ഗങ്ങളിലോ കടം വാങ്ങിയ ഏതെങ്കിലും തുക;

(ഇ) വാടകയായോ മറ്റുവിധത്തിലോ അതിന്റെ ആസ്തികളുടെ വിക്രയം മുഖേനയോ ആദായകരമായ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഏതെങ്കിലും തുക;

(എഫ്) ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും ലഭിച്ച മറ്റേതെങ്കിലും തുക;

(2) ആസൂത്രണ-വികസന നിധി താഴെപ്പറയുന്ന ചെലവുകൾ നേരിടുന്നതിനായി വിനിയോഗിക്കേണ്ടതാണ്, അതായത്:—

(എ) ഈ ആക്റ്റിന്റെ ഭരണനിർവ്വഹണത്തിനായുള്ള ചെലവുകൾ;

(ബി) ഈ ആക്റ്റിൻ കീഴിലുള്ള ആസൂത്രിത വികസന ആവശ്യങ്ങൾക്കായി തദ്ദേശാസൂത്രണ പ്രദേശത്തിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്;

(സി) ഈ ആക്റ്റിൻ കീഴിലുള്ള പ്ലാനുകളിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം തദ്ദേശാസൂത്രണപ്രദേശത്തിലെ അടിസ്ഥാന സൗകര്യത്തിനും ഭൂവികസനത്തിനുമുള്ള ചെലവ്;

(ഡി) ഈ ആക്റ്റിൻ കീഴിലുള്ള പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ നേരിട്ട ഏതെങ്കിലും ചെലവുകൾ;

(ഇ) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അങ്ങനെയുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്കായുള്ള ചെലവുകൾ.

98. ബോർഡ്, ജില്ലാ ആസൂത്രണ കമ്മിറ്റി, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി എന്നിവയുടെ ഫണ്ട്.—സർക്കാർ അനുവദിക്കുന്നുവെങ്കിൽ ബോർഡ് ജില്ലാ ആസൂത്രണ കമ്മിറ്റികൾ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾ, വികസന അതോറിറ്റികൾ എന്നിവയ്ക്ക് ഒരു പ്രത്യേക ഫണ്ട് പരിപാലിക്കാവുന്നതും അതിൽ ഈ ആക്റ്റ് പ്രകാരം അവർക്ക് ലഭിക്കുന്ന എല്ലാ പണവും വരവ് വയ്ക്കേണ്ടതും ആയത് ഈ ആക്റ്റിൻ കീഴിലുള്ള അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ചെലവുകൾ നേരിടുന്നതിനായി വിനിയോഗിക്കേണ്ടതുമാണ്.

99. ആസൂത്രണ വികസന ഫണ്ടുകളിലേക്കും മറ്റ് ഫണ്ടുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയുടെ സംഭാവനകൾ.—(1) ഓരോ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലും ബന്ധപ്പെട്ട ഓരോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ മുൻ വർഷം വരവ് വച്ചിട്ടുള്ള മൊത്തം തുകയുടെ അര ശതമാനത്തിന് തുല്യമായ ഒരു തുക 97-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച അതിന്റെ ആസൂത്രണ വികസന ഫണ്ടിലേക്ക് സംഭാവന ചെയ്യേണ്ടതാണ്.

(2) ബോർഡോ, അതതു സംഗതിപോലെ, ഒരു ജില്ലാ ആസൂത്രണ കമ്മിറ്റിയോ ഒരു മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ ഒരു വികസന അതോറിറ്റി, ഏതെങ്കിലുമുണ്ടെങ്കിൽ അതോ, പരിപാലിച്ചുവരുന്ന ഫണ്ടിലേക്ക് സർക്കാർ നിശ്ചയിക്കാവുന്ന ഏതെങ്കിലും തുക, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ സംഭാവന ചെയ്യാവുന്നതാണ്.

100. അക്കൗണ്ടുകളും ആഡിറ്റും.—(1) ബോർഡ്, ജില്ലാ ആസൂത്രണ കമ്മിറ്റികൾ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾ, വികസന അതോറിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ, ടൗൺ പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ ഈ ആക്റ്റ് പ്രകാരം അവർ വച്ചുപോരുന്ന ഫണ്ടുകളെ സംബന്ധിച്ച ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റു രേഖകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വച്ചുപോരുന്ന അക്കൗണ്ടുകൾ 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റിൻ (1994-ലെ 14) കീഴിലുള്ള ആഡിറ്റർമാരാൽ, വാർഷിക ആഡിറ്റിന് വിധേയമായിരിക്കുന്നതാണ്.

(3) ബോർഡിന്റെ എല്ലാ അക്കൗണ്ടുകളും മറ്റ് രേഖകളും ആഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി ആഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.

(4) ആഡിറ്റ് റിപ്പോർട്ട് ലഭ്യമായ ഉടൻ തന്നെ സർക്കാർ അത് നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

101. വാർഷിക റിപ്പോർട്ടുകൾ.—(1) ബോർഡ്, മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷവും തയ്യാറാക്കേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള തീയതിയിലോ അതിനു മുൻപായോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വികസന അതോറിറ്റിയും ഓരോ വർഷവും ഓരോ സാമ്പത്തിക വർഷത്തേക്കും ഈ ആക്റ്റ് പ്രകാരമുള്ള പ്ലാനുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച്, മേഖലാതലത്തിൽ കൈവരിച്ച ലക്ഷ്യങ്ങൾ വ്യക്തമാക്കിക്കൊണ്ടും പ്രസക്തമായ

ധനകാര്യ പ്രസ്താവനകൾ സഹിതവും ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അതതു സംഗതി പോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ റിപ്പോർട്ട് സമർപ്പിക്കേണ്ടതും, അവ അങ്ങനെയുള്ള റിപ്പോർട്ടുകൾ ഏകോപിപ്പിക്കേണ്ടതും ബോർഡിന് ഒരു ഏകീകൃത റിപ്പോർട്ട്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള തീയതിയിലോ അതിന് മുൻപായോ സമർപ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം XIV

## അനുബന്ധവും പലവകയായതുമായ വ്യവസ്ഥകൾ

102. പ്രവേശനത്തിനുള്ള അധികാരം.—ഏതെങ്കിലും പ്ലാനിന്റെ തയ്യാറാക്കലിന്റെയോ നിർവ്വഹണത്തിന്റെയോ ആവശ്യത്തിലേക്കായി ബോർഡ് നിയമിച്ചതോ അധികാരപ്പെടുത്തിയതോ ആയ ആളുകൾക്കോ ജില്ല ആസൂത്രണ കമ്മിറ്റികൾക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾക്കോ ചീഫ് ടൗൺ പ്ലാനർക്കോ വികസന അതോറിറ്റികൾക്കോ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റികൾക്കോ മുനിസിപ്പൽ കോർപ്പറേഷനുകൾക്കോ മുനിസിപ്പൽ കൗൺസിലുകൾക്കോ ടൗൺ പഞ്ചായത്തുകൾക്കോ ഗ്രാമപഞ്ചായത്തുകൾക്കോ, ആവയോ സർക്കാരോ നിയമിച്ചതോ അധികാരപ്പെടുത്തിയതോ ആയ ആളുകൾക്കോ, വസ്തുവിൽ പ്രവേശിക്കുന്നതിനും സർവ്വേ നടത്തുന്നതിനും അടയാളങ്ങൾ സ്ഥാപിക്കുന്നതിനും അങ്ങനെയുള്ള കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ പ്രവർത്തികളും ചെയ്യുന്നതിനും, മുനിസിപ്പാലിറ്റി സെക്രട്ടറിക്കും അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, തത്സമയം പ്രാബല്യത്തിലുള്ള മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട നിയമത്തിൻ കീഴിൽ ഉള്ള അതേ അധികാരം, അതേ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഉണ്ടായിരിക്കുന്നതാണ്.

103. നടപ്പിലാക്കൽ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ,

(എ) ബോർഡോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ വികസന അതോറിറ്റിയോ ജോയിന്റ് ആസൂത്രണ കമ്മിറ്റിയോ തദ്ദേശസ്വയംഭരണ സ്ഥാപനമോ ഏർപ്പെടുത്തിയിട്ടുള്ളതോ ജോലിക്കായി നിയോഗിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആളെയോ അല്ലെങ്കിൽ ബോർഡുമായോ ജില്ലാ ആസൂത്രണ കമ്മിറ്റിയുമായോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുമായോ വികസന അതോറിറ്റിയുമായോ ജോയിന്റ് ആസൂത്രണ കമ്മിറ്റിയുമായോ തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ കരാറിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളെയോ അയാളുടെ കർത്തവ്യമോ ഈ ആക്റ്റിൻ കീഴിൽ അയാളെ അധികാരപ്പെടുത്തിയിട്ടുള്ളതോ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളതോ ആയ മറ്റേതെങ്കിലും കാര്യമോ നിർവ്വഹിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതിൽ തടസ്സപ്പെടുത്തുകയോ;

(ബി) ഈ ആക്റ്റിൻകീഴിൽ അധികാരപ്പെടുത്തിയ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ ഏതെങ്കിലും, നിരപ്പോ ദിശയോ സൂചിപ്പിക്കുന്നതിന്റെ ആവശ്യത്തിലേക്കായി സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും അടയാളം നീക്കം ചെയ്യുകയോ ചെയ്താൽ,

കുറ്റസ്ഥാപനത്തിന്മേൽ അയാൾക്ക് രണ്ട് മാസം വരെയാകാവുന്ന തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

104. കുറ്റങ്ങൾ രാജിയാക്കൽ.—(1) ബോർഡോ, ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ പൊതുവായോ പ്രത്യേകമായോ ആയ ഉത്തരവ് വഴി അധികാരപ്പെടുത്തിയിട്ടുള്ള ആൾക്ക് നടപടികൾ ആരംഭിക്കുന്നതിനു മുൻപോ അതിനുശേഷമോ ഈ ആക്റ്റിനാലോ അതിൻകീഴിലോ ശിക്ഷിക്കാവുന്നതാക്കിയിട്ടുള്ള ഒരു കുറ്റം രാജിയാക്കാവുന്നതാണ്.

(2) ഒരു കുറ്റം രാജിയാക്കപ്പെടുമ്പോൾ കുറ്റവാളി കസ്റ്റഡിയിലാണെങ്കിൽ മോചിപ്പിക്കേണ്ടതും രാജിയാക്കിയ കുറ്റത്തെ സംബന്ധിച്ച് അയാൾക്കെതിരെ യാതൊരു തുടർനടപടികളും എടുക്കുവാൻ പാടില്ലാത്തുമാണ്.

105. കുറ്റങ്ങളുടെ വിചാരണ.—ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

106. ഈടാക്കുന്ന പിഴ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഫണ്ടിലേക്ക് നൽകണമെന്ന്.—ഈ ആക്റ്റിൻ കീഴിലുള്ള പ്രോസിക്യൂഷനുമായി ബന്ധപ്പെട്ട് ഈടാക്കിയിട്ടുള്ള എല്ലാ പിഴയും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, അതത് സംഗതിപോലെ, കമ്മീഷന്റെയോ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയോ വികസന അതോറിറ്റിയുടെയോ മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ഫണ്ടിലേക്ക് നൽകേണ്ടതാണ്.

107. സിവിൽ കോടതികളുടെ അധികാരതയ്ക്ക് വിലക്ക്.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, അതതു സംഗതിപോലെ, സർക്കാരോ ബോർഡോ ചീഫ് ടൗൺ പ്ലാനറോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഈ ആക്റ്റിൻ കീഴിൽ പാസാക്കുന്ന ഓരോ ഉത്തരവും അല്ലെങ്കിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശമോ നോട്ടീസോ അന്തിമമായിരിക്കുന്നതാണ്. ഈ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്റെയോ എടുത്ത ഏതെങ്കിലും നടപടിയുടെയോ നിയമസാധുതയോ ഔചിത്യമോ ചോദ്യം ചെയ്തുകൊണ്ട്, ഏതെങ്കിലും വ്യവഹാരമോ നിയമനടപടികളോ പരിഗണിക്കുന്നതിന് യാതൊരു സിവിൽ കോടതിക്കും അധികാരിതയുണ്ടായിരിക്കുന്നതല്ല.

108. പ്രവൃത്തികളുടെയും നടപടികളുടെയും സാധൂകരണം.—ഈ ആക്റ്റ് പ്രകാരം ചെയ്ത യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ എടുത്ത യാതൊരു നടപടിയും, ബോർഡിലോ ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിയിലോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയിലോ വികസന അതോറിറ്റിയിലോ ജോയിന്റ് ആസൂത്രണ കമ്മിറ്റിയിലോ മുനിസിപ്പൽ കോർപ്പറേഷനിലോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിലോ ഗ്രാമപഞ്ചായത്തിലോ അല്ലെങ്കിൽ കേരള അർബൻ ആർട്ട് കമ്മീഷനിലോ ഒരു അംഗത്തിന്റെ ഒഴിവുണ്ടെന്ന കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

109. ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അധികാരം.—(1) ബോർഡിനോ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ ഒരു പ്രമേയം വഴി, ഈ ആക്റ്റിൻ കീഴിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ അതിന് വിനിയോഗിക്കാവുന്ന ഏതെങ്കിലും അധികാരം അതിൽ അങ്ങനെയുള്ള സംഗതികളിലും അതിൽ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള നിബന്ധനകൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിന് വിധേയമായും, ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ ബോർഡിലെയോ ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെ സർക്കാരിന്റെ വികസന അതോറിറ്റിയുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) ഒരു വികസന അതോറിറ്റിക്കോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ, ഒരു പ്രമേയം വഴി, ഈ ആക്റ്റിൻ കീഴിലോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കു കീഴിലോ പ്രകാരവും, ഒരു മാസ്റ്റർ പ്ലാനോ വിശദ നഗരആസൂത്രണ പദ്ധതിയോ ലാന്റ് പൂളിംഗ് സ്കീമോ തയ്യാറാക്കുന്നതിനോ റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനോ ഉള്ള അധികാരം ഒഴികെ അതിന് വിനിയോഗിക്കാവുന്ന ഏതെങ്കിലും അധികാരം, അങ്ങനെയുള്ള സംഗതികളിലും അതിൽ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള നിബന്ധനകൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിന് വിധേയമായും, അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്കോ സർക്കാർ ഉദ്യോഗസ്ഥർക്കോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പോ (2) -ാം ഉപവകുപ്പോ പ്രകാരം സർക്കാർ ഉദ്യോഗസ്ഥന് ഏതെങ്കിലും അധികാരം ഏൽപ്പിച്ചു കൊടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ചെയ്യുവാൻ പാടുള്ളതല്ല.

110. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും പണം കടം വാങ്ങുന്നതിനുള്ള അധികാരം.—ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ വികസന അതോറിറ്റിക്കോ കാലാകാലങ്ങളിൽ, സർക്കാർ അംഗീകരിക്കാവുന്ന അങ്ങനെയുള്ള പലിശനിരക്കിലും അങ്ങനെയുള്ള കാലയളവിലേക്കും സർക്കാർ അംഗീകരിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഈ ആക്റ്റ് പ്രകാരവും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരവും അതിന് നൽകപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി ആവശ്യമുള്ളത്ര പണം 1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺസ് ആക്റ്റിലെയോ (1963-ലെ 30) അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിധേയമായി കടം വാങ്ങാവുന്നതാണ്.

111. സർക്കാരിന്റെയും കമ്മീഷന്റെയും നിയന്ത്രണം.—(1) ഈ ആക്റ്റിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി സർക്കാർ, കാലാകാലങ്ങളിൽ, പുറപ്പെടുവിക്കാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബോർഡ്, ചീഫ് ടൗൺ പ്ലാനർ, സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർമാർ, ജില്ലാ ആസൂത്രണ കമ്മിറ്റികൾ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികൾ, വികസന അതോറിറ്റികൾ, ജോയിന്റ് ആസൂത്രണ കമ്മിറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ എന്നിവർ നടപ്പാക്കേണ്ടതാണ്.

(2) ബോർഡിനോ, ഏതെങ്കിലും ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ വികസന അതോറിറ്റിക്കോ ജോയിന്റ് ആസൂത്രണ കമ്മിറ്റിക്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതുമായോ ചുമതലകൾ നിർവ്വഹിക്കുന്നതുമായോ ബന്ധപ്പെട്ട് ഏതെങ്കിലും തർക്കത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള തർക്കങ്ങളിൻ മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) സർക്കാർ, ജില്ലാ ആസൂത്രണ കമ്മിറ്റികളെയും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളെയും ജോയിന്റ് ആസൂത്രണ കമ്മിറ്റികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അവർ തയ്യാറാക്കുന്ന പ്ലാനുകൾക്ക് വേണ്ട വിവരങ്ങൾ നൽകിയും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയും അതുപോലുള്ളവ നൽകിയും സഹായിക്കേണ്ടതാണ്.

112. ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മൂഖേന, ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലോ റെഗുലേഷനിലോ അതിന്റെ ലംഘനത്തിന് പതിനായിരം രൂപയിൽ കവിയാത്ത പിഴയും, തുടർന്നുള്ള ലംഘനത്തിന്റെ സംഗതിയിൽ, ആദ്യ കുറ്റ സ്ഥാപനത്തിന് ശേഷം തുടർന്നുവരുന്ന ലംഘനത്തിന്റെ ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റിൻകീഴിൽ മാപ്പുകളുടെയും റിപ്പോർട്ടുകളുടെയും പിൻബലത്തോടു കൂടി ഭൂമിയുടെ വിനിയോഗവും അതിന്റെ വികസനവും ഒരു പ്ലാനിൽ നടത്തേണ്ട രീതിയും പുറപ്പെടുവിക്കേണ്ട വിജ്ഞാപനങ്ങളും ഈ ആക്റ്റിൻ കീഴിലുള്ള ഒരു പ്ലാൻ തയ്യാറാക്കുന്നതിലും അനുമതി നൽകുന്നതിലും തുടർന്നുള്ള പുനരവലോകനത്തിനും പുതുക്കലിനും റദ്ദാക്കലിനും അനുവർത്തിക്കേണ്ട നടപടിക്രമവും;

(ബി) 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ ബോർഡ് നിർവ്വഹിക്കേണ്ട ചുമതലകൾ;

(സി) ബോർഡിലെയും വികസന അതോറിറ്റിയിലെയും അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധി, സേവനനിബന്ധനകൾ, നൽകേണ്ട അലവൻസുകൾ;

(ഡി) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരവും 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും 25-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും കരട് ദീർഘവീക്ഷണ പ്ലാനിന്റെയും 36-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാനിന്റെയും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് വിജ്ഞാപനം ചെയ്യേണ്ട രീതി;

(ഇ) നഗര-ഗ്രാമാസൂത്രണ വകുപ്പിലെയും വികസന അതോറിറ്റിയിലെയും ഉദ്യോഗസ്ഥരുടെയും സ്റ്റാഫിന്റെയും സേവനനിബന്ധനകളും ഉപാധികളും;

(എഫ്) ജോയിന്റ് ആസൂത്രണ കമ്മിറ്റികളുടെ യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമം;

(ജി) വികസന അതോറിറ്റിയിലെ സ്റ്റാഫിന്റെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും;

(എച്ച്) വർക്കിംഗ് ഗ്രൂപ്പുകൾ ഏതു രീതിയിലാണ് രൂപീകരിക്കാവുന്നതെന്ന്;

(ഐ) 63-ാം വകുപ്പ് പ്രകാരം ഇടക്കാല വികസന ഉത്തരവ് വഴി ഏത് കാര്യങ്ങളെ സംബന്ധിച്ച് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തടയുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതെന്ന്;

(ജെ) മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ നഗരപഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറി ഭൂമിയുടെ വികസനത്തിനോ ഉപയോഗത്തിലുള്ള മാറ്റത്തിനോ വേണ്ടി അനുവാദം നൽകുന്ന രീതി;

(കെ) ഭൂവികസനത്തിനുള്ള അനുവാദത്തിനായുള്ള അപേക്ഷാഫാറവും അതിൽ അടങ്ങിയിരിക്കേണ്ട വിശദാംശങ്ങളും അങ്ങനെയുള്ള ഫാറങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ട രേഖകളും ഫീസും പ്ലാനുകളും;

(എൽ) നിബന്ധനകൾക്ക് വിധേയമായി ഭൂവികസനത്തിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവും വാദം നിരസിക്കലും അപേക്ഷകനെ അറിയിക്കുന്ന രീതി;

(എം) കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയോ സംഗതിയിൽ, മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ നഗര പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിക്ക് നൽകേണ്ട ഭൂവികസനം നടപ്പിലാക്കുവാനുള്ള അറിയിപ്പിനോടൊപ്പം ഉണ്ടായിരിക്കേണ്ട രേഖകളും പ്ലാനുകളും;

(എൻ) അനുമതി ലഭിച്ച ഒരു പ്ലാനിൽ നിർബന്ധിതമായി ഏറ്റെടുക്കുന്നതിനായി മാറ്റിവെയ്ക്കപ്പെട്ടതും എന്നാൽ ഏറ്റെടുക്കുവാൻ സാധിക്കാത്തതുമായ ഭൂമിയുടെ ഉടമസ്ഥൻ, സർക്കാരോ അർദ്ധസർക്കാർ ഏജൻസിയോ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഭൂമിയിലെ അവകാശബന്ധം വാങ്ങുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ട സമയവും രീതിയും;

(ഒ) 68-ഉം 69-ഉം വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിയമിക്കേണ്ട കൂടുതൽ ഉദ്യോഗസ്ഥരും സ്റ്റാഫും;

(പി) ലാന്റ് പൂളിംഗ് സ്കീം തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും അനുമതി നൽകുകയും ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം;

(ക്യൂ) കൈമാറ്റം ചെയ്യപ്പെടാവുന്ന വികസന അവകാശം നൽകിക്കൊണ്ട് പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്ന രീതി;

(ആർ) അക്കോമഡേഷൻ റിസർവേഷൻ വഴി ഭൂമി ഏറ്റെടുക്കുന്ന രീതി;

(എസ്) വികസന ചാർജ്ജുകളുടെ നിരക്കുകൾ തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യേണ്ട രീതി;

(റ്റി) വികസന ചാർജ്ജുകൾ ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കേണ്ട ഭൂമി;

(യൂ) ചുമത്തേണ്ട യൂസർ ഫീസിന്റെ തുകയും, അത് തിട്ടപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്ന രീതിയും;

(വി) ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീസ് പിരിച്ചെടുക്കേണ്ടത് ഏതു നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണെന്ന്;

(ഡബ്ല്യൂ) ബോർഡിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട മാതൃകയും തീയതിയും;

(എക്സ്) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട മാതൃകയും അതതു സംഗതിപോലെ, അത് ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ മുമ്പാകെ സമർപ്പിക്കേണ്ടത് ഏതു ഫാറത്തിലും ഏതു ദിവസത്തിലുമാണെന്ന്;

(വൈ) കേരള അർബൻ ആർട്ട് കമ്മീഷന്റെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധി, സേവന നിബന്ധനകൾ, അവർക്ക് നൽകേണ്ട ബത്തകൾ എന്നിവ;

(ഇസഡ്) കേരള അർബൻ ആർട്ട് കമ്മീഷന്റെ യോഗത്തിനുള്ള സമയവും സ്ഥലവും അതിന്റെ ബിസിനസ്സ് നടത്തിപ്പ് സംബന്ധിച്ചുള്ള നടപടിക്രമവും;

(എഎ) കേരള അർബൻ ആർട്ട് കമ്മീഷനു വേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കേണ്ട രീതി;

(എബി) 110-ാം വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളും പണം കടം വാങ്ങാവുന്ന രീതി;

(എസി) ബോർഡ്, ജില്ലാ ആസൂത്രണ കമ്മിറ്റി, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി, വികസന അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തയ്യാറാക്കേണ്ട വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റിന്റെ മാതൃക;

(എഡി) വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന മാതൃക;

(എഇ) ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക റിപ്പോർട്ടുകൾ ഏതു മാതൃകയിലും ഏത് ദിവസത്തിനുള്ളിലും തയ്യാറാക്കണമെന്നും;

(എഎഫ്) പ്രോസിക്യൂഷനുമായി ബന്ധപ്പെട്ട് ഈടാക്കുന്ന പിഴ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഫണ്ടിലേക്ക് ഏത് രീതിയിൽ നൽകണമെന്ന്;

(എജി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതൊരു കാര്യവും.

(4) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അല്ലെങ്കിൽ റെഗുലേഷനും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനോ റെഗുലേഷനോ അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടമോ റെഗുലേഷനോ പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

113. റദ്ദാക്കലും ഒഴിവാക്കലും.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന അന്നും അതു മുതൽക്കും ടൗൺ പ്ലാനിംഗ് ആക്റ്റ്, 1108 എം.ഇ (1108 -ലെ IV-ാം ആക്റ്റ്), ദി ട്രാവൻകൂർ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്റ്റ്, 1120 (1120-ലെ XXI -ാം ആക്റ്റ്), ദി മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റ്, 1920 (1920-ലെ VII-ാം മദ്രാസ് ആക്റ്റ്), 2015-ലെ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 11-ാം നമ്പർ ഓർഡിനൻസ്) എന്നിവ റദ്ദാക്കപ്പെടുന്നതാണ്.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും,—

(i) റദ്ദാക്കപ്പെട്ട ആക്റ്റുകളിൻകീഴിൽ, പ്രസിദ്ധീകരിക്കപ്പെട്ടതും അനുമതി നൽകിയതും അല്ലെങ്കിൽ പ്രസിദ്ധീകരിക്കപ്പെട്ടതോ അനുമതി നൽകിയതോ ആയ, മാസ്റ്റർ പ്ലാനോ, വികസന പ്ലാനോ, ഉൾപ്പെടെയുള്ള, ഒരു പ്രദേശത്തിനുവേണ്ടിയുള്ള ഏതെങ്കിലും പൊതുവായ നഗരാസൂത്രണ പദ്ധതിയോ, അല്ലെങ്കിൽ ഒരു വിശദ നഗരാസൂത്രണ പദ്ധതിയോ ഈ ആക്റ്റിൻ കീഴിൽ, പ്രസിദ്ധീകരിക്കപ്പെട്ടതും അനുമതി നൽകപ്പെട്ടതും അല്ലെങ്കിൽ പ്രസിദ്ധീകരിക്കപ്പെട്ടതോ അനുമതി നൽകിയതോ ആയ, അതതു സംഗതിപോലെ, ഒരു മാസ്റ്റർ പ്ലാനോ ഒരു വിശദ നഗരാസൂത്രണ പദ്ധതിയോ ആയി കരുതപ്പെടുന്നതാണ്.

(ii) റദ്ദാക്കപ്പെട്ട നിയമങ്ങൾ പ്രകാരം നടത്തിയതും അങ്ങനെയുള്ള പ്രാരംഭത്തിൽ നിലവിലുള്ളതുമായ ഏതെങ്കിലും നിയമനമോ, ചട്ടങ്ങളോ ബൈലാകളോ റെഗുലേഷനുകളോ, ഉണ്ടാക്കിയിട്ടുള്ള ഫാറങ്ങളോ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളോ നോട്ടീസോ ഉത്തരവോ പദ്ധതിയോ നിർദ്ദേശമോ, ചുമത്തിയിട്ടുള്ള നികുതിയോ ഫീസോ പിഴയോ മറ്റു ശിക്ഷകളോ, നൽകിയിട്ടുള്ള ലൈസൻസോ അനുവാദമോ ഒഴിവാക്കലോ തയ്യാറാക്കിയിട്ടുള്ള പ്ലാനുകളോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ചുമത്തിയതോ അനുവദിച്ചതോ ആയ, അതതു സംഗതിപോലെ, ഏതെങ്കിലും നിയമനമോ ചട്ടങ്ങളോ ബൈലാകളോ, റെഗുലേഷനുകളോ വിജ്ഞാപനങ്ങളോ നോട്ടീസോ ഉത്തരവോ പദ്ധതിയോ നിർദ്ദേശമോ നികുതിയോ ഫീസോ പിഴയോ അല്ലെങ്കിൽ മറ്റു ശിക്ഷയോ ലൈസൻസോ അനുവാദമോ ഒഴിവാക്കലോ തയ്യാറാക്കിയിട്ടുള്ള പ്ലാനുകളോ, കൊണ്ട് അതിലംഘിക്കപ്പെടുന്നതുവരെയോ ഭേദഗതി ചെയ്യപ്പെടുന്നതുവരെയോ രൂപഭേദം വരുത്തുന്നതുവരെയോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ, ഉണ്ടാക്കിയതോ, പുറപ്പെടുവിച്ചതോ ചുമത്തിയതോ നൽകിയതോ എന്ന പോലെ തുടർന്നും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

(iii) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ റദ്ദാക്കപ്പെട്ട ആക്റ്റുകൾക്ക് കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി സർക്കാർ നിയമിച്ചിട്ടുള്ള നിലവിലുള്ള കമ്മിറ്റികൾ, ഈ ആക്റ്റിൻ കീഴിലുള്ള

സമാനമായ കമ്മിറ്റികൾ രൂപീകരിക്കുന്നതു വരെയോ സർക്കാർ അവയെ പിരിച്ചു വിടുന്നതു വരെയോ, ഏതാണോ ആദ്യം സംഭവിക്കുന്നത്, അതു വരെ, പ്രസ്തുത ആക്റ്റുകൾക്ക് കീഴിൽ രൂപീകരിച്ച കമ്മിറ്റികൾ എന്നതുപോലെ തുടരുന്നതാണ്.

(iv) അങ്ങനെയുള്ള പ്രാരംഭത്തിൽ സർക്കാരിനോ വികസന അതോറിറ്റികൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ സെസ്സോ ഫീസോ പിഴയോ സർചാർജ്ജോ മറ്റു തുകകളോ, റദ്ദാക്കപ്പെട്ട നിയമങ്ങൾക്ക് കീഴിൽ എടുത്ത ഏതെങ്കിലും നടപടിക്ക് ഭംഗം വരാതെ, ഈ ആക്റ്റിൻ കീഴിൽ കിട്ടേണ്ടതായ തുക എന്നതുപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഈടാക്കാവുന്നതാണ്.

(v) റദ്ദാക്കപ്പെട്ട ആക്റ്റുകൾക്ക് കീഴിൽ, ഏർപ്പെട്ടിട്ടുള്ള എല്ലാ ഉടമ്പടികളും, ഒപ്പിട്ടു പൂർത്തിയാക്കിയ കരണങ്ങളും, ഈ ആക്റ്റിൻ കീഴിൽ ഏർപ്പെട്ടിട്ടുള്ളതും ഒപ്പിട്ടു പൂർത്തിയാക്കിയതുമായി കരുതപ്പെടേണ്ടതാണ്.

(vi) അങ്ങനെയുള്ള പ്രാരംഭത്തിൽ, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ കക്ഷികളായി നിലവിലുള്ള എല്ലാ വ്യവഹാരങ്ങളിലും നിയമ നടപടികളിലും, ഈ ആക്റ്റിൻകീഴിലുള്ള തത്തുല്യ ഉദ്യോഗസ്ഥരെ പകരം ചേർക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

(vii) അങ്ങനെയുള്ള പ്രാരംഭത്തിൽ, നഗര-ഗ്രാമാസൂത്രണ വകുപ്പിൽ സേവനത്തിലുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും, ഈ ആക്റ്റിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള തത്തുല്യമായ വകുപ്പിലെ സേവനത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

(viii) അങ്ങനെയുള്ള പ്രാരംഭത്തിൽ, റദ്ദാക്കപ്പെട്ട നിയമങ്ങൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ളതും നിലവിലുള്ളതുമായ ഏതെങ്കിലും വികസന അതോറിറ്റി, ഈ ആക്റ്റിൻ കീഴിൽ രൂപീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും, സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിൻ കീഴിൽ വികസന അതോറിറ്റികൾ രൂപീകരിക്കാവുന്ന അങ്ങനെയുള്ള സമയം വരെ, അങ്ങനെയുള്ള വികസന അതോറിറ്റികൾ നിലവിലുണ്ടായിരിക്കുന്നതുമാണ്.

(3) ദി കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്, 2015 (2015-ലെ 11) റദ്ദാക്കിയിരുന്നാൽ തന്നെയും; പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും ബാധകമായിരുന്നത് 1108-ലെ ടൗൺ പ്ലാനിംഗ് ആക്റ്റ്, 1120-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ്, 1920-ലെ, മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റ്, എന്നീ ആക്റ്റുകളാണ്. പ്രസ്തുത നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മാസ്റ്റർ പ്ലാനുകളും, വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കിയിരുന്നതും അവയ്ക്ക് അനുമതി നൽകിയിരുന്നതും ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് എന്നീ ആക്റ്റുകൾ നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ കമ്മിറ്റിക്കും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും സ്ഥലപരആസൂത്രണം സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണം സംബന്ധിച്ച് ഒരു ഏകീകൃത നിയമം നിലവിലില്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ ആക്റ്റുകൾ റദ്ദ് ചെയ്തുകൊണ്ട് നഗര-ഗ്രാമാസൂത്രണത്തിനായി ഒരു ഏകീകൃത നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമായിത്തീർന്നു. സിവിൽ റിട്ട് പെറ്റീഷൻ നമ്പർ 24526/2009-I, 22857/10 F എന്നീ കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2011 ജനുവരി 9-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ 1108-ലെ ടൗൺ പ്ലാനിംഗ് ആക്റ്റിലെയും, 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റിലെയും വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും പ്രസ്താവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ സമർപ്പിച്ച റിട്ട് അപ്പീൽ പരിഗണിക്കവെ, ഇതു സംബന്ധിച്ച് ഒരു സംയോജിത നിയമനിർമ്മാണം സമയബന്ധിതമായി കൊണ്ടുവരണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ആയതിനാൽ 1108-ലെ ടൗൺ പ്ലാനിംഗ് ആക്റ്റ്, (1108-ലെ IV), 1120-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റും (1120-ലെ XXI), 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റ് (1920-ലെ VII-ാം മദ്രാസ് ആക്റ്റ്) എന്നിവ റദ്ദുചെയ്തു കൊണ്ട് ഈ ആവശ്യത്തിലേക്കായി ഒരു പുതിയ നിയമ നിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു.

സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു നിയമനിർമ്മാണം ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരേണ്ടിയിരുന്നതിനാലും 2013-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2013-ലെ 51) 2013 സെപ്റ്റംബർ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 സെപ്തംബർ 23-ാം തീയതിയിലെ 2741-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2013 ജനുവരി 3-ന് ആരംഭിച്ച് 2013 ഫെബ്രുവരി 6-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2014-ലെ 7) 2014 ഫെബ്രുവരി 10-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2014 ഫെബ്രുവരി 11-ാം തീയതിയിലെ 472-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2014 ജൂൺ 9-ന് ആരംഭിച്ച് 2014 ജൂലൈ 17-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2014-ലെ 16) 2014 ജൂലൈ 20-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2014 ജൂലൈ 20-ാം തീയതിയിലെ 1859-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2014 ഡിസംബർ 1-ന് ആരംഭിച്ച് 2014 ഡിസംബർ 18-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2015-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 3) 2015 ജനുവരി 9-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015 ജനുവരി 9-ാം തീയതിയിലെ 71-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2015 മാർച്ച് 6-ന് ആരംഭിച്ച് 2015 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2015-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 6) 2015 ഏപ്രിൽ 10-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015 ഏപ്രിൽ 10-ാം തീയതിയിലെ 817-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2015 ജൂൺ 8-ന് ആരംഭിച്ച് 2015 ജൂലൈ 30-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2015-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 11) 2015 സെപ്റ്റംബർ 18-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015 സെപ്റ്റംബർ

18-ാം തീയതിയിലെ 2117-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2015-ലെ 11-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തക ചെലവായി ഏകദേശം രണ്ടുകോടി ആറ് ലക്ഷം രൂപയും അനാവർത്തക ചെലവായി മുപ്പത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (ix)-ാം ഇനം, അതിന്റെ ഏതെങ്കിലും സാമൂഹ്യ ജീവിതത്തിന് അനിവാര്യമായ ഒരു സേവനത്തെ സേവനമായി വിജ്ഞാപനംവഴി പ്രഖ്യാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധിയും സേവനം സംബന്ധിച്ച നിബന്ധനകളും നൽകേണ്ടതായ ബത്തകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, യോഗത്തിലെ ക്വാറം ഉൾപ്പെടെ, അതിന്റെ യോഗങ്ങളിലെ നടപടിക്രമം നിർണ്ണയിക്കുന്നതിന്, സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 9-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, സംസ്ഥാനത്തിന് വേണ്ടിയുള്ള കരട് പെർസ്പെക്റ്റീവ് പ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചുള്ള നോട്ടീസ് വിജ്ഞാപനംവഴി പ്രസിദ്ധീകരിക്കുന്നതിന്, സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ഉദ്യോഗസ്ഥരെയും സ്റ്റാഫിനേയും വേതനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ജില്ലാ പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 25-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, മെട്രോപോളിറ്റൻ പ്രദേശത്തിനു വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ, തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 34-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, മാസ്റ്റർ പ്ലാനോ എക്സിക്യൂഷൻ പ്ലാനോ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 36-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, മാസ്റ്റർ പ്ലാൻ സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 41-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, ജോയിന്റ് ആസൂത്രണ കമ്മറ്റിയുടെ യോഗങ്ങളിൽ ക്വാറം ഉൾപ്പെടെ, യോഗത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നതിന്, സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 49-ാം ഖണ്ഡം, മുനിസിപ്പൽ കോർപ്പറേഷനോടോ മുനിസിപ്പൽ കൗൺസിലിനോടോ നഗരപഞ്ചായത്തിനോടോ ഗ്രാമപഞ്ചായത്തിനോടോ വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുവാനും പ്രസിദ്ധീകരിക്കുവാനും അനുമതിക്കായി സമർപ്പിക്കുവാനും വിജ്ഞാപനംവഴി ആവശ്യപ്പെടുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 54-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, വികസന അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ 55-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന്റെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 58-ാം ഖണ്ഡം, വികസന അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

15. ബില്ലിലെ 64-ാം ഖണ്ഡം (എ) ഇനം, ഭൂവികസനത്തിനായി മുനിസിപ്പൽ കോർപ്പറേഷന്റേയോ മുനിസിപ്പൽ കൗൺസിലിന്റേയോ നഗര പഞ്ചായത്തിന്റേയോ ഗ്രാമപഞ്ചായത്തിന്റേയോ, സെക്രട്ടറിയുടെ അനുമതി വാങ്ങേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

16. ബില്ലിലെ 74-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ലാന്റ് പൂളിംഗ് സ്കീം, തയ്യാറാക്കുന്നതിന്റേയും പ്രസിദ്ധീകരിക്കുന്നതിന്റേയും അനുമതി നൽകുന്നതിന്റേയും നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

17. ബില്ലിലെ 101-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

18. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോട് കൂടിയതാണ്.

മഞ്ഞളാംകുഴി അലി

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

ഖണ്ഡം 2.—ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 3.—സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണ ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 4.—സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും നൽകുവാനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 5.—സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണ ബോർഡിന് നിയമിക്കാവുന്ന കമ്മിറ്റികളെ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 6.—സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും നിർണ്ണയിക്കാ നുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 7.—സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ നിർണ്ണയിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 8.—സംസ്ഥാനത്തിനു വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 9.—സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 10.—നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ആഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും നിയമനം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 11.—ചീഫ് ടൗൺ പ്ലാനറുടെ ചുമതലകളും കർത്തവ്യങ്ങളും നിർണ്ണയിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 12.—സംസ്ഥാനത്തെ ജില്ലാ ആസൂത്രണ പ്രദേശത്തെ നിർണ്ണയിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 13.—പെർസ്പെക്റ്റീവ് പ്ലാനുകൾ തയ്യാറാക്കുന്ന വേളയിൽ ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ കമ്മിറ്റികൾക്കുളള അധികാരത്തെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 14.—സ്ഥലപരമായ ആസൂത്രണവുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 15.—ജില്ലാ ആസൂത്രണ കമ്മിറ്റികൾ ജില്ലയ്ക്കുവേണ്ടി പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതും പെർസ്പെക്റ്റീവ് പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 16.—ജില്ലകൾക്ക് വേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാനും, പ്ലാനിൽ പ്രതിപാദിക്കാവുന്ന കാര്യങ്ങളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 17.—ജില്ലയ്ക്ക് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 18.—ജില്ലയ്ക്ക് വേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 19.—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര-വാർഷിക പ്ലാനുകൾ തയ്യാറാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 20.—ഒരു മെട്രോപോളിറ്റൻ പ്രദേശത്തിന്റെ പ്രഖ്യാപനം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 21.—മെട്രോപോളിറ്റൻ പ്രദേശത്തിനു വേണ്ടിയുള്ള കരട് വികസന പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെ ചുമതലകൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 22.—സ്ഥലസംബന്ധമായ ആസൂത്രണവുമായി ബന്ധപ്പെട്ട് മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 23.—മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയും മെട്രോപോളിറ്റൻ പ്രദേശത്തിനു വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാനുകളും പെർസ്പെക്റ്റീവ് പ്ലാനുകളിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 24.—മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാനും എക്സിക്യൂഷൻ പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 25.—മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 26.</u>—മെട്രോപോളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 27.</u>—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പ്ലാനുകളും വാർഷിക പ്ലാനുകളും മെട്രോപോളിറ്റൻ പ്രദേശത്തിന്റെ പ്ലാനുകൾക്കനുസൃതമായി തയ്യാറാക്കുന്നതിനുവേണ്ടി മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 28.</u>—തദ്ദേശാസൂത്രണ പ്രദേശത്തെ നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 29.</u>—തദ്ദേശാസൂത്രണ പ്രദേശത്തിലുള്ള വ്യതിയാനങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 30.</u>—സ്ഥലപരമായ ആസൂത്രണവുമായി ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയുടെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 31.</u>—സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 32.</u>—സ്പെഷ്യൽ കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 33.</u>—നഗര-ഗ്രാമാസൂത്രണ വകുപ്പിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകളെയും കർത്തവ്യങ്ങളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 34.</u>—മാസ്റ്റർ പ്ലാനിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 35.</u>—എക്സിക്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്താവുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 36.</u>—മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>ഖണ്ഡം 37.</u>—എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അതിന് അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 38.—പ്രസിദ്ധീകരിക്കപ്പെട്ടതും എന്നാൽ നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ അനുമതി നൽകാത്തതുമായ മാസ്റ്റർ പ്ലാനുകളുടെ നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 39.—ചില സംഗതികളിൽ മുനിസിപ്പൽ കോർപ്പറേഷനോ, മുനിസിപ്പൽ കൗൺസിലിനോ, ടൗൺ പഞ്ചായത്തിനോ, ഗ്രാമപഞ്ചായത്തിനോ അനിവാര്യമായപക്ഷം മാസ്റ്റർ പ്ലാനുകൾ ഉണ്ടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 40.—ഒരു ജോയിന്റ് ആസൂത്രണ പ്രദേശത്തെക്കുറിച്ച് നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 41.—ജോയിന്റ് ആസൂത്രണ കമ്മിറ്റിയും ജോയിന്റ് ആസൂത്രണ പ്രദേശത്തിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാനും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 42.—ജോയിന്റ് ആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 43.—ജോയിന്റ് കമ്മിറ്റിയുടെ ഘടകങ്ങളുടെ ചുമതലകൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 44.—വിശദ നഗരാസൂത്രണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയ്ക്കുള്ള അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 45.—ഒരു വിശദ നഗരാസൂത്രണ പദ്ധതിയിൽ കൈകാര്യം ചെയ്യാവുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 46.—വിശദ നഗരാസൂത്രണ പദ്ധതിയുടെ തയ്യാറാക്കലിനും പ്രസിദ്ധീകരണത്തിനും അനുമതി നൽകലിനുമുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 47.—ഉപദേശകരെ ഏർപ്പെടുത്തുന്നതിനും ചുമതല ഏൽപ്പിച്ചിട്ടുള്ള ഏജൻസികൾ സ്ഥാപിക്കുന്നതിനും ഉള്ള അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 48.—പ്രസിദ്ധീകരിച്ചിട്ടുള്ളതും എന്നാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ അംഗീകരിച്ചിട്ടില്ലാത്തതുമായ വിശദ നഗരാസൂത്രണ പദ്ധതികളുടെ നടപടിക്രമം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 49.—ചില സാഹചര്യങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, നഗരപഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് വിശദ നഗരാസൂത്രണ പദ്ധതി ആവശ്യമായി ഉണ്ടാക്കേണ്ടതുണ്ട് എന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 50.—ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പ്ലാനുകളുടെ പുനഃപരിശോധന, പുതുക്കൽ, വ്യതിയാനം വരുത്തൽ പിൻവലിക്കൽ എന്നിവ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 51.—വികസന അതോറിറ്റിയുടെ രൂപീകരണം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 52.—വികസന അതോറിറ്റിയുടെ ചെയർമാൻ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 53.—വികസന അതോറിറ്റിയുടെ ഘടന വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 54.—ജനറൽ കൗൺസിൽ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 55.—എക്സിക്യൂട്ടീവ് കമ്മിറ്റി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 56.—വികസന അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 57.—മെമ്പർ സെക്രട്ടറിയുടെ ചുമതലകൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 58.—വികസന അതോറിറ്റിയുടെ സ്റ്റാഫ് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 59.—വികസന അതോറിറ്റിയുടെ സ്റ്റാഫ്, ആസ്തികൾ, ബാദ്ധ്യതകൾ എന്നിവയുടെ കൈമാറ്റം എന്നിവ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 60.—ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി മുതലായവയുടെ ചുമതലകളും അധികാരങ്ങളും നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 61.—ഭൂമിയുടെ ഉപയോഗവും വികസനവും ഈ ആക്റ്റിൻ കീഴിലുള്ള മാസ്റ്റർ പ്ലാനുകൾക്കും വിശദ നഗരാസൂത്രണ പദ്ധതികൾക്കും അനുസൃതമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 62.—പ്ലാൻ പ്രവർത്തനത്തിൽവരുന്ന തീയതി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 63.—ഇടക്കാല വികസന ഉത്തരവുകളും പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിച്ച് വിജ്ഞാപനം ചെയ്തതിനു ശേഷമുള്ള നിയന്ത്രണങ്ങളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 64.—ഭൂവികസന പെർമിറ്റിനെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 65.—ഭൂവികസന പെർമിറ്റിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 66.—വികസനപെർമിറ്റ് റദ്ദാക്കുന്നതിനോ രൂപഭേദം വരുത്തുന്നതിനോ ഉള്ള അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 67.—ചില സംഗതികളിൽ പദ്ധതികളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചുമതലകളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 68.—അനധികൃത വികസനം നിർത്തിവയ്ക്കാനോ നീക്കം ചെയ്യാനോ ആവശ്യപ്പെടുക, പിഴ ചുമത്തുക മുതലായവയ്ക്കുള്ള അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 69.—താൽക്കാലിക സ്വഭാവത്തിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കൽ അല്ലെങ്കിൽ നീക്കം ചെയ്യൽ എന്നിവയ്ക്കുള്ള അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 70.—ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റിക്ക് വ്യവസ്ഥകളുടെ ബാധകത വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 71.—ലാന്റ് പൂളിംഗ് സ്കീമുകൾ തയ്യാറാക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയ്ക്കുള്ള അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 72.—ലാന്റ് പൂളിംഗ് സ്കീമിന്റെ ഉള്ളടക്കത്തെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 73.—പ്രാഥമികപ്ലോട്ടുകളെ അന്തിമപ്ലോട്ടുകളായി പുനർരൂപീകരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 74.—ലാന്റ് പൂളിംഗ് സ്കീം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുവാദം നൽകലിനുമായി ബന്ധപ്പെട്ടിട്ടുള്ള നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 75.—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ബില്ലിൻ കീഴിലുള്ള പദ്ധതികളെ, വാർഷിക പദ്ധതികളും പഞ്ചവത്സര പദ്ധതികളും വഴി നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 76.—സർക്കാർ വകുപ്പുകളും മറ്റ് അധികാരസ്ഥാനങ്ങളും പദ്ധതികൾക്ക് രൂപം നൽകുമ്പോൾ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയ പ്ലാനുകൾ പരിഗണിക്കേണ്ട താണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 77.—നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ ആക്റ്റിൻകീഴിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 78.—പ്ലാനുകൾ നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 79.—സർക്കാർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 80.—കൈമാറ്റം ചെയ്യപ്പെടാവുന്ന വികസന അവകാശം നൽകിക്കൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 81.—അക്കോമഡേഷൻ റിസർവേഷൻവഴി ഭൂമിയും നിർമ്മിത സ്ഥലവും ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 82.—ഒരു പ്ലാനിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന തിന്റെ ആവശ്യത്തിലേക്കായി, സ്വകാര്യ മേഖലയിലെയോ സംയുക്ത മേഖലയിലെയോ പ്രമോട്ടർമാർ നടത്തുന്ന വികസന ജോലികളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 83.—വികസന ചെലവുകളുടെ ചുമത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമ ങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 84.—വികസന ചെലവുകൾ ചുമത്തുന്നതിന്മേലുള്ള അപ്പീലിനെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 85.—ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ നൽകുന്ന പ്രയോജനങ്ങളുടെയോ സൗജന്യങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ സൗകര്യങ്ങളുടെയോ പരിപാലനത്തിനുള്ള ചെലവും മൂലധനചെലവും പൂർണ്ണമായോ ഭാഗികമായോ ഈടാക്കുന്നതിനായി, യൂസർ ഫീ എന്ന പേരിൽ ഒരു ഫീസ് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 86.—കേരള അർബൻ ആർട്ട് കമ്മീഷന്റെ രൂപീകരണത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 87.—കേരള അർബൻ ആർട്ട് കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്ന തിനുവേണ്ടി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 88.—കേരള അർബൻ ആർട്ട് കമ്മീഷനിൽ പ്രത്യേക ക്ഷണിതാക്കളെ ഉൾപ്പെടുത്തുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 89.—കേരള അർബൻ ആർട്ട് കമ്മീഷനിൽ സബ് കമ്മിറ്റികളെ നിയമിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 90.—കേരള അർബൻ ആർട്ട് കമ്മീഷന്റെ സാങ്കേതിക സെക്രട്ടേറിയറ്റിനെക്കുറിച്ചും ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള കൂടുതൽ ഉദ്യോഗസ്ഥരെയും, മറ്റ് ജീവനക്കാരെയും പ്രസ്തുത സാങ്കേതിക സെക്രട്ടേറിയറ്റിൽ നിയമിക്കുന്നതിനുവേണ്ടിയും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 91.—കേരള അർബൻ ആർട്ട് കമ്മീഷന്റെ ചുമതലകൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 92.—കേരള അർബൻ ആർട്ട് കമ്മീഷന് സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 93.—കേരള അർബൻ ആർട്ട് കമ്മീഷന്റെ യോഗങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 94.—കേരള അർബൻ ആർട്ട് കമ്മീഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഒരു പ്രത്യേക നിധി രൂപീകരിക്കുന്നത് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 95.—സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെയും കേരള അർബൻ ആർട്ട് കമ്മീഷന്റെയും അനൗദ്യോഗിക അംഗങ്ങളെ നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 96.—റെഗുലേഷൻ ഉണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരത്തെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 97.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒരു ആസൂത്രണ വികസനനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 98.—ബോർഡിനും ജില്ലാ ആസൂത്രണ കമ്മിറ്റിക്കും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 99.—ആസൂത്രണ വികസന ഫണ്ടുകളിലെയും മറ്റ് ഫണ്ടുകളിലെയും മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ മുതലായവയുടെയും സംഭാവനകൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 100.—അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനു വേണ്ടി ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റു രേഖകളും വച്ചുപോരേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 101.—വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതിനെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 102.—ഏതെങ്കിലും പ്ലാനുകൾ തയ്യാറാക്കുന്നതിനോ നടപ്പിലാക്കുന്നതിനോ വേണ്ടി ഏതൊരു വസ്തുവിലും പ്രവേശനത്തിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 103.—കമ്മീഷൻ ഈ ആക്റ്റിൻ കീഴിലുള്ള എന്തെങ്കിലും കാര്യമോ കർത്തവ്യമോ നിർവ്വഹിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുമ്പോൾ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷകൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 104.—കുറ്റങ്ങൾ രാജിയാക്കുമ്പോഴുള്ള നടപടികളെക്കുറിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 105.—ഈ ആക്റ്റിൻ കീഴിൽ ശിക്ഷയ്ക്ക് വിധേയമായ ഒരു കുറ്റം ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള ഒരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 106.—ഈ ആക്റ്റിൻ കീഴിലുള്ള പ്രോസിക്യൂഷനുമായി ബന്ധപ്പെട്ട് ഈടാക്കിയിട്ടുള്ള എല്ലാ പിഴയും ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഫണ്ടിലേക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 107.—ഈ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്റെയോ എടുത്ത ഏതെങ്കിലും നടപടിയുടേയോ നിയമസാധുതയോ ഔചിത്യമോ ചോദ്യം ചെയ്തു കൊണ്ട്, ഏതെങ്കിലും വ്യവഹാരമോ നിയമനടപടികളോ എടുക്കുന്നതിന്, യാതൊരു സിവിൽ കോടതിക്കും അധികാരിതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 108.—ഈ ആക്റ്റ് പ്രകാരം ചെയ്ത പ്രവൃത്തികളുടെയും നടപടികളുടേയും സാധുകരണം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 109.—ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 110.—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും പണം വായ്പ വാങ്ങുന്നതിനുള്ള അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 111.—സർക്കാരിന്റെ നിയന്ത്രണം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 112.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന് ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കാനുള്ള അധികാരം വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 113.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ ടൗൺ പ്ലാനിംഗ് ആക്റ്റ്, 1108 (1108-ലെ IV), ദി ട്രാവൻകൂർ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്റ്റ്, 1120 (1120 ലെ XXI), ദി മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റ്, 1920 (1920-ലെ VII-ാം മദ്രാസ് ആക്റ്റ്), ദി കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്, 2015 (2015-ലെ 11) എന്നിവ റദ്ദാക്കപ്പെടുന്നതിനും കൂടാതെ അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ആക്റ്റുകൾ പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ചതും അനുമതി ലഭിച്ചതും പ്രാബല്യത്തിലുള്ളതുമായ പ്ലാനുകളും, മറ്റ് പ്രത്യേകം പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളുടെയും സാധുത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

---